fmpb

# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 16 ലക്കം 3 മാർച്ച് 2026



..."എന്നെ അനുഗമിക്ക" എന്നു അവനോടു പറഞ്ഞു;
അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു
മത്തായി. 9:9

# അനുഗമിക്കുവാനായി വിളിക്കപ്പെട്ടു

# ആമുഖം ...



## ഉയരത്തിൽ പറക്കുക

ഒരു വേട്ടക്കാരനു ഒരിക്കൽ ഒരു കഴുകന്റെ മുട്ട പർവ്വതത്തിൽ നിന്നു ലഭിച്ചു. അയാൾ അതു കോഴി മുട്ടയുടെ കൂടെ അട വെച്ചു. മുട്ടകൾ വിരിഞ്ഞു കോഴിക്കുഞ്ഞുങ്ങൾ വെളിയിൽ വന്നു അമ്മ കോഴിയുടെ പിന്നാലെ നടന്നു മണ്ണിൽ ചികഞ്ഞു പ്രാണികളെ കൊത്തി തിന്നു. അവയുടെ കൂടെ കഴുകന്റെ കുഞ്ഞും നടന്നു. കോഴിയെ തന്റെ അമ്മയായി കരുതി അതിന്റെ പിന്നാലെ മറ്റു കുഞ്ഞു കോഴികളുടെ കൂടെ നടന്നു. എന്നാൽ അതിന്റെ ഉള്ളിൽ എന്തോ വ്യത്യസ്തമായി അനുഭവപ്പെട്ടു. ഒരു ദിവസം അത് ഉയരത്തിലേക്കു നോക്കിയപ്പോൾ ശക്തനായ കഴുകൻ ഉയരത്തിൽ ആകാശത്തെ കീറി മുറിച്ചു സ്വതന്ത്രമായി പാറി പറക്കുന്നതു കണ്ടു. അതു കൂടെയുള്ള കോഴിക്കുഞ്ഞുങ്ങളോടു അതിനെ കുറിച്ചു ചോദിച്ചു. അവ ഇങ്ങനെ മറുപടി പറഞ്ഞു, 'അങ്ങനെ ചിന്തിക്കുക പോലുമരുത്, നിനക്കു ഒരിക്കലും ആ കഴുകനെ പോലെ ആകുവാൻ കഴികയില്ല'. ഉയരത്തിൽ പറക്കുക എന്ന ആഗ്രഹം ജന്മന അതിന്റെ ഉള്ളിൽ ഉണ്ട്.

അത് കഴുകന്റെ മുട്ടയായിരുന്നെന്ന് വേട്ടക്കാരൻ തിരിച്ചറിഞ്ഞു. അവൻ ആ കുഞ്ഞ് കഴുകനെ പർവ്വതത്തിന്റെ മുകളിൽ കൊണ്ടു വിട്ടു. മറ്റു കഴുകൻമാരെ നോക്കി ഇതു പറക്കുവാൻ പഠിച്ചു. അങ്ങനെ അതു രാജകീയമായി ഉയരങ്ങളിൽ പറക്കുവാൻ തുടങ്ങി.

ഈ നാളുകളിൽ അനേക ആളുകൾ സിനിമ, രാഷ്ട്രീയം, സ്പോർട്സ് മേഖലകളിലെ പ്രസിദ്ധരായവരെ അനുഗമിക്കുന്നവരാണ്. കഴുകൻ കുഞ്ഞിനെ പോലെ നാം ആരെ പിൻപറ്റുമോ അവരെ പോലെ ആകും. എന്നാൽ ആ കഴുകൻ കുഞ്ഞ് തന്റെ ശരിയായ വ്യക്തിത്വം തിരിച്ചറിഞ്ഞപ്പോൾ കഴുകനെ പിന്തുടരുവാൻ തടുങ്ങി. അങ്ങനെ അത് ലക്ഷ്യമുള്ള പുതു ജീവിതത്തിന്റെ ഉടമയായി.

അനുഗമിക്കുന്നതിനായുള്ള വിളി: **മത്തായി 9:9** യേശു മത്തായിയെ വിളിച്ചു: എന്നെ അനുഗമിക്ക. മത്തായി ചുങ്കം പിരിക്കുന്ന ജോലി ഉപേക്ഷിച്ചു തനിക്കുണ്ടാകുന്ന നഷ്ടത്തെ പരിഗണിക്കാതെ ഉടൻ കർത്താവിനെ അനുഗമിച്ചു. ലൂക്കോസ് 5: 11 ൽ മുക്കുവർ എല്ലാം വിട്ടു യേശുവിനെ അനുഗമിച്ചു.

വിളിയുടെ ഉദ്ദേശം: **തന്നോടു കൂടെ ഇരിപ്പാൻ** - മർക്കൊസ് 3:14; **അവന്റെ ജീവിതത്തിൽ നിന്നു പഠിക്കുവാൻ** - യോഹ. 13; **അവന്റെ ശുശ്രൂഷ ചെയ്യുവാൻ** - മത്തായി 4:19. അവർ ഇനിമേൽ ചുങ്കക്കാരനെന്നോ മുക്കുവരെന്നോ അറിയപ്പെട്ടില്ല. കർത്താവ് അവർക്കു പുതിയ വ്യക്തിത്വവും ഉന്നത ലക്ഷ്യവും നൽകി - മനുഷ്യരെ പിടിക്കുന്നവരാകും.

താഴെ പറയുന്നതു കർത്താവ് പ്രതീക്ഷിക്കുന്നു: **വിശ്വസ്തരായി പിന്തുടരുക** - ആവ.1:36; **അവന്റെ കല്പനകളോടു അനുസരണം കാണിക്കുക** - ലേവ്യ.18:4; **സ്വയം ത്യജിക്കുകയും ദിനംതോറും സമർപ്പിക്കുക** - ലൂക്കോ.9:23. കരത്താവിനെ അനുഗമിക്കുന്നതു സാധാരണമല്ല അതിനു പ്രതിബദ്ധത, അനുസരണം, ത്യാഗം ആവശ്യമാണ്.

അനുഗമിക്കുന്നവർക്കുള്ള പ്രതിഫലം: ആദ്യം ശിഷ്യന്മാർ പോലും ചിന്തിച്ചു ഞങ്ങൾക്കു എന്തു കിട്ടും? (മത്തായി.19:27). എന്നാൽ നമ്മുടെ ത്യാഗത്തെ മറക്കുവാൻ കർത്താവ് അനിതിയുള്ളവനല്ല.

പഴയ നിയമത്തിൽ: ● യോശുവ കർത്താവിനെ പൂർണ്ണഹൃദയത്തോടെ അനുഗമിച്ചു., അവൻ കാൽ കുത്തിയ ദേശം ദൈവം അവനു നൽകാമെന്നു വാഗ്ദത്തം ചെയ്തു. (ആവ.1:36; സംഖ്യാ. 14:24)

പുതിയ നിയമത്തിൽ: ● ശിഷ്യന്മാർക്ക് സിംഹാസനങ്ങളും നിത്യജീവനും വാഗ്ദത്തം നൽകി (മത്താ.19:27-29) ● യേശു പറഞ്ഞു, എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും (യോഹ.8:12).

വിശ്വസ്തതയോടെ കർത്താവിനെ അനുഗമിച്ച നമ്മുടെ മുതിർന്ന മിഷനറിമാർ രാജ്യത്ത് ചലനം സൃഷ്ടിച്ചു നിലനിൽക്കുന്ന ഫലം പുറപ്പെടുവിക്കയും ചെയ്യുന്ന ഉപകരണങ്ങളായി തീർന്നു.

ഇന്നു നാം രജത ജൂബിലിയും സുവർണ്ണ ജൂബിലിയും ഒക്കെ ആഘോഷിക്കുമ്പോൾ കർത്താവിനെ അനുഗമിച്ച വിശ്വസ്തരായ ദൈവവേലക്കാരെ ഓർത്തു പൂർണ്ണ ഹൃദയത്തോടെ അവരെ പിന്തുടരണം.

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു അവരോടു പറഞ്ഞു"

– മത്തായി. 4:19

"കർത്തവായ യേശുക്രിസ്തുവിനെ പൂർണ്ണമായി പിന്തുടരണമെങ്കിൽ അവനു വിരുദ്ധമായതെല്ലാം ഞാൻ ഉപേക്ഷിക്കണം."

– എ ഡബ്ല്യു ടോസർ

"... എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു."

– യോഹന്നാൻ. 10:26-27

"യേശുവിനെ അനുഗമിക്കുക എന്നാൽ അവന്റെ സ്വപ്നങ്ങൾ ഏറ്റെടുത്തു അതിനുവേണ്ടി പ്രവർത്തിക്കുക എന്നാകുന്നു. "

– സ്കോട്ട് മാക്നൈറ്റ്

"ക്രിസ്തുവിനെ അനുഗമിക്കുവാനും ക്രൂശോളം എല്ലാ ചെയ്യുവാനും തയ്യാറാകുന്നില്ലെങ്കിൽ നിങ്ങൾക്കു അവന്റെ ദാസനായിരിക്കുവാൻ കഴിയില്ല. "

– ചാൾസ് സ്പർജിയൻ

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സ്വനം

ജനറൽ സെക്രട്ടറി
**വിജയ് പ്രസന്ന ഐസക്**

*Publisher & Editor*
**S. ജോൺ ബർലിൻ**

SUBSCRIPTION
Annual - Rs.100
Life - Rs.1500

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

# ജനറൽ സെക്രട്ടറിയുടെ കത്ത്...



കർത്താവിന്റെ വേലയിൽ പ്രിയപ്പെട്ട സഹപ്രവർത്തകരെ,

നമ്മുടെ വിശ്വാസത്തിന്റെ കാതലായ ഭാഗത്ത് ഒരു പ്രസ്ഥാനമോ, ഒരു ഘടനയോ ഒരു തന്ത്രം പോലുമോ അല്ല മറിച്ച് ഒരു ആഹ്വാനമാണ്. കൗൺസിലുകളും, സമ്മേളനങ്ങളും ജൂബിലികളും കൂടിയാലോചനകളും ഒക്കെ ഉണ്ടാകുന്നതിനു മുമ്പ് ഗലീലിയുടെ തീരത്ത് മുഴങ്ങി കേൾക്കുന്ന ഒരു ശബ്ദമുണ്ടായിരുന്നു, "എന്നെ അനുഗമിക്കുക". ക്രിസ്തുമതം ഒരു സംഘടനയായിട്ടല്ല തുടങ്ങിയത് മറിച്ച് അതൊരു ക്ഷണമായിട്ടാണ് തുടങ്ങിയത്. ആ അസാധാരണമായ വിളിക്കു സാധാരണക്കാരായ സ്ത്രീ പുരുഷന്മാർ പ്രതികരിച്ചതിനാലാണ് ഇന്ന് സഭ നിലനിൽക്കുന്നത്. നമ്മുടെ മിഷൻ മേഖലകളിലുടനീളമുള്ള നാഴികക്കല്ലുകളും ഒത്തു ചേരലുകളും ആഘോഷങ്ങളുമൊക്കെ ഓർക്കുമ്പോൾ നാം ഈ അടിസ്ഥാന സത്യത്തിലേക്കു മടങ്ങണം: നേതാക്കളാകുന്നതിനു മുമ്പ് നാം അനുയായികളായിരുന്നു, ഡയറക്ടറന്മാരാകുന്നതിനു മുമ്പ് നാം ശിഷ്യന്മാരായിരുന്നു, ഭരണാധികാരികൾ ആകുന്നതിനു മുമ്പ് നാം സേവകരായിരുന്നു. നാം ബാഹ്യമായി ആഘോഷിക്കുന്നതെല്ലാം ക്രിസ്തുവിനോടുള്ള നമ്മുടെ ആന്തരിക അനുസരണത്തിൽ വേരൂന്നിയതായിരിക്കണം.

യേശുവിനെ അനുഗമിക്കുവാനുള്ള ആഹ്വാനം ഒന്നാമതായി ദൈവകൃപയുടെ ഒരു പ്രവൃത്തിയാണ്. ശിഷ്യന്മാർ സ്വയം യോഗ്യരായിരുന്നവരല്ല, അവർ തിരഞ്ഞെടുക്കപ്പെട്ടവരാണ്. വല വീശുന്ന മുക്കുവനെയും ചുങ്ക സ്ഥലത്തിരുന്നു ചുങ്കം പിരിക്കുന്നവനെയും നിത്യ ലക്ഷ്യത്തിലേക്കു ദൈവം വിളിച്ചു വരുത്തി. "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു" (യോഹ.15:16). ഈ വാക്കുകൾ അഹങ്കാരത്തെ തകർക്കുകയും നമ്മെ കൃതജ്ഞതയിൽ ഉറപ്പിക്കയും ചെയ്യും. നമ്മുടെ റീജിയനുകളിലും സംസ്ഥാനങ്ങളിലും ഉടനീളമുള്ള നമ്മുടെ ശുശ്രൂഷകൾ, വികസിച്ചുകൊണ്ടിരിക്കുന്ന ഇടപെടലുകൾ, ചരിത്രപരമായ ആഘോഷങ്ങൾ പോലും മനുഷ്യ വൈഭവത്തിന്റെയല്ല, മറിച്ച് ദൈവീക കാരുണ്യത്തിന്റെ സാക്ഷ്യമാണ്. ത്രീയേക ദൈവത്തിന്റെ ഹൃദയത്തിലാണ് ദൗത്യം ഉത്ഭവിക്കുന്നത്, പിതാവ് പുത്രനെ അയയ്ക്കുന്നു, പുത്രൻ ആത്മാവിനെ അയയ്ക്കുന്നു, ആത്മാവ് സഭയെ ശക്തിപ്പെടുത്തുന്നു. നാം യേശുവിനെ അനുഗമിക്കുമ്പോൾ ഈ ശാശ്വതമായ വീണ്ടെടുപ്പിൻ പദ്ധതിയിൽ നാമും അണി ചേരുകയാണ്. അതുകൊണ്ട് നമ്മുടെ പ്രവൃത്തി കേവലം സംഘടനാപരമായ വളർച്ചക്കായിട്ടുള്ളതല്ല, ദൈവത്തിന്റെ വികസിത ലക്ഷ്യത്തിലുള്ള പങ്കാളിത്തമാണ്.

ക്രിസ്തുവിനെ അനുഗമിക്കുന്നതിനുള്ള ആഹ്വാനം അസ്വസ്തതയുളവാക്കുന്നതാണ്. എന്നെ അനുഗമിക്കുക എന്നു യേശു പറഞ്ഞപ്പോൾ വല പിന്നിൽ ഉപേക്ഷിക്കുന്നതോടു

ചേർന്നു പരിചിതമായ സുരക്ഷിത മാർഗ്ഗങ്ങളും ഉപേക്ഷിക്കുകയാണ്. അവനെ അനുഗമിക്കുന്നതിലൂടെ മുൻഗണനകളെ പുനർക്രമീകരിക്കുന്നു. തൊഴിലിനു മുകളിലാണ് ക്രിസ്തു, സുരക്ഷിതത്വത്തിനു മുകളിലാണ് ദൈവരാജ്യം, സൗകര്യങ്ങൾക്കു മുകളിലാണ് അനുസരണം. ജനുവരി 24 മുതൽ 26 വരെ ഗുജറാത്തിലെ സുവർണ്ണ ജൂബിലി ആഘോഷങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഈ സത്യം ആഴത്തിൽ പ്രതിധ്വനിക്കും. ക്രിസ്തുവിന്റെ വിളിക്കു ധൈര്യത്തോടും സ്ഥിരോത്സാഹത്തോടും കൂടെ പ്രതികരിച്ചവരുടെ സാക്ഷ്യം 50 വർഷത്തെ വിശ്വസ്തതയുടെ സാക്ഷ്യമായി നിലകൊള്ളുന്നു. സി എൻ ഐ മോഡറേറ്ററായ റൈറ്റ് റവ. ഡോ. പരിതോഷ് കാനിംങ്, ഡെപ്യൂട്ടി മോഡറേറ്ററും കൽക്കത്ത മഹായിടവകയുടെ ബിഷപ്പുമായ റൈറ്റ് റവ. ഡോ. സിൽവാനസ് ക്രിസ്റ്റ്യൻ, ഗുജറാത്ത് മഹായിടവകയുടെ ബിഷപ്പ് എന്നിവരുടെ മഹനീയ സാന്നിധ്യം ഈ അവസരത്തിനു ആഴമായ ആത്മീക പ്രാധാന്യം നൽകി. അവരുടെ സാന്നിധ്യം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ വിശാലമായ ഐക്യത്തിന്റെ പ്രതീകമായിരുന്നു. നമ്മുടെ ദൗത്യം ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പിൻ പദ്ധതിയുടെ ഭാഗമാണെന്നു നമ്മെ ഓർമ്മപ്പെടുത്തി. ജൂബിലി ദീർഘായുസ്സിന്റെ ആഘോഷങ്ങൾ മാത്രമല്ല പതിറ്റാണ്ടുകളായി നിലനിൽക്കുന്ന അനുസരണത്തിന്റെ ആഘോഷങ്ങളാകുന്നു.

ദൈവത്തിന്റെ നിലനിൽക്കുന്ന കൃപയുടെ ഇരുപത്തിയഞ്ച് വർഷങ്ങൾ അടയാളപ്പെടുത്തുന്ന ഛത്തീസ്ഘട്ടിലെ ശുശ്രൂഷയുടെ രജത ജൂബിലി ആഘോഷത്തിൽ നാം അതേ നന്ദിയുടെ ആത്മാവിൽ സന്തോഷിക്കുന്നു. ഈ നാഴികക്കല്ലുകൾ എണ്ണമറ്റ പ്രാർത്ഥനകളെയും കാണാത്ത ത്യാഗങ്ങളെയും ഉറച്ച പ്രതിബദ്ധതയെയും പ്രതിനിധീകരിക്കുന്നു. ക്രിസ്തുവിന്റെ വിളിക്കു പൂർണ്ണ ഹൃദയത്തോടെ സ്ത്രീ പുരുഷന്മാർ പ്രതികരിക്കുമ്പോൾ ദൈവം അവരുടെ കരങ്ങളുടെ അധ്വാനത്തെ സ്ഥാപിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നുവെന്ന് ഇവർ സാക്ഷീകരിക്കുന്നു. നാം ഈ ചരിത്ര സ്മാരകങ്ങൾ ആഘോഷിക്കുമ്പോൾ ആദ്യകാല മിഷനറിമാരെ വിളിച്ച അതേ ശബ്ദം മുന്നോട്ടു പോകുന്നതിനായി നമ്മെയും വിളിക്കുന്നുവെന്നു നാം ഓർക്കണം.

എന്നിരുന്നാലും ക്രിസ്തുവിന്റെ വിളി പ്രവർത്തനക്ഷമമാകുന്നതിനു മുമ്പ് ആപേക്ഷികമാണ്. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു: "അവൻ തന്നോടു കൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിനു അയപ്പാനും" (മർക്കൊസ് 3:14) യേശു പന്ത്രണ്ടു അപ്പോസ്തലന്മാരെ നിയോഗിച്ചു. പ്രവർത്തിക്കുന്നതിനു മുമ്പ് കൂടെയിരിക്കുക. നിയോഗത്തിനു മുമ്പ് കൂട്ടായ്മ. അടുപ്പം പ്രതിഫലനം ഉരുവാക്കും 2026 ലെ ആസൂത്രണ സമ്മേളനം വിജയകരമായി പൂർത്തീകരിച്ച ഈ സീസണിൽ ആസൂത്രണം എപ്പോഴും പ്രാർത്ഥനയിൽ നിന്നാണ് ഉത്ഭവിക്കേണ്ടതെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. കീഴടങ്ങലില്ലാത്ത ആസൂത്രണം സ്വാശ്രയത്വമായി മാറുന്നു. നമ്മുടെ പ്രർത്തനങ്ങളെ വിലയിരുത്തുന്നതിനും ഉയർന്നു വരുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതിനും വരും വർഷങ്ങളിലേക്കുള്ള നമ്മുടെ ദിശ ക്രമീകരിക്കുന്നതിനും ഈ സമ്മേളനം വിലപ്പെട്ട അവസരം നൽകി. എന്നാൽ എല്ലാറ്റിനും ഉപരി ഇത് ഒരു ആത്മീയ ഉത്തരവാദിത്വമായിരുന്നു, ക്രിസ്തുവിന്റെ മനസ്സ് ഒരുമിച്ചു അന്വേഷിക്കുവാനുള്ള അവസരം. നമ്മുടെ ഭാവിയെ ക്കുറിച്ചുള്ള ആത്മവിശ്വാസം

നമ്മുടെ പദ്ധതിയുടെ കൃത്യതയിലല്ല, മറിച്ച് നമ്മുടെ കർത്താവിന്റെ വിശ്വസ്തതയിലാണ്.

നമ്മുടെ വികസിച്ചു കൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ പ്രകൃതിയെക്കുറിച്ചു ആഴത്തിൽ ചിന്തിക്കുന്നതിനു നേതാക്കളെയും പ്രതിനിധികളെയും മിഷൻ കൺസൽട്ടേഷനിൽ ഒരുമിച്ചു കൊണ്ടുവന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തീക സാഹചര്യത്തിൽ സങ്കീർണ്ണതകൾ വർദ്ധിക്കുകയും സംവേദന ക്ഷമത ആഴത്തിലാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ വേദപുസ്തക പ്രമണത്തിൽ ഉറച്ചു നിൽക്കുകയും സന്ദോർഭിചിതമായി ജ്ഞാനിയായിരിക്കയും വേണം. നമ്മുടെ രീതികൾ ഒരിക്കലും നമ്മുടെ സന്ദേശത്തെ മറികടക്കുന്നില്ലെന്നും നമ്മുടെ വളർച്ച ഒരിക്കലും നമ്മുടെ ശിഷ്യത്വത്തെ മറികടക്കുന്നില്ലെന്നും ഉറപ്പാക്കാനുള്ള ചിന്തനീയമായ ഇടപെടലുകളും പങ്കിട്ട പ്രതിബദ്ധതയും ഈ കൺസൽട്ടേഷന്റെ പ്രത്യേകതകൾ ആയിരുന്നു. യേശുവിനെ അനുഗമിക്കുന്നതിനു നിരന്തരമായ വിവേചനാധികാരവും വിനയവും ഐക്യവും ആവശ്യമാണെന്നു ഇത്തരം ഒത്തുചേരലുകൾ വീണ്ടും ഉറപ്പിക്കുന്നു.

എന്നിരുന്നാലും യേശുവിനെ അനുഗമിക്കുവാനുള്ള ക്ഷണം ശിഷ്യത്വത്തിന്റെ വിലയിൽ നിന്നു വേർതിരിക്കുവാനാകത്തതാണ്. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ" (ലൂക്കൊ.9:23). ക്രൂശ് ഒരു പ്രതീകാത്മക അലങ്കാരമല്ല; അത് ദൈവരാജ്യത്തിന്റെ മാതൃകയാണ്. ക്രിസ്തു തന്നെത്താൻ ഒഴിച്ചു, തന്നെത്താൻ താഴ്ത്തി, മരണത്തോളം അനുസരണമുള്ളവനായി (ഫിലി.2:5-8). ദൈവത്തിന്റെ ദൗത്യം മുന്നേറുന്നത് സ്വയം ഉയർത്തലിലൂടെയല്ല മറിച്ച് സ്വയം നിഷേധത്തിലൂടെയാണ്. നേതൃത്വത്തിലും സേവനത്തിലും സൂക്ഷ്മമായ അഹങ്കാരത്തിനും അംഗീകാരത്തിനുമായുള്ള ആഗ്രഹത്തിനുമെതിരെ നാം ജാഗ്രത പുലർത്തണം. കുരിശ് ഉദ്ദേശങ്ങളെ ശുദ്ധീകരിക്കുകയും ആധികാരികതയെ ആഴപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ ശുശ്രൂഷയുടെ ഫലപ്രാപ്തി അളക്കുന്നത് കരഘോഷത്തിലൂടെയല്ല മറിച്ച് അനുസരണത്തിലൂടെയാണ്.

ശിഷ്യത്വത്തിന്റെ വിലയിൽ സഹിഷ്ണതയും ആവശ്യപ്പെടുന്നു. ആദിമ സഭ എതിർപ്പുകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ വളർന്നു. നിരവധി കഷ്ടപ്പാടുകളിലൂടെയാണ് ദൈവരാജ്യത്തിൽ പ്രവേശിച്ചത് (പ്രവൃത്തികൾ.14:22). ഇന്നും വിശ്വസ്തതയ്ക്ക് സ്ഥിരോത്സാഹം, ധൈര്യം, അചഞ്ചലമായ ആശ്രയം എന്നിവ ആവശ്യമാണ്. എന്നിരുന്നാലും നമ്മുടെ സാക്ഷ്യം വിശ്വസ്യത നേടുന്നത് സ്ഥിരോത്സാഹത്തിലൂടെയാണ്. നമ്മുടെ കൂടിവരവുകളും നേട്ടങ്ങളും ത്യാഗപൂർണ്ണമായ സേവനത്താൽ സ്ഥാപിക്കപ്പെട്ട അടിത്തറയിലാണ് നിലകൊള്ളുന്നത്.

MCC യിൽ സംഘടിപ്പിച്ച SCAN കുടുംബ സംഗമത്തിൽ പങ്കിട്ട പ്രതിബദ്ധതയുടെ ഈ മനോഭാവം പ്രകടമായിരുന്നു. ദൗത്യം നിലനിൽക്കുന്നത് ദർശനത്തിലൂടെ മാത്രമല്ല സമൂഹത്തിലൂടെയാണ്. കുടുംബങ്ങൾ ഐക്യത്തോടെ ഒത്തു ചേരുമ്പോൾ, സാക്ഷ്യങ്ങൾ പങ്കുവെക്കുമ്പോൾ, കൂട്ടമായി പ്രാർത്ഥന അർപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരം ഒരുമിച്ചു സഞ്ചരിക്കുന്നതിന്റെ സൗന്ദര്യം നാം ആസ്വദിക്കും.

വിശുദ്ധ നോമ്പുകാലത്തിലേക്കു നാം പ്രവേശിച്ചതോടെ ഫെബ്രവരി 18 മുതൽ രാഷ്ട്രത്തിനു വേണ്ടിയുള്ള ആയിരം

മണിക്കൂർ പ്രാർത്ഥന ആരംഭിച്ചു. ദൗത്യം തന്ത്രപരമാകുന്നിനു മുമ്പ് ആത്യന്തികമായി ആത്മീകമാണെന്ന നമ്മുടെ ബോധ്യത്തെ ഈ സംരംഭം പ്രതിഫലിപ്പിക്കുന്നു. പ്രാർത്ഥന നമ്മുടെ ഹൃദയത്തെ ദൈവത്തിന്റെ ഉദ്ദേശവുമായി സമന്വയിപ്പിക്കുകയും അവനിലുള്ള നമ്മുടെ ആശ്രയത്തം പുതുക്കുകയും ചെയ്യുന്നു. നൊയമ്പ് നമ്മെ ആത്മ പരിശോധനയുടെ പാതയിലേക്കു തിരികെ വിളിക്കുന്നു. അനുതാപം, ആഴമായ സമർപ്പണം, നിരന്തരമായ മദ്ധ്യസ്ഥത എന്നിവയിലൂടെ നാം നമ്മുടെ രാജ്യത്തിനു വേണ്ടി ദൈവത്തിന്റെ കരുണയും മാർഗ്ഗനിർദ്ദേശവും തേടുന്നു. ഒരു രൂപാന്തരീകരണം സംഭവിക്കുമെന്ന വിശ്വാസത്തിൽ നമുക്കു മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കാം.

നമ്മൾ ആഘോഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ പോലും പ്രതീക്ഷയോടെ മുന്നോട്ടു നോക്കുന്നു. മാർച്ച് മാസത്തിൽ നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തകരുടെ സമ്മേളനം ആന്ധ്രപ്രദേശിലെ ശുശ്രൂഷ പ്രോഗ്രാമുകൾക്കു നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. ഇത് പതിവായുള്ള ഒരു ഇടപെടലല്ല മറിച്ച് ആത്മീക ശക്തീകരണത്തിനും ഐക്യത്തിനും പുതുക്കിയ പ്രതിബദ്ധതക്കുള്ള അവസരമാകുന്നു. ഈ ഒത്തുച്ചേരലുകൾ നമ്മുടെ കൂട്ടായ്മയെ ആഴത്തിലുള്ളതാക്കുകുയും ദർശനത്തെ മൂർച്ചയുള്ളതാക്കുകയും നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജോലിക്കു പുതുക്കിയ അഭിഷേകം പ്രാപിക്കുകയും ചെയ്യുമാറാകട്ടെ.

പ്രീയപ്പെട്ട പങ്കാളികളെ, ഈ വിളി നമ്മെ ക്ഷണിക്കുന്നു, കുരിശ് നമ്മെ ശുദ്ധീകരിക്കുന്നു, സമർപ്പണം നമ്മെ നിലനിർത്തുന്നു. യേശുവിനെ അനുഗമിക്കുക എന്നത് ഒരു ക്ഷണീക തീരുമാനമല്ല മറിച്ച് ജീവിതകാലം മുഴുവൻ ഹൃദയത്തിന്റെയും ഇച്ഛാശക്തിയുടെയും ഒരു സംയോജനമാകുന്നു. വിജയം ഒരിക്കലും സമർപ്പണത്തിനു പകരമാക്കരുത്. വികസനം ഒരിക്കലും ധ്യാനത്തിനു പകരമാക്കരുത്. ഘടനകൾ ഒരിക്കലും ആത്മീകതയെ മറയ്ക്കരുത്. ജീവിത സായഹ്നത്തിൽ പൗലൊസ് നേട്ടത്തെ കുറിച്ചല്ല സംസാരിച്ചത് പകരം ഇങ്ങനെ പ്രഖ്യാപിച്ചു "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികെച്ചു. വിശ്വാസം കാത്തു." ഇതു നമ്മുടെയും സാക്ഷ്യമായി തീരട്ടെ

ശുശ്രൂഷയുടെ പുതിയ കാലത്തിലേക്കു നാം മുന്നേറുമ്പോൾ ഈ മാറ്റമില്ലാത്ത സത്യത്തിൽ നമുക്കു ഉറച്ചു നിൽക്കാം. നാം ക്രിസ്തുവിനാൽ വിളിക്കപ്പെട്ടിരിക്കുന്നു, അവന്റെ കുരിശിനാൽ രൂപപ്പെട്ടിരിക്കുന്നു, വിശ്വസ്തമായ സമർപ്പണത്താൽ നിലനിർത്തപ്പെടുന്നു. നമ്മുടെ പ്രസ്ഥാനം അതിന്റെ വ്യാപ്തിക്കു മാത്രമല്ല, അതിന്റെ വേരുറപ്പിനും വളർച്ചക്കും മാത്രമല്ല ദൈവഭക്തിക്കും പേരുകേട്ടതാകട്ടെ. ഒരിക്കൽ മത്സ്യത്തൊഴിലാളികളെ വിളിച്ച ആ ശബ്ദം ഇന്നും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിച്ചു കൊണ്ടെയിരിക്കട്ടെ. അനുസരണത്തിലേക്കു നമ്മെ കൂടുതൽ അടുപ്പിക്കുമാറാകട്ടെ.

"കർത്താവേ ഞങ്ങൾ നിന്നെ
അനുഗമിക്കുന്നു"

ക്രിസ്തുവിന്റെ ദൗത്യത്തോടുള്ള അചഞ്ചലമായ സമർപ്പണത്തോടെ

നിങ്ങളുടെ



റവ. വിജയ് പ്രസന്ന ഐസക്ക്

# അനുഗമിക്കാനായി വിളിക്കപ്പെട്ടു

## നികുതി പിരിവുകാരൻ അപ്പൊസ്തലനായി

യേശു അവിടെ നിന്നു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു: "എന്നെ അനുഗമിക്ക" എന്നു അവനോടു പറഞ്ഞു: അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു. മത്തായി.9:9

എന്റെ കൂടെ വരിക, എന്റെ ശിഷ്യനായി തീരുക

"യേശുക്രിസ്തുവിനോടുള്ള നിങ്ങളുടെ പ്രതിബദ്ധത ഉറപ്പാക്കുക. എല്ലാ ദിവസവും അവനെ അനുഗമിക്കുവാൻ ശ്രമിക്കുക. ഈ ലോകത്തിലെ തെറ്റായ മൂല്യങ്ങളാലും ലക്ഷ്യങ്ങളാലും വശീകരിക്കപ്പെടരുത്, മറിച്ച് നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ക്രിസ്തുവിനും അവന്റെ ഹിതത്തിലും പ്രഥമ സ്ഥാനം നൽകുക" - ബില്ലി ഗ്രഹാം

യേശു ചുങ്കകാരനായ മത്തായിയെ വിളിക്കുമ്പോൾ കരുണ ന്യായവിധിയെ ജയിക്കുന്നതായി കാണാം. യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായി തീർന്ന ലേവി എന്നു അറിയപ്പെട്ടിരുന്ന മത്തായി ചുങ്കം പിരിവുകാരൻ ആയിരുന്നു. മത്തായിയുടെ സുവിശേഷത്തിന്റെ രചയിതാവും ഈ മത്തായി ആണെന്നു പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

### പശ്ചാത്തലം

വേദപുസ്തക കാലഘട്ടത്തിൽ യഹൂദന്മാർ പുച്ഛിക്കുന്ന തൊഴിലായ ചുങ്കം പിരിവ് കഫർന്നഹൂമിൽ മത്തായി ചെയ്യുകയായിരുന്നു. റോമൻ അധികാരികൾക്കു വേണ്ടി ജോലി ചെയ്തിരുന്നതിനാലും സഹയഹൂദന്മാരിൽ നിന്നു പണം തട്ടിയെടുക്കുന്നതിൽ കുപ്രസിദ്ധരായിരുന്നതിനാലും നികുതി പിരുവുകാരെ പലപ്പോഴും രാജദ്രോഹികളായി കണ്ടിരുന്നു. അവർ സാധാരണയായി സാധനങ്ങൾക്കും വരുമാനത്തിനും നികുതി പിരിച്ചിരുന്നു. പലപ്പോഴും സ്വയം സമ്പന്നരാകുന്നതിനായി കടപ്പെട്ടതിനേക്കാൾ അധികം നികുതി ആവശ്യപ്പെടുമായിരുന്നു. ദൈവീക ഉദ്ദേശത്തിനു വിരുദ്ധമായ ജീവിതം നയിച്ച മത്തായിക്കു ഒരിക്കലും യഥാർത്ഥ സമാധാനം അനുഭവിക്കുവാൻ കഴിഞ്ഞില്ല. അവന്റെ സ്വാർത്ഥ മനോഭാവം കാരണം അവനു ആരുടെയും സ്നേഹം ലഭിച്ചില്ല. എല്ലാറ്റിലും ഉപരിയായി സമൂഹം തന്നെ പാപിയെന്നു മുദ്ര കുത്തിയപ്പോൾ ദൈവം പോലും ഉപേക്ഷിച്ചതായി കരുതി.



ജനങ്ങൾ മാത്രമല്ല ദൈവവും തന്നെ തള്ളിക്കളഞ്ഞു എന്ന ചിന്തയിൽ കുറ്റബോധം തന്നെ വേദനിപ്പിച്ചു കൊണ്ടിരുന്നു.

വേദപുസ്തകത്തിൽ ദൈവീക തിരഞ്ഞെടുപ്പുകളിലെ ക്രമക്കേട് ഒരു നിയമമായി തോന്നുന്നു. ദൈവം എശാവിനെ തള്ളി യാക്കോബിനെ തിരഞ്ഞെടുക്കുമെന്നു ആർക്കു പ്രവചിക്കുവാൻ കഴിയും. ഇവിടെ ലേവി എന്ന മത്തായിയുടെ ജീവിതത്തിൽ ഈ അത്ഭുതം സംഭവിച്ചു.

മർക്കൊസിന്റെ സുവിശേഷത്തിൽ മത്തായിയുടെ യഥാർത്ഥ പേര് ലേവി (മർക്കൊസ്. 2:1417) എന്നാണെന്നു നമ്മെ പഠിപ്പിക്കുന്നു. ലേവി ഗലീലക്കാരനായ അല്ഫായിയുടെ മകനാണ്. ഗലീലിയായിലെ സാമന്ത രാജാവായ ഹെരോദാവ് അന്തിപ്പാസിന്റെ സേവകനായ നികുതി പിരിവുകാരനായിരുന്നു ലേവി. ഇതിന്റെ അർത്ഥം ലേവി ജനകീയനല്ലായിരുന്നു. ഒരു യഹൂദ നികുതി പിരിവുകാരൻ എന്ന നിലയിൽ അവനെ രാജദ്രോഹിയായി യഹൂദന്മാർ കണക്കാക്കി. യേശുവിനെ അനുഗമിക്കുവൻ അവൻ തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനല്ലെന്നു യഹൂദന്മാർ പലരും കരുതി. തീർച്ചയായും ഒരിക്കൽ യേശുവിന്റെ വിളി സ്വീകരിച്ച ലേവി പിന്നീട് മത്തായി എന്നു മാത്രമാണ് അറിയപ്പെട്ടത് അർത്ഥം "യഹോവയുടെ ദാനം".

### ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു...

മിക്ക ആളുകളും ശുശ്രൂഷയിലേക്കുള്ള വിളിയെ തെറ്റിദ്ധരിക്കപ്പെടുന്നു. ദൈവത്തിന്റെ വേലക്കായി ഉള്ള വിളിയിൽ ഭയവും തെറ്റായ പ്രതീക്ഷകളും അയഥാർത്ഥമായ മാനദണ്ഡങ്ങളും നിറഞ്ഞതാണ്. സഭാചരിത്രത്തിലുടനീളം വിളിയുടെ ലളിതമായ പ്രയോഗത്തിൽ വീഴ്ച വരുത്തുന്നത് പതിവായതിൽ അതിശയിക്കാനില്ല. ലളിതമായി പറഞ്ഞാൽ മനസ്സിലാക്കുവാനും പ്രതികരിക്കുവാനും നമുക്കു ബുദ്ധിമുട്ടാകുന്നു. നമുക്കു കത്തുന്ന മുൾപ്പടർപ്പോ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദമോ ആവശ്യമില്ല. ദൈവവിളി ആത്മീയമായിരിക്കണം. ഇത് ഒരു തൊഴിൽ തിരഞ്ഞെടുക്കുകയല്ല, ഒരു ചിന്താ പ്രക്രീയയല്ല, ഒരു കുടുംബ വ്യാപാരമല്ല, മറ്റൊന്നും ചെയ്യുവാനില്ലാത്തവർക്കുള്ള പകരമായ സംവിധാനവും അല്ല.

### അനുഗമിക്കുക...

യേശുവിനെ അനുഗമിക്കുന്നതിലൂടെ ഒരു പുതിയ സമൂഹത്തിലേക്കും സ്വതന്ത്രത്തിലേക്കും നയിക്കുന്നു. സേവനത്തിന്റെയും ക്ഷമയുടെയും ആനന്ദത്തിന്റെയും ദൈവവുമായുള്ള കൂട്ടായ്മയുടെതുമായ ഒരു ജീവിതത്തിലേക്കു ഈ വിളി നയിക്കുന്നു. ഈ വിളിയിൽ പീഢനവും സഹനവും ഉണ്ടെങ്കിലും പാപഭാരത്തിൽ നിന്നും ശിക്ഷാവിധിയെക്കുറിച്ചുള്ള ഭയത്തിൽ നിന്നും വിടുതൽ ലഭിക്കുന്നു. വേദപുസ്തകത്തിൽ **12 വ്യത്യസ്ഥ സംഭാഷണങ്ങളിലായി 21 തവണ എന്നെ അനുഗമിക്കുക** എന്ന ആഹ്വാനം കാണുവാൻ സാധിക്കും. എന്നെ അനുഗമിക്കുക എന്ന യേശുവിന്റെ കല്പന വ്യക്തിപരമാണ്, സമ്പൂർണ്ണമായ സമർപ്പണവും രൂപാന്തരപ്പെട്ട ജീവിതവും ആവശ്യപ്പെടുന്നു. ജനങ്ങളെ പഴയ പാപ വഴികളിൽ നിന്നു വലിച്ചെടുത്തു ലക്ഷ്യബോധമുള്ള പുതിയ ജീവിതത്തിൽ ആക്കുന്നു. സമൂഹം തിരസ്കരിച്ചവരെ യേശു വിളിക്കുന്നു. ആത്മീയ രോഗികളെ തേടിയാണ് യേശു വന്നത്.

### എന്തിന് അവനെ അനുഗമിക്കണം?

അവൻ പരമാധികാരിയാകുന്നു. നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തീകരിക്കുന്നവനും ആകുന്നു.

പത്രോസ് അവനോടു: ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്കു എന്തുകിട്ടും എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞതു: എന്നെ അനുഗമിച്ചിരിക്കുന്ന ... നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ

ഇരുന്നു... എന്റെ നാമം നിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരികളെയോ അപ്പനെയോ അമ്മയെയോ മക്കളെയോ നിലങ്ങളെയോ വിട്ടു കളഞ്ഞവനു എല്ലാ നൂറു മടങ്ങു ലഭിക്കും;അവൻ നിത്യജീവനെയും അവകാശമാക്കും (മത്തായി.19:27-29).

**ഒന്നാമതായി അനുഗമിക്കുക എന്നത് നമ്മുടെ ദിശ മാറ്റുന്നതിനുള്ള യേശുവിന്റെ കല്പന ആകുന്നു:**

"യേശു അവിടെ നിന്നു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്ക സ്ഥലത്തു ഇരിക്കുന്നതു കണ്ടു: എന്നെ അനുഗമിക്ക എന്നു അവനോടു പറഞ്ഞു; അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു." മത്തായി പണത്തിനു പിന്നാലെ ഓടിക്കൊണ്ടിരുന്ന ഒരു ജീവിതമാണ് നയിച്ചത്. ഇപ്പോൾ അവനോടു പണത്തിനു പിന്നാലെ പോകുന്നത് നിറുത്തിയിട്ടു തന്നെ അനുഗമിക്കുവാൻ യേശു ആവശ്യപ്പെട്ടു. അതെ നമുക്കെല്ലാവർക്കും പണം ആവശ്യമാണ്. എന്നാൽ പണം ഒരു ഉപാധി മാത്രമാണ് ലക്ഷ്യമല്ല. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം നിത്യനായ ദൈവം, യേശു മാത്രമായിരിക്കണം. ഇവിടെ നാം അനുഗമിക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് കാണുന്നു. തിരഞ്ഞെടുപ്പ് എന്നതു കൊണ്ടു ഞാൻ എന്താണ് അർത്ഥമാക്കുന്നത്? യേശുവിന്റെ പരമാധികാര തിരഞ്ഞെടുപ്പ് എന്നതാണ് അർത്ഥമാക്കുന്നത്. നാം ക്രിസ്തുവിനെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് ക്രിസ്തു നമ്മെ തിരഞ്ഞെടുത്തു. യോഹന്നാൻ 15:16 ൽ നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു എന്ന് യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടു പറയുമ്പോൾ അവരിൽ ഒരാൾ മത്തായി ആയിരുന്നു. പിതാവിനെ വെളിപ്പെടുത്തുവാൻ പുത്രൻ മത്തായിയെ തിരഞ്ഞെടുത്തു. ക്രിസ്തുവിന്റെ തിരഞ്ഞെടുപ്പ് ഒന്നാമതു വരുന്നു. ഈ കഥയിൽ ആരാണ് മുൻകൈയെടുക്കുന്നത്? അത് യേശുക്രിസ്തു ആകുന്നു. യേശു മത്തായിയുടെ അടുക്കലേക്കു വരുന്നു. അവനോടു ചേർന്നു നടക്കുന്നു. അവൻ മത്തായിയോടു സംസാരിക്കുന്നു, എന്നെ അനുഗമിക്ക, ഇവിടെ മുൻകൈയെടുക്കുന്നത് ക്രസ്തുവാകുന്നു. ഇതു തന്നെയാണ് നമ്മുടെ ജീവിതത്തിലും സംഭവിച്ചത്. നമ്മുടെ കഴിഞ്ഞ കാല ജീവിതം എന്തു തന്നെയായിരുന്നാലും ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പിനാൽ നാം തിരഞ്ഞെടുക്കപ്പെട്ടതിനാൽ അവന്റെ ശുശ്രൂഷയിൽ ആയി. ദൈവത്തിനു ഉപയോഗമുള്ള പാത്രമായി തീർന്നു. ഇതെല്ലാം ദൈവത്തിന്റെ കരുണയാണ് നമ്മുടെ യോഗ്യതയല്ല. നമ്മുടെ വിളി നമ്മുടെ സ്വന്തം നീതിയുടെ ഗുണങ്ങളെ ആശ്രയിച്ചല്ല മറിച്ച് അവന്റെ ഉദാര മനസ്കതയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശമെന്താകുന്നു? അതു യേശുവായിരിക്കണം. എന്നെ അനുഗമിക്ക എന്ന യേശുവിന്റെ ശബ്ദം നീ കേൾക്കുന്നുവെങ്കിൽ നിന്റെ ജീവിതത്തിന്റെ ഉദ്ദേശം നീ മാറ്റുന്നു. യേശുവിങ്കലേക്കു നിന്റെ ദിശ മാറ്റി ഇപ്പോൾ തന്നെ യാത്ര ആരംഭിക്കണം.

**രണ്ടാമത് അനുഗമിക്ക എന്നത് യേശുവിന്റെ ശിഷ്യനാകുന്നതിനുള്ള ആഹ്വാനമാണ്.**

"യേശു അവിടെ നിന്നു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്ക സ്ഥലത്തു ഇരിക്കുന്നതു കണ്ടു: എന്നെ അനുഗമിക്ക എന്നു അവനോടു പറഞ്ഞു; അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു." യേശു മത്തായിയെ വിളിച്ചത് തന്റെ കൂടെ നടക്കുവാനാണ്. യേശുവിനോടു ചേർന്നു ജീവിക്കുവാനാണ്. അവനിൽ നിന്നു എല്ലാ കാര്യങ്ങളും പഠിക്കുവാനാണ്. അവനെ പോലെ ആകുവാനാണ്. യേശുവിനോടൊപ്പം ചേർന്നിരിക്കുവാനും അവനിൽ നിന്ന് ദിനം പ്രതി പഠിക്കുവാനും കഴിയുന്നത് എത്ര അത്ഭുതകരമായ അനുഭവമാണ്. യേശുവിന്റെ സ്നേഹം,

ത്യാഗം, സേവനം, താഴ്മ, ശക്തി എന്നിവയിലേക്കു ആഴത്തിൽ പ്രവേശിക്കുന്നത് സത്യത്തിൽ എത്ര അതിശയകരമാണ്. അതുപോലെ നാം യേശുവിന്റെ ശബ്ദത്തെ അനുഗമിക്കുമ്പോൾ നമ്മുടെ സ്വഭാവവും ജീവിതവും ദൈവതേജസ്സിന്റെ ഫലം പുറപ്പെടുവിക്കുവാൻ തുടങ്ങും. യേശു എന്നെയും നിങ്ങളെയും വിളിക്കുന്നു – "എന്നെ അനുഗമിക്ക".

**മൂന്നാമതായി എന്നെ അനുഗമിക്ക എന്നത് യേശുവിൽ നിന്നുള്ള ഒരു വാഗ്ദത്തമാണ്. നാം യേശുവിനെ അനുഗമിക്കുമ്പോൾ അവൻ നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കും.**

യേശു സർവ്വശക്തനായ ദൈവം ആകുന്നു. യേശുവിനു നമ്മെ കരുതുവാനുള്ള അധികാരവും ശക്തിയും ഉണ്ടെന്നതാണ് ഇതു അർത്ഥമാക്കുന്നത്. പരിശുദ്ധാത്മാവിന്റെ സമൃദ്ധിയായ ഫലം പുറപ്പെടുവിക്കുവാൻ നമ്മെ സഹായിക്കാമെന്നു യേശു വാഗ്ദത്തം ചെയ്യുന്നു. അവൻ നമ്മെ ശക്തീകരിക്കുന്നു അതിനാൽ നമുക്ക് അവനെ ശക്തിയോടെ സേവിക്കാം. അതുകൊണ്ട് നാം യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുമ്പോൾ നമ്മുടെ ജീവിതത്തെ ഫലപ്രദമാക്കുവാൻ കഴിയുന്ന ദൈവത്തിൽ നമുക്കു ആശ്രയിക്കാം.

നമ്മുടെ ജീവിത അവസാനം വരെ യേശുവിനെ അനുഗമിക്കണം – നമ്മുടെ വ്യക്തിപരമായ ജീവതത്തിലും നമ്മുടെ ശുശ്രൂഷ ജീവിതത്തിലും. യേശുവിന്റെ വാക്കുകളോടു മത്തായി എങ്ങനെയാണ് പ്രതികരിച്ചത്?

**"മത്തായി എഴുന്നേറ്റു അവനെ അനുഗമിച്ചു"** എത്ര ലളിതമായ വാചകം എന്നാൽ ഇത് എത്ര ശക്തമായതാണ്. മത്തായി യേശുവിന്റെ ശബ്ദം കേട്ടു ഒരു നിമിഷം പോലും മടിച്ചു നിൽക്കാതെ ആ ക്ഷണം സ്വീകരിച്ചു. അവൻ സംശയവുമായി പോരടിയില്ല. യേശുവിനു അനുഗമിക്കുക എന്നത് ചുങ്കം പിരിക്കുക എന്ന തന്റെ ജോലി നഷ്ടപ്പെടുകയാണ്. വരുമാനം നഷ്ടപ്പെട്ടു ഒരു ദരിദ്ര ജീവിതമാണ് തിരഞ്ഞെടുക്കുന്നത്. ഈ തീരുമാനത്തിൽ അവനു വിഷമം തോന്നിയില്ല. അവൻ പിന്തിരിഞ്ഞില്ല. അവൻ വേഗത്തിൽ എഴുന്നേറ്റു യേശുവിനെ അനുഗമിച്ചു.

സമർപ്പണത്തിന്റെ എത്ര അതിശയകരമായ പ്രവൃത്തി. മത്തായിക്കു എങ്ങനെ ആ തീരുമാനം എടുക്കുവാൻ സാധിച്ചു?

അവൻ യേശുവിൽ പൂർണ്ണമായി ആശ്രയിച്ചതിനാലാണ് ഇത്തരത്തിലുള്ളള തീരുമാനം എടുത്തത്. യേശു അവനെ സ്നേഹിച്ചതായി അവൻ മനസ്സിലാക്കി. യേശു അവന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തുമെന്നും യഥാർത്ഥ സന്തോഷത്തിലേക്കു തന്നെ നയിക്കുമെന്നും അവൻ വിശ്വസിച്ചു. അതിനാൽ ഒട്ടും താമസം വരുത്താതെ അവൻ യേശുവിനെ അനുഗമിച്ചു.

മത്തായി ചെയ്തതുപോലെ യേശുവിനെ ഉടനെ അനുഗമിക്കുവാൻ തയ്യാറാണോ?

എല്ലാവരും അവനിലേക്കു വിരൽ ചൂണ്ടി പാപിയെന്നു വിളിച്ചു. എന്നാൽ യേശു അവനെ തന്റെ ശിഷ്യനാകുവാനായി വിളിച്ചു. ആ വിളിയിലൂടെ മത്തായി യേശുക്രിസ്തുവിൽ പുതു ജീവിതം ആരംഭിച്ചു. അവന്റെ പുതുജീവിതം യേശുവിനെ തന്റെ ഭവനത്തിലേക്കു ഭക്ഷണത്തിനു വിളിച്ചതിലുടെ മനോഹരമായി വരെച്ചു കാണിക്കുന്നു.

ഒരു കാലത്തു തനിക്കു വേണ്ടി മാത്രം സ്വാർത്ഥ ജീവിതം നയിച്ച മനുഷ്യൻ ഇപ്പോൾ നൽകുന്നതിനും മറ്റുള്ളവരെ സേവിക്കുന്നതിനുമായുള്ള ജീവിതം നയിക്കുന്നു. എന്തൊരു അവിശ്വസനീയമായ നിമിഷമാകുന്നു ഇത്! യേശു തന്റെ ശിഷ്യന്മാരുമായി ചുങ്കക്കാരന്റെ ഭവനത്തിൽ. കൂട്ടത്തിൽ മറ്റു ചുങ്കക്കാരും അവിടെ വന്നു കാണും. ഒരു കാലത്തു

ശൂന്യമായി തോന്നിയിരുന്ന ഭവനം ഇന്നു അതിഥികളെ കൊണ്ടു നിറഞ്ഞിരിക്കുന്നു. അനേക ആളുകളാൽ ചുറ്റപ്പെട്ട ഭവനമായി തീർന്നു. അവന്റെ ഹൃദയം സന്തോഷത്താലും ആനന്ദത്താലും നിറഞ്ഞു കവിഞ്ഞു. ഇതു നമ്മുടെ ജീവിതത്തിലും സത്യമാകുന്നു. യേശുവിനെ അനുഗമിക്കുന്നതിന്റെയും യേശുവിനായി എല്ലാം ഉപേക്ഷിക്കുന്നതിന്റെയും യേശുവിന്റെ വലിയ ഉദ്ദേശത്തിനായി അവന്റെ ഇഷ്ടം നിറവേറ്റുന്നതിനായി അവനെ പിൻഗമിക്കുന്നതിന്റെ സന്തോഷം നാമും അനുഭവിക്കുന്നു.

**പിന്തിരിയുകയില്ല** - ലൂക്കൊ. 9:57-62

“ഒരുത്തൻ അവനോടു: നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു” (വാ.57). വേറൊരുത്തനോടു: “എന്നെ അനുഗമിക്ക” എന്നു പറഞ്ഞാറെ അവൻ: ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു (വാ.59). മറ്റൊരുത്തൻ: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു (വാ.61).

ശിഷ്യൻ എന്ന നിലയിൽ തന്നെത്താൻ ത്യജിക്കണം, പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ (മത്തായി 16:24)

എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും. (യോഹ.8:12).

യേശുവിന്റെ ശിഷ്യനെന്ന ജീവിതം - യേശുവിന്റെ ശുശ്രൂഷ കാലങ്ങളിൽ പ്രധാന ഉത്തരവാദിത്തങ്ങൾ വഹിച്ചു എന്നതിനു സംശയമില്ല. എന്നാൽ മത്തായിയുടെ വിളിയെ കുറിച്ചു മാത്രമേ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളു. മത്തായി ശാന്തനായി യേശുവിനെ അനുഗമിക്കുന്നു. പലപ്പോഴും പ്രത്യേക പരാമർശങ്ങളൊന്നുമില്ല. അതിനാൽ അവന്റെ പങ്ക് പ്രാധാന്യതയില്ലാത്തതാണെന്നു അർത്ഥമാക്കുന്നില്ല. ചുറ്റും നടക്കുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൊണ്ട് ആകർഷകമായ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന വ്യക്തിയായിരുന്നു.

**യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള ജീവിതം** - യേശു സ്വർഗ്ഗാരോഹണം ചെയ്തതിനു ശേഷം ഒരു അപ്പൊസ്തലൻ എന്ന നിലയിൽ മറ്റു അപ്പൊസ്തലന്മാരുടെ കൂടെ ചേർന്നു ക്രിസ്തുവിനെ മറ്റുള്ളവരുമായി പങ്കുവെച്ചു. ആദ്യ നൂറ്റാണ്ടിൽ മത്തായി പേർഷ്യ, മക്കദൊന്യ, സിറിയ, എത്യോപ്യ, എന്നീ വിടങ്ങളിൽ സഞ്ചരിച്ചു. ജാതികളുടെ ഇടയിൽ സുവിശേഷകനായി പ്രവർത്തിച്ചു യേശുവിന്റെ അത്ഭുത വാർത്ത പങ്കുവെച്ചു. അവൻ അതിനു ശേഷം പാർത്തിയായിലേക്കു യാത്ര ചെയ്തു. അവിടെ വെച്ചു 60 -ാമത്തെ വയസ്സിൽ കഴുത്തറുത്തു കൊന്നു. കർത്താവിനായി രക്തസാക്ഷിയായി തീർന്നു എന്നു പാരമ്പര്യം പറയുന്നു. മത്തായി ഒരു വിശ്വസ്തനായ അപ്പൊസ്തലൻ മാത്രമല്ല കർത്താവിന്റെ ശുശ്രൂഷ തുടർന്നവൻ കൂടിയാണ്. യേശുവിന്റെ ചരിത്രം സുവിശേഷമായി അവൻ എഴുതി. യുഗങ്ങളായി വിശ്വാസികൾ ഒരുമിച്ചു കൂടി മത്തായിയുടെ സുവിശേഷം വായിക്കുന്നു.

## യേശുവിന്റെ ശബ്ദം പിന്തുടരുന്നതിനും അനുസരിക്കുന്നതിനുമുള്ള തടസ്സങ്ങൾ...

**ആന്തരിക തടസ്സങ്ങൾ - (വ്യക്തിഗത വിഷമതകൾ):** ഭയവും അരക്ഷിതാവസ്ഥയും ജഡികതയും അഹങ്കാരവും ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം സ്വയത്തിൽ

ആശ്രയിക്കുന്നതിനുള്ള പ്രലോഭനം. ലൗകീക വസ്തുക്കളോടുള്ള ആസക്തി, ഭൗതിക സ്വത്തുക്കൾ, സുഖ സൗകര്യങ്ങൾ, വ്യക്തിഗത സുഖകൾ എന്നിവയോടുള്ള ആഗ്രഹം പൂർണ്ണമായ സമർപ്പണത്തെ തടസ്സപ്പെടുത്തിയേക്കാം. മുൻഗണനകളുടെ അഭാവം, ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലുള്ള ബുദ്ധിമുട്ട്.

**ബാഹ്യമായ തടസ്സങ്ങൾ** – എതിർപ്പും പീഡനവും, മറ്റുള്ളവരിൽ നിന്നുള്ള സാമൂഹ്യ സമ്മർദ്ദങ്ങൾ. സമൂഹത്തിലെ നിഷേധാത്മകമായ സ്വാധീനവും സമപ്രായക്കാരുടെ സമ്മർദ്ദവും നീതി മാർഗ്ഗങ്ങൾ പിന്തുടരുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു. വിലയെ കുറിച്ചുള്ള തെറ്റിദ്ധാരണ – സമർപ്പണത്തിനു വ്യക്തിപരമായ സുഖസൗകര്യങ്ങൾ ത്യജിക്കേണ്ടതുണ്ടെന്നതു അംഗീകരിക്കുവാൻ പ്രയാസമാണ്.

### തടസ്സങ്ങളെ അതിജീവിക്കണം

**കാഴ്ചപ്പാടിൽ മാറ്റമുണ്ടാകണം** – തടസ്സങ്ങളെ വളരുന്നതിനുള്ള അവസരമായി കാണണം. ആന്തരിക രൂപാന്തരീകരണം – പ്രാർത്ഥന, വചന ധ്യാനം, ദൈവകൃപയിലുള്ള ആശ്രയം എന്നിവയിലൂടെ ആത്മീകമായി ശക്തിപ്പെടണം.

**ചിലവ് കണക്കാക്കണം** – പിന്തുടരുന്ന പാത ദുഷ്കരമാണെങ്കിലും അത്യന്തികമായി അവനെ പിന്തുടരാതിരിക്കുന്നതിനെക്കാൾ ഫലദായകമാണ് പിന്തുടരുന്നതെന്ന് അംഗീകരിക്കണം.

**മത്തായിയുടെ ജീവിതത്തിൽ നിന്നും മനസ്സിലാക്കാവുന്ന പാഠം** – ഒരു ജീവിത ശൈലി മാറ്റുവാൻ പ്രയാസമുള്ളതല്ല. മത്തായിയെ പോലെയുള്ള ഒരു ചുങ്കം പിരിവുകാരൻ തന്റെ സഹ യഹൂദന്മാരുടെ കണ്ണിൽ ഭൂമിയിലെ ഒരു മാലിന്യമായിരുന്നു. യേശുവിനെ അനുഗമിക്കുന്നതിനായി അവൻ തനിക്കുള്ളതെല്ലാം വിട്ടുകൊടുത്തു. യേശുവിനോടു ചേർന്നു നടന്നു. അവൻ യേശുവിനെ അനുഗമിക്കുവാൻ തീരുമാനിച്ചപ്പോൾ അവന്റെ ജീവിതം ഫലം പുറപ്പെടുവിക്കാൻ തുടങ്ങി. ഇതാണ് യേശു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. നാം അവനെ അനുഗമിക്കുന്നതിലൂടെ കൂടുതൽ ഫലം കായ്ക്കണം. എന്നെഅനുഗമിക്ക എന്ന യേശുവിന്റെ ശബ്ദം നാം കേട്ടു ജീവിത അവസാനം വരെ അവന്റെ ശിഷ്യനായി ജീവിക്കണമെന്നതാണ് എന്റെ പ്രാർത്ഥന.

### സമാപന വാക്കുകൾ

നാം എത്ര മോശമായ കുഴപ്പങ്ങൾ ഉണ്ടാക്കിയാലും യേശു അതു ഗൗനിക്കയില്ല. നാം എന്തു ചെയ്തു എന്നതു വിഷയമല്ല, നാം അവന്റെ ദൃഷ്ടിയിൽ തുല്യരാണ്. അവൻ നമ്മെ സ്നേഹിക്കുന്നു. നമ്മുടെ കഴിവുകളെ അവൻ കാണുന്നു. അവൻ നമ്മെ പ്രീയ സ്നേഹീതരാക്കുവാൻ ആഗ്രഹിക്കുന്നു. നാം വലിയ ജനകീയരോ സാമർത്ഥ്യമുള്ളവരോ ആകണമെന്നില്ല. നാം മറ്റാരെയും പോലെ ആകണമെന്നില്ല. എന്നാൽ അത് നമ്മെ ദൈവത്തിനു ഉപയോഗ ശൂന്യരാക്കുന്നില്ല. പലപ്പോഴും ദൈവം നമ്മുടെ ജീവിതത്തെ മെച്ചപ്പെട്ടതാക്കി മറ്റുന്നതിലൂടെ ദൈവ നാമം കൂടുതൽ മഹിമപ്പെടും. നാം ആ വിളി സ്വീകരിക്കുമ്പോൾ വളരുന്നതിനും മാറുന്നതിനും നമ്മെ അനുവദിക്കുകയാണ്. ഈ സംഭവത്തോടെ മത്തായിയുടെ ജീവിതം രൂപാന്തരപ്പെട്ടു. അവൻ ക്രമേണ യേശുവിന്റെ ശക്തനായ സാക്ഷിയായി തീർന്നു. നമ്മെ നയിക്കുവാൻ ദൈവത്തെ അനുവദിച്ചാൽ നാം യേശുവിന്റെ ശ്രേഷ്ഠ സാക്ഷിയായി തീരും.

*“ദൈവം വലിയ വിശ്വാസമുള്ള ആളുകളെ അല്ല മറിച്ച് തന്നെ അനുഗമിക്കുവാൻ തയ്യാറുള്ള വ്യക്തികളെയാണ് അന്വേഷിക്കുന്നത്”*

ഹഡ്സൺ ടെയ്‌ലർ

**റവ. സോളമൻ ജ്ഞാനശേഖർ ജെ**
സെക്രട്ടറി, ഫീൽഡ്



# രാഷ്ട്രത്തിനു അനുഗ്രഹത്തിന്റെ കവിഞ്ഞൊഴുക്ക്

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവം നൽകിയ ദർശനത്തിൽ പ്രചോദിതരായി 1967 ൽ ആദ്യത്തെ മിഷൻ വയൽ തുറന്നപ്പോൾ FMPB ധീരവും പരിവർത്താനാത്മകവുമായ ഒരു ദൗത്യ നിർവഹണ യാത്രക്കായി വിശ്വാസത്തോടു കൂടിയ ആദ്യ ചുവടു വെച്ചു. ഇന്ന് രാജ്യത്തുടനീളമുള്ള വിവിധ മിഷൻ മേഖലകളിൽ FMPB യിലൂടെ ജീവിതങ്ങളിൽ രൂപാന്തരം സംഭവിച്ചതും സമൂഹങ്ങൾ സ്പർശിക്കപ്പെട്ടതും ദൈവത്തിന്റെ കരങ്ങളുടെ പ്രവർത്തനവും കാണുമ്പോൾ നാം ഭയഭക്തിയോടും ആശ്ചര്യത്തോടും കൂടെ നിൽക്കുന്നു.

മാൾട്ടോ ജനങ്ങളുടെ അത്ഭുതം, സാന്താൾ സമൂഹത്തിന്റെ അത്ഭുതം, പഞ്ചാബിലെ അത്ഭുതം, ദക്ഷിണ ഗുജറാത്തിലെ അത്ഭുതം കാണുവാനും അനുഭവിക്കുവാനും നമുക്കു സാധിച്ചു. ദൈവത്തിന്റെ ശക്തിയുടെയും ദൈവജനങ്ങളുടെ മേലുള്ള ദൈവത്തിന്റെ അനുഗ്രഹങ്ങളുടെയും ദൃശ്യവും സ്പർശിക്കാവുന്നതുമായ അടയാളമാണിത്. ദൈവം നമ്മോടു കൂടെയുള്ളതിനാലാണ് ഈ അത്ഭുതം സാധ്യമായത്. വരും നാളുകളിൽ മുഴുവൻ രാജ്യത്തെയും ബാധിക്കുന്ന ഇത്തരം കൂടുതൽ അത്ഭുതങ്ങൾ സംഭവിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

## ദക്ഷിണ ഗുജറാത്ത് അത്ഭുതം – രൂപാന്തരീകരണത്തിന്റെ 50 വർഷങ്ങൾ

50 വർഷം മുമ്പ് ഗുജറാത്തിൽ കാൽ വെക്കുവാൻ ദൈവം FMPB യെ അനുവദിച്ചു. ഭാഷയും സംസ്കാരവും വളരെ വ്യത്യസ്തമായ വീദൂരതയിലുള്ള ഒരു സംസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുക എന്നത് ധീരവും പ്രാധാന്യം അർഹിക്കുന്നതുമായ ഒരു തീരുമാനം ആയിരുന്നു. ഇന്ന് ഗുജറാത്തിലെ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി നാം ആഘോഷിക്കുമ്പോൾ ആദിവാസി സമൂഹത്തിനിടയിൽ FMPB ചെലുത്തിയ അവിശ്വസനീയമായ സ്വാധീനം നാം കാണുന്നു. എത്ര ശക്തമായ നാഴികക്കല്ല്!

സമർപ്പണം, സ്ഥിരോത്സാഹം, പ്രാർത്ഥന എന്നിവയിലൂടെയുള്ള ശുശ്രൂഷ പ്രത്യേകിച്ച് കുക്ന, വാർളി, വസാവ, ഭീൽ, ഗമിത് എന്നീ ജനവിഭാഗങ്ങളിൽ ശാശ്വതമായ



ആത്മീക, സാമൂഹിക, ഭൗതിക പരിവർത്തനം കൊണ്ടുവന്നു. 450 ആരാധനക്കൂട്ടങ്ങൾ ഗുജറാത്തിൽ ആരംഭിക്കുന്നതിനു ദൈവം നമ്മെ സഹായിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

യഥാർത്ഥ മിഷൻ നേതാക്കന്മാരെ എഴുന്നേൽപ്പിക്കും, കുടുംബങ്ങളെ രൂപാന്തരപ്പെടുത്തും, പ്രതീക്ഷകളാലും പുതിയ ലക്ഷ്യങ്ങളാലും തലമുറകളെ സ്വാധീനിക്കും. നാം നടുമ്പോൾ കർത്തവ് വളർത്തും. നാം സമർപ്പിക്കുമ്പോൾ കർത്താവ് വിശാലമാക്കും നാം ആശ്രയിക്കുമ്പോൾ കർത്താവ് രൂപാന്തരപ്പെടുത്തും.

കഴിഞ്ഞ 50 വർഷമായി FMPB പ്രവർത്തിക്കുന്ന ഡാങ്സ് ജില്ലയിലേക്കും ചുറ്റുമുള്ള ഗോത്ര മേഖലയിലേക്കും പോകൂ, ഗോത്ര മേഖലയിൽ സമഗ്രമായ പരിവർത്തനം കൊണ്ടുവരുവാൻ FMPB യെ എങ്ങനെ ദൈവം ഉപയോഗിച്ചു എന്നു കാണാം. പ്രതിഫലനം ശക്തവും ശ്രദ്ധേയവുമാണ്.

സ്കൂളിൽ പോകവാൻ ഭാഗ്യം ലഭിച്ചിട്ടില്ലാത്ത മാതാപിതാക്കൾ തങ്ങളുടെ മക്കൾ ആ സമൂഹത്തിലെ ഒന്നാം തലമുറ ബിരുദധാരികളും ബീരുദാനന്തര ബിരുദധാരികളുമായി വളരുന്നതു കാണുന്നു. ഇവിടെ FMPB ആരംഭിച്ച സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിച്ച കുട്ടികൾ ഡോക്ടറന്മാരായി, എം എൽ എ മാരായി പഞ്ചായത്ത് പ്രസിഡണ്ടുമാരായി എഞ്ചിനിയറന്മാരായി, അദ്ധ്യാപകരായി, സർക്കാർ ഉദ്യോഗസ്ഥരായി നേഴ്സുമാരായി ബിസിനസ്സുകാരായി മെച്ചമായി നിലയിൽ ജീവിതം നയിക്കുന്നു. ഇതിലെല്ലാം ഉപരിയായി ദൈവത്തിന്റെ മക്കളായി ലക്ഷ്യവും അർത്ഥവുമുള്ള ജീവിതം നയിക്കുന്നു.

FMPB നടത്തുന്ന സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിച്ച ആറു കുട്ടികൾക്കു MBBS നു പ്രവേശനം ലഭിച്ചു എന്നതിൽ ഞങ്ങളുടെ ഹൃദയം ദൈവത്തോടുള്ള നന്ദിയാൽ നിറഞ്ഞു ആനന്ദിക്കുന്നു. ഈ ഒന്നാം തലമുറയിലെ കുട്ടികൾ KG ക്ലാസ്സു മുതൽ 12 വരെ നമ്മുടെ ബാലഭവനത്തിൽ താമസിച്ച് നമ്മുടെ സ്കൂളിലാണ് പഠിച്ചത്. അവരിൽ ചിലർ രക്ഷിതാക്കളുടെ കൂടെ ഈ ജൂബിലി സമ്മേളനത്തിൽ വന്നു സാക്ഷ്യം പറഞ്ഞു. ഇത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ഒരു ചെറിയ തുടക്കത്തിൽ പരിവർത്തനാത്മകവും സ്വാധീനം ചെലുത്തുന്നതുമായ ഒരു പ്രസ്ഥാനമായി വളർന്നു. ദക്ഷിണ ഗുജറാത്ത് അത്ഭുതം അതിശയിപ്പിക്കുന്നതാണ്.

## സുവർണ്ണ ജൂബിലി ആഘോഷങ്ങൾ

ഒരു ചെറിയ തുടക്കമായി ആരംഭിച്ചത് തലമുറകളിലുടനീളം ധാരാളം ഫലങ്ങൾ നൽകുന്ന ഊർജ്ജസ്വലവും ഫലപ്രദവുമായ ഒരു പ്രവർത്തനമായി വളർന്നു. ഇതിന്റെ സ്വാധീനം വെറും സംഖ്യാപരമല്ല - അത് തലമുറതലമുറയായും പരിവർത്തനാത്മകവുമാണ്. സങ്കീർത്തനം 78 നമ്മെ ഓർപ്പിക്കുന്നത് ദൈവം ചെയ്ത വങ്കാര്യങ്ങളെയും അത്ഭുത പ്രവർത്തികളെയും തലമുറകളോടു പറയണം. ഇതിനാണ് ജനുവരി 24-26 ൽ FMPB ഗുജറാത്ത് സുവർണ്ണ ജൂബിലി ആഘോഷിച്ചത്.

ആത്മീയ ആഴവും ഐക്യവും ആഘോഷവും കൊണ്ട് അടയാളപ്പെടുത്തിയ ഒരു നാഴിക കല്ലാണ് ഈ ആഘോഷം. സിഎൻഐ മോഡറേറ്റർ മോസ്റ്റ് റവ. ഡോ. പരിതോഷ് കാനിങ്, സിഎൻഐ ഗുജറാത്ത് ബിഷപ്പ് റൈറ്റ് റവ. ഡോ. സിൽവാനസ്




എസ് ക്രിസ്റ്റ്യൻ, എന്നിവരുടെ മഹനീയ സാന്നിധ്യം ഏറെ സന്തോഷവും ആദരവും നൽകി. ഈ രണ്ടു ബിഷപ്പുമാരും പ്രചോദനാത്മകവും വെല്ലുവിളികൾ ഉയർത്തുന്നതുമായ തിരുവചന സന്ദേശം നൽകി. വിശ്വാസ ജീവിതത്തിൽ ഉറച്ചു നിന്ന് ദൈവം ഭരമേല്പിച്ച ഉത്തരവാദിത്തത്തോടു സമർപ്പണമുള്ളവരായിരിക്കണമെന്നു പ്രബോധിപ്പിച്ചു.

ഈ സമ്മേളനം അനവധി സഭാ നേതാക്കന്മാരുടെയും മിഷൻ നേതാക്കളുടെയും മിഷനറിമാരുടെയും ഗുജറാത്ത് മിഷൻ വയലുകളിൽ നിന്നു കടന്നു വന്ന ആയിരകണക്കിനു വിശ്വാസി കുടംബങ്ങളുടെയും സാന്നിധ്യത്താൽ സമ്പുഷ്ടമാക്കി. ദൈവീക ശുശ്രൂഷയോടുള്ള പൊതുവായ ദർശനത്തെയും കൂട്ടായ സമർപ്പണത്തെയും പ്രകടമാക്കുന്നതായിരുന്നു ഇവരുടെ സാന്നിധ്യം. ഈ ആഘോഷം ഭൂതകാലത്തെ ആദരിച്ചു. വർത്തമാന കാലത്തെ ശക്തിപ്പെടുത്തി. അചഞ്ചലമായ വിശ്വാസം, പൂർണ്ണ ഹൃദയത്തോടുള്ള സേവനം, ദൈവത്തിന്റെ ദിവ്യ വിളിയാൽ പ്രകാശിതമായ ഒരു ഭാവിയെ കുറിച്ചുള്ള ഒരു ദർശനം ജ്വലിപ്പിച്ചു.

മൂന്നു ദിവസവും ഈ പ്രോഗ്രാമിൽ പങ്കെടുത്ത FMPB പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ട്രഷറാർ, ജനറൽ സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ എന്നിവരുടെ സജീവ പങ്കാളിത്തം ഈ ആഘോഷത്തിന്റെ പ്രാധാന്യത വർദ്ധിപ്പിച്ചു. വിദ്യാർത്ഥികളെയും യുവാക്കളെയും അഭിസംബോധന ചെയ്യുന്നതിനിടെ FMPB പ്രസിഡണ്ട് അവരുടെ ദൈവവിളിയും ജീവിത ലക്ഷ്യവും തിരിച്ചറിവാൻ അവരെ ആവേശത്തോടെ വെല്ലുവിളിച്ചു. പഠനത്തിൽ മികവ് പുലർത്തുവാനും ഐഐഎസ്, ഐപിഎസ് ഉദ്യോഗസ്ഥർ, മന്ത്രിമാർ, മുഖ്യമന്ത്രിമാർ, വൈസ് ചാൻസലന്മാർ, ശാസ്ത്രജ്ഞന്മാർ എന്നിവരാകാൻ അവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഉന്നതമായ കാഴ്ചപ്പാടുള്ളവരാകാൻ അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു. രാഷ്ട്ര നിർമ്മാണത്തിൽ സജീവ സംഭാവനകൾ നൽകുവാനും മികവോടും സത്യസന്ധതയോടും കൂടെ സമൂഹത്തെ സേവിക്കുവാനും അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു.

### മോഡറേറ്റർക്കും ബിഷപ്പിനും നന്ദി.

ഈ സുവർണ്ണ ജൂബിലി വേളയിൽ ഗുജറാത്തിൽ പ്രവർത്തിക്കുന്ന 50 മിഷനറിമാരെ ഗുജറാത്ത് മഹായിടവക ബിഷപ്പ്, പ്രിസ്ബിറ്റർ പട്ടം നൽകി ആദരിച്ചു. അവരിൽ അഞ്ചു വനിത മിഷനറിമാരും ഉൾപ്പെടുന്നു. 50 യൗവ്വനക്കാരെ സുവിശേഷകരായി പുതുതായി നിയോഗിച്ചു. സമൂഹത്തിന്റെ അനുഗ്രഹത്തിനായി പുതിയ മിഷൻ വയലുകൾ ആരംഭിക്കുന്നതാണ്. ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഒരു നേഴ്സിങ് കോളജ്, രണ്ടു ബാലഭവനങ്ങൾ, ഒരു നേതൃത്വ പരിശീലന കേന്ദ്രം എന്നിവ ഉടനെ ഗുജറാത്തിൽ തുടങ്ങുന്നതാണ്. മോഡറേറ്റർ, ബിഷപ്പ്, FMPB പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നിവർ ഇതിനുള്ള അടിസ്ഥാന ശിലകൾ ഇട്ടു. സിഎൻഐ മോഡറേറ്ററോടും ഗുജറാത്ത് ബിഷപ്പിനോടുമുള്ള ഹൃദയംഗമായ കൃതജ്ഞത FMPB രേഖപ്പെടുത്തുന്നു.

### നിങ്ങൾ മറ്റുള്ളവർക്കു വേണ്ടി എന്തു ചെയ്യുന്നു.

സമാധാനത്തിനുള്ള നോബൽ സമ്മാന നേതാവും പൗരാവകാശ നേതാവുമായ ഡോ. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ, ജീവിതത്തിലെ ഏറ്റവും സ്ഥിരവും



അടിയന്തിരവുമായി ചോദിച്ച ചോദ്യം: നിങ്ങൾ മറ്റുള്ളവർക്കു വേണ്ടി എന്താണ് ചെയ്യുന്നത്? സ്വാർത്ഥതയിൽ കേന്ദ്രീകൃതമായ ജീവിതം അപൂർണ്ണമാണെന്നും യഥാർത്ഥ സംതൃപ്തി സ്വയം സേവനത്തിലൂടെ കണ്ടെത്താമെന്നും അദ്ദേഹത്തിന്റെ വാക്കുകൾ നമ്മെ ഓർമ്മ പ്പെടുത്തുന്നു. ഈ തത്വം വർഷങ്ങളായി FMPB യുടെ പ്രവർത്തനത്തിന്റെ കാതലായ ഭാഗമാകുന്നു. കൂടാതെ രാജ്യത്തുടനീളമുള്ള അതിന്റെ പ്രവർത്തനത്തിന്റെ കേന്ദ്ര ബിന്ദുവായി ഇതു തുടരുന്നു.

## മിഷനറിമാർക്കു അഭിനന്ദനങ്ങൾ!

ഗുജറാത്തിൽ കടന്നുവന്നു ത്യാഗത്തോടും സമർപ്പണത്തോടും കൂടെ ഈ ദൗത്യം കെട്ടിപ്പടുത്ത എല്ലാ മിഷനറിമാരുടെയും മഹത്തായ പ്രവർത്തനത്തെ ഞങ്ങൾ നന്ദിയോടെ അംഗീകരിക്കുന്നു. FMPB യുടെ അന്നത്തെ ജനറൽ സെക്രട്ടറി സഹോ. എമിൽ ജപസിങ്, മിഷൻ ഫീൽഡ് ഡയറക്ടറായ സഹോ എബി സുന്ദർരാജ് എന്നിവരുടെ വലിയ ദർശനമായിരുന്നു ഗുജറാത്ത് ഉൾപ്പടെ വടക്കെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ മിഷൻ വയലുകൾ ആരംഭിക്കുക എന്നത്.

സഹോ. എസ് ഡി പോന്നരാജ്, സഹോ. എബനേസർ ദാസൻ, സഹോ. പോൾരാജ്, സഹോ. ബൻ ഒലിവർ, സഹോ. യിസ്രായേൽ ദേവദാസ്, സഹോ. ജോൺസൺ ബർന്നബാസ്, സഹോദരി. മേരി സ്റ്റെല്ല, സഹോദരി, മേരി അന്തോണിയമ്മാൾ, റവ. എസ് അരുൾരാജ്, ശ്രീ. നേസമണി, ശ്രീ. വിക്ടർ മുരുകേശൻ, ശ്രീ. നഥാനിയേൽ ലോഗരാജ് തുടങ്ങി ആത്മാക്കളെ കുറിച്ചുള്ള അഭിനിവേശത്തോടെ ആരംഭ നാളുകളിൽ ഗുജറാത്തിൽ പ്രവർത്തിച്ച മിഷനറിമാരെ നന്ദിയോടെ സ്മരിക്കുന്നു. പ്രാദേശിക ഭാഷയിലേക്കു വേദപുസ്തകം പരിവർത്തനം ചെയ്യുന്നതിനായി അധ്വാനിച്ച ശ്രീ. അലൈച്ചാമി പോൾ, ശ്രീ. എസ് രാജേന്ദ്രൻ എന്നിവർക്കായി ദൈവത്തെ സ്തുതിക്കുന്നു. ഗുജറാത്തിലെ മിഷനറി പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിനു ശ്രദ്ധേയമായ നേതൃത്വം നൽകിയ സഹോ.പാട്രിക് യോശുവ, സഹോ. സാം കമലേശൻ, സഹോ. പി ശാമുവേൽ, ഡോ. ചന്ദ്രശേഖർ തുടങ്ങിയ നേതാക്കളെയും ഇത്തരുണം സ്മരിക്കുന്നു.

## നേതാക്കന്മാരെ കെട്ടിപ്പടുക്കുക, രാജ്യത്തെ കെട്ടിപ്പടുക്കുക.

വേദപുസ്തക മൂല്യങ്ങളാൽ സമൂഹത്തെയും രാജ്യത്തെയും സ്വാധീനിക്കുന്നതിനായി ദൈവമക്കളുടെ ഒരു തലമുറയെ വളർത്തിയെടുക്കുവാൻ ദൈവം FMPBയെ വിളിച്ചിരിക്കുന്നു. നാം അതിൽ വിജയിച്ചാൽ രാഷ്ട്രം വിജയിക്കും.

ഗുജറാത്ത്, ജാർഖണ്ഡ്, പഞ്ചാബ്, മറ്റു മേഖലകളിലുള്ള മിഷനറി പ്രവർത്തനത്തിൽ നിന്ന് FMPB ധൈര്യം സംഭരിച്ച് ഗോത്ര സമൂഹങ്ങളിൽ നിന്നും പിന്നോക്ക സമൂഹങ്ങളിൽ നിന്നും ഉയർന്നു വരുന്ന നേതാക്കളെയാണ് – വിശ്വാസം, സമഗ്രത, ധൈര്യം എന്നവയാൽ രൂപപ്പെട്ട സ്ത്രീകളെയും പുരുഷന്മാരെയും – വിഭാവന ചെയ്യുന്നതെന്നു നമുക്കു ധൈര്യത്തോടെ പറയാം.

ദൈവം FMPB എന്ന മുന്നേറ്റ പ്രസ്ഥാനത്തെ അതോടൊപ്പം നമ്മെയും വിളിച്ചിരിക്കുന്നത് രാജ്യത്തു കവിഞ്ഞൊഴുകുന്ന അനുഗ്രഹമാകുവാനാണ്. സങ്കീർത്തനം.23:5 ൽ സങ്കീർത്തനക്കാരൻ ആത്മധൈര്യത്തോടും ആഴമായ കൃതജ്ഞതയോടും പ്രഖ്യാപിക്കുന്നു, എന്റെ പാനപാത്രവും നിറ

ഞ്ഞു കവിയുന്നു. 300 ലധികം മിഷൻവയലുകളിലായി വ്യാപിച്ചു കിടക്കുന്ന FMPB യുടെ പ്രവർത്തനങ്ങൾക്കപ്പുറം സഭയുമായി കൈകോർത്തു പ്രവർത്തിച്ചുകൊണ്ട് മുഴു രാജ്യത്തെയും സ്വാധീനിക്കുന്ന വിശാലമായ കാഴ്ചപ്പാട് FMPB ക്കുണ്ടായിരിക്കണം.

## രാജ്യത്തിലേക്കു കഴിഞ്ഞൊഴുകുന്ന അനുഗ്രഹം

സുഹൃത്തുക്കളെ, കവിഞ്ഞൊഴുകുന്നതിന്റെ ഉദ്ദേശം ഒരിക്കലും ശേഖരിക്കലല്ല. ദൈവം നമ്മെ അനുഗ്രഹിക്കുന്നത് അവന്റെ ദാനങ്ങൾ സംഭരിച്ചു വെക്കാനല്ല. നിറഞ്ഞൊഴുകുന്ന പാനപാത്രം മറ്റു ജീവിതങ്ങളിലേക്കു പകരുവാനുള്ളതാണ്. കൃപയുടെയും കരുണയുടെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും ചാനലുകളായി മാറുവാനുള്ള ആഹ്വാനമാണ്.

പെരിയമലയിൽ നിന്നും പെയിന്റ് മിഷൻ വയലിലേക്ക്, പഞ്ചാബിൽ നിന്നു ഗുജറാത്തിലേക്ക്, മാൾട്ടോയിൽ നിന്നു സന്താളിയിലേക്ക്, ദൈവം ശാന്തമായി എന്നാൽ പ്രത്യാശയുടെ സൗഖ്യത്തിന്റെ, യഥാസ്ഥാനത്തിന്റെ – ലോകത്തിനു കാണുവാൻ കഴിയാത്ത എന്നാൽ സ്വർഗ്ഗത്തിനു കാണാതിരിക്കുവാൻ കഴിയാത്ത – ശക്തമായ കഥകൾ രചിക്കുകയാണ്.

*രോഗികളെ സൗഖ്യമാക്കുവാൻ പോകാൻ തയ്യാറാകുക*

*രാജ്യത്തിനായും അതിന്റെ ധാർമ്മീക മൂല്യങ്ങൾക്കായും നേതാക്കന്മാർക്കായും പ്രാർത്ഥിക്കാൻ തയ്യാറാകുക.*

*സാധുക്കളെയും അടിച്ചമർത്തപ്പെട്ടവരെയും ചേർത്തു പിടിക്കുവാൻ പോകുവാൻ തയ്യാറാകുക.*

*സ്നേഹം, സമാധാനം, അഹിംസ എന്നിവയെ കുറിച്ചു സംസാരിക്കാൻ തയ്യാറാകുക*

*വാതിലുകൾ തുറന്നു കിടക്കുന്നിടത്തു സുവിശേഷം പങ്കുവെക്കുവാൻ തയ്യാറാകുക*

*സമൂഹത്തെ നൈരാശ്യത്തിൽ നിന്നും നിരുത്സാഹത്തിൽ നിന്നും കരകയറ്റുവാൻ തയ്യാറാകുക.*

*നിങ്ങളുടെ വിഭവങ്ങൾ സന്തോഷത്തോടും ത്യാഗപൂർവ്വവും പങ്കിടുവാൻ തയ്യാറാകുക.*

*വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ദൈവസ്നേഹം അവരെ കാണിക്കാൻ തയ്യാറാകുക.*

## ദൈവത്തിന്റെ ദിവ്യ ദർശനവുമായി പൊരുത്തപ്പെടുക

പക്ഷവാത രോഗിയെ മേൽക്കൂര പൊളിച്ച് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതു പോലെ അവശരും പിന്നോക്ക അവസ്ഥയിലുള്ളവരും സന്തോഷത്തോടെ എഴുന്നേൽക്കാനും തുള്ളാനും കഴിയുന്ന വിധം മേൽക്കൂരകൾ തകർക്കുന്നവരാകാൻ ബോധപൂർവ്വമായ നടപടികൾ FMPB സ്വീകരിക്കുന്നു. നമ്മുടെ സമൂഹത്തിലെ ദരിദ്രരെയും അവശരെയും ഉയർത്താൻ സ്നേഹം, ദർശനം, പ്രതിബദ്ധത നല്ല ഭരണം എന്നിവ ആവശ്യമാണ്.

## നിങ്ങളുടെ ലഭ്യത, അനുസരണം, പങ്കാളിത്തം എന്നിവ പ്രധാനമാണ്.

നിങ്ങളുടെ പാനപാത്രം നിറഞ്ഞു കവിയുമ്പോൾ മറ്റൊരാളുടെ പാനപാത്രം നിറയ്ക്കുക. രാജ്യത്തിനു നിറഞ്ഞൊഴുകുന്ന അനുഗ്രഹം ആകുക. പോകുക അല്ലെങ്കിൽ അയയ്ക്കുക. പങ്കു ചേരുക. ദൈവവിളിക്കനുസൃതമായ ജീവിക്കുക.

**ശ്രീ. ജോൺ ശാമുവേൽ,** പ്രസിഡണ്ട്, FMPB

മാർച്ച്

# 1

ഞായർ

## ജന്മദിനാശംസകൾ

തിങ്കു സെമെ,
ദാൽസാക്കാം സുയന്താക്ക്,
സുരഭി അശോക് നായക്ക്,
എല്ല സെമെ, ബിനോദ് സോപ്രമേരി,
ലുൻകിം തൊങ്കാം ഖൊങ്സ്വായി,
ദിക്തിങ് ബൗ കെ, ജയ് ബീർ സിങ്,
ലത്കോലുൻ ബെയിതെ, കുൽദീപ് സിങ്
തിങ്നെയിനെങ് സോമ്പു സിങ്സെൻ,
ദിഹെ എസ്, ഓംപ്രകാശ് ഗുപ്ത,
താങ്വൻസാങ് ജി,
ജാഘോഗാംഹാവോകിപ്,
മാർഗരറ്റ് സിങ് ദാസ്,
നിങ്തൗജാം അലോൻ സിങ്,
ഹൊയ്തിൻ മെതെ ലാൽ

## ജമ്മു

### ധാർ

**ലുൻജലാൽ സോങ്ദാറ്റ് & മേരി**

ജീസസ് ഫിലിം ദർശിച്ച ഖാദി ഗ്രാമത്തിലെ മൂന്നു കുടുംബങ്ങളും ദിരെത്തി ഗ്രാമത്തിലെ രണ്ടു കുടുംബങ്ങളും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പരമശിവനും മൂന്നു സുഹൃത്തുക്കൾക്കും നൽകിയ ആത്മീക ഉപദേശത്തിന്റെ ഫലമായി അവർ വിശ്വസ്തതയോടെ ആരാധനയോഗത്തിൽ സംബന്ധിക്കുന്നു. ദശരാജും അവന്റെ ബന്ധുക്കളും ക്രിസ്തുവിന്റെ സുവിശേഷം കേൾക്കുവാൻ തയ്യാറായി.

ബിമൽ പ്രകാശ്, സകിൽത്താപ്പ, ദേവരാജ് എന്നീ കുടുംബങ്ങൾ ദൈവസന്നിധിയിൽ തങ്ങളെ സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുക്രേശിനു നല്ല ഒരു ജോലിയും ക്രിസ്തീയ വിശ്വാസിയായ ജീവിത പങ്കാളിയെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധാർ മേഖലയിൽ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു പ്രവർത്തിക്കുവാൻ സമർപ്പണവും ആത്മഭാരവുമുള്ള സന്നദ്ധ സുവിശേഷകരെ ദൈവം എഴുന്നേല്പക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റാംനഗർ

**ജോൺ എസങ് & ലിബേനി ജാമി**

പലവിധ വെല്ലുവിളികളുടെ മധ്യെ തീഷ്ണമായ പ്രാർത്ഥനയുടെ ഫലമായി പത്തു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. നമ്മുടെ വിശ്വാസിയായ അശോകിന്റെ മകനു വിദേശത്തു പോകുന്നതിനു ദൈവം കൃപയാൽ വിസ ലഭിച്ചു. ദപ്ലാൽ ഗ്രാമത്തിലെ സജൈജകുമാർ കുടുംബവും കനാല ഗ്രാമത്തിലെ നിതു, നിഷ എന്നിവരും നമ്മുടെ സ്നേഹിതരായി തിർന്നു. നിതു, സുരേഷ് എന്നിവർ വിശ്വസ്തരായി കർത്താവിന്റെ വേലയിൽ സഹായിക്കുന്നു.

രാജകുമാറിന്റെ ഭാര്യ സുവിശേഷത്തെ എതിർക്കുന്നു. അവൾ ദൈവസ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. മത തീവ്രവാദികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന പ്രവർത്തകരുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തേശുവിലുള്ള വിശ്വാസം നിമിത്തം കർദോരിലാലിന്റെ ഭാര്യ അവനെ ഉപേക്ഷിച്ചു പോയി. അവൾ തെറ്റു മനസ്സിലാക്കി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**2**

**തിങ്കൾ**

## നാരോറ്റ്

### സിയാൻസുതാങ് സൗ & ലിഹ്ങ്നെയ്ഹോയ്

എതിർപ്പുകളുടെ മദ്ധ്യത്തിൽ മറ്റു തടസ്സങ്ങളൊന്നുമില്ലാതെ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന സമാധാനപരമായി നടത്തി. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ അജ്ഞലിയെ കർത്താവ് സൗഖ്യമാക്കി. ഡോക്ടറന്മാർ പ്രതീക്ഷ കൈവിട്ട ഒരു വയസ്സുള്ള അഭിഷേകിനെ വിശ്വാസികളുടെ തീഷ്ണമായ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. മിഷനറിയുടെ 25 ദിവസത്തെ ഉപവാസ പ്രാർത്ഥന ദൈവം മാനിച്ചു. ഒമ്പതു പുതിയ കുടുംബം വിശ്വാസത്തിലേക്കു കടന്നു വന്നു. പട്ടിമോർ, നുൻഗാൾ എന്നീ മേഖലകളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി.

മയക്കു മരുന്നിന്റെ ആസക്തിയിൽ നിന്നു സാഹി, രോഹിത്, റിഷ്‌വർദാ, ബിന്ദു, ദാനിയേൽ, ജോർജ്ജ്, പരാസ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മലമ്പ്രദേശത്തു സുവിശേഷം അറിയിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടുള്ള എതിർപ്പുകൾ ശമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുജാർ മലനിരകളിൽ പാർക്കുന്ന ഗിരിവർഗ്ഗക്കാർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ആരതി, മധു എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. ജാതിയുടെ പേരിൽ സൂഹത്തിലുള്ള വേർതിരിവ് പരിഹരിക്കപ്പെടേണ്ടതിനും അങ്ങനെ വിശ്വാസികൾ ഐക്യത്തോടെ ഒരുമിച്ചു ദൈവത്തെ ആരാധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## റീയാസി

### ഷൈക് സുഭാനി & എമി പാക്കിയ

ബിപിൻ കുമാരിയെ അഗ്നിയ പകടത്തിൽ നിന്നു അത്ഭുതകരമായി ദൈവം വിടുവിച്ചു. ഈ റീജിയനിൽ സംഘടിപ്പിച്ച വി ബി എസിൽ 25 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മകൻ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. റോഡപകടത്തിൽ നിന്നും രണ്ടു പ്രാവശ്യം ദൈവം മിഷനറിയെ സംരക്ഷിച്ചു. ശൈത്യത്തിന്റെ കെടുതിയിൽ നിന്നു മിഷനറിയെ പരിപാലിച്ചു.

മാറിടത്തിൽ കാൻസർ ബാധിച്ച അജ്ഞലി, ശരീര ബലഹീനതയാൽ കഷ്ടപ്പെടുന്ന ഗൗരവ് കുമാർ, കഴലയിൽ നീർവീക്കമുണ്ടായ രാജി, വിഷാദ രോഗത്താൽ വലയുന്ന അർജുൻ കുമാർ, അപസ്മാര രോഗിയായ രവീന്ദർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുൽ ഗ്രാമത്തിൽ ആരംഭിച്ച പുതിയ ആരാധനക്കൂട്ടത്തിൽ അനേകർ സംബന്ധിച്ചു അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിറി ഗ്രാമത്തിലുള്ള അനേകർ യേശുക്രിസ്തുവിന്റെ രക്ഷവലയത്തിലാകേണ്ടതിനായി പ്രാർത്ഥിക്കുക. സാക്പക്ത ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കേണ്ടതിനും വിശ്വാസികളെ ആത്മീകമായി ശക്തീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

മാർച്ച്
3
ചൊവ്വ

## ജന്മദിനാശംസകൾ

ജീവൻ രഞ്ജൻ മഹാപത്ര,
ജോൺ ശാമുവേൽ എ,
പ്രസ്തുത ബതി പാനി,
മേഴ്സി എലിസബേത്ത് എസ് ജപശീലൻ,
താങ് ചിൻ ലീയാൻ എൽ

## ഹിമാചൽ

### തനെദാർ

**ജപറാസൺ & ഗായത്രി സി**

അതിശൈത്യത്തിന്റെ നടുവിലും വിശ്വാസികൾ ആരാധനയോഗത്തിൽ വിഘ്നമില്ലാതെ സംബന്ധിക്കുന്നു. പട്ടേരി ഗ്രാമത്തിൽ പുതുതായി ആരംഭിച്ച ആരാധനക്കൂട്ടത്തിൽ 20 പേർ ആവേശത്തോടെ ദൈവത്തെ ആരാധിക്കുന്നു. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ അനേകർ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. സിൻഗാൾ, പ്രേംനഗർ എന്നീ മേഖലകളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിച്ചു.

കിമ്മി, പാർവതി, സുമിത്ര, മുക്തി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിവാൻ റീജിയനിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. മഞ്ഞിപിത്തത്തിൽ നിന്നു മജ്ജുവും, ഗർഭപാത്ര കാൻസറിൽ നിന്നു ദിൽസാരയും കരൾ സംബന്ധമായ രോഗത്തിൽ നിന്നു സുമിതയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നമിത്തം ഉപദ്രവം നേരിടുന്ന ഷീലയെ കർത്താവ് ബലപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. സഞ്ജെഞ്ചക്കും സഹോദരങ്ങൾക്കും രണ്ടു മാസത്തിനുള്ളിൽ തങ്ങളുടെ രക്ഷിതാക്കൾ നഷ്ടപ്പെട്ടു. അവരുടെ ആശ്വാസത്തിനും പരിപാലനത്തിനുമായി പ്രാർത്ഥിക്കുക.

### റാമ്പൂർ

**ദൗജപായോ ഗുയിതെ & ഫ്ളോറൻസ്**

ജീപ്പ് ടീമിന്റെ സഹായത്താൽ 22 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കഠിനമായ മുട്ടു വേദനയിൽ നിന്നു നിഥ ദേവിയെ കർത്താവ് സൗഖ്യമാക്കി. മൈഗ്രെയിൻ തലവേദനയാൽ കഷ്ടപ്പെട്ട അക്ഷരയെയും മുട്ടിലുണ്ടായ നീർവീക്കത്താൽ ഭാരപ്പെട്ട അമൃതയെയും കർത്താവ് സൗഖ്യമാക്കി. അവേര ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം തടസ്സമില്ലാതെ പുരോഗമിക്കുന്നു.

സുദർഷ്നയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. മലാശയ സംബന്ധമായ പ്രശ്നത്താൽ വലയുന്ന കീർത്തനയുടെയും അടിവയറ്റിൽ നീർക്കെട്ടുള്ള യുവാന്റെയും കുഴയിൽ കാൻസർ ബാധിച്ച രാമഗിരിയുടെയും ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന ജിമ്പയുടെയും കാലിലുണ്ടായ പൊട്ടലിനായും പ്രമേഹ രോഗത്താലും കഷ്ടപ്പെടുന്ന ദീപയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**4**

**ബുധൻ**

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ജോൺ ബർലീൻ എസ്, തിമ്മേശ് എം പി,
കിഷാന്ത ലിമ്മ, ദിനേശ് മറിയ,
പൻസുരി മൊഫ്ലിൻ

## പഞ്ചാബ്

### ബുധ്ലാട

**പ്രതാപ് രഹാങ് & രാശ്മി പ്രവ**

നമ്മുടെ വിശ്വാസിയായ അർഷദീപിനു പഞ്ചാബ് പോലീസ് സേനയിൽ ജോലി ലഭിച്ചു. വൃക്കസംബന്ധമായ രോഗത്തിൽ നിന്നും മറ്റു ശാരീരിക ക്ലേശങ്ങളിൽ നിന്നും പ്രീയങ്കറാണിയെ ബുധ്ലാട ദൈവാലയത്തിന്റെ വാർഷീക ആഘോഷ വേളയിൽ ദൈവം സൗഖ്യമാക്കി. രണ്ടര വർഷമായി കാണാതെ പോയ സുരജ് കൗറിനെ ദൈവകൃപയാൽ ഒരു വൃദ്ധസദനത്തിൽ കണ്ടെത്തി. പിന്മാറ്റക്കാർ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു തിരികെ വന്നു.

പയിന്ദ്, പാരാസ്, ലാഹെൽ, കാലൻ, ബാറോട്ട, അഹമത്പൂർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ അനവധിയാളുകൾ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെട്ടു വിശ്വസിച്ചു രക്ഷപ്രാപിച്ചു. ബസ്ര, ഹമീർക്കാർ, ഗുന്താൻ, പദലഗാർ, സുര്യപായിനി എന്നീ ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. പട്ടാളത്തിൽ ചേരുവാൻ പരീക്ഷ എഴുതിയ ദിൽപ്രീത് സിങ് വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബത്തിണ്ട

**സൻജീപ് ആനന്ദ് &**
**പ്രസതുതബതി പാനി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനവും ഫിലിം പ്രദർശനവും നടത്തി. ജാക്സീർ സിങ്, രാമൻദീപ് കൗർ എന്നീ കുടുംബം തെറ്റിദ്ധാരണയാൽ വേർപിരിഞ്ഞു, പ്രാർത്ഥനയുടെ ഫലമായി അവർ പരസ്പരം ക്ഷമിക്കുകയും നിരപ്പ് പ്രാപിക്കുകയും ചെയ്തു. നട്ടെല്ലിനു ക്ഷതം സംഭവിച്ച പാണസിങിനെ ദൈവം സൗഖ്യമാക്കി. ഇപ്പോൾ അവനു ഇരിക്കുവാനും നിൽക്കുവാനും സാധിക്കുന്നു. ഹമൈസെറിന്റെ കുടുംബം ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. മനോജ് സിങ്, സീമ, അഖിലേശ് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ബത്തിണ്ട, കോനിയാനി, സബോക്കെ, തലവന്ദി, ബായിക്കത്ത, കോനെന എന്നീ റീജിയനിൽ സുവിശേഷ വേല ചെയ്യുവാൻ സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ ആസക്തിയിൽ നിന്നും സന്ദീപി സിങ്, അജോത് ലക്ക്മൻ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കച്ചിയാൻ സിങിന്റെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിനും അവർ ദൈവീക സമാധാനം അനുഭവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. തുങ്വാലി, സക്ബത്തെ സിങ്വാല, ജന്ദുകിൽകാലൻ, ബുർമൻസ, രായിക്കാന എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**5**

**വ്യാഴം**

## ജന്മദിനാശംസകൾ

തങ്കമ്മാൾ ജപരാജ്, സുനിൽ മാത്യു കെ,
രവി കുമാർ എസ്,
സ്റ്റെല്ല ഡേവിഡ് പെരുമാൾ,
ശംഭുനാഥ് നായക്ക്, ലുബിൻ മുർമ്മു

### ബർണാല

### ബിദാൻ ഹൻസ്ത & പൻസുറി മോഫ്ലിൻ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവകൃപയാൽ രണ്ടു ഗ്രാമങ്ങളിൽ യുവജനസമ്മേളനം നടത്തി. അന്ധകാരത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രത്യേക പ്രാർത്ഥനകൾ സംഘടിപ്പിച്ചു. ബിന്ദോർ കൗറിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

സെഹന, കോത്തുന എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നതിനു അനുയോജ്യരായ സന്നദ്ധ സുവിശേഷകരെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാബ, കരോർ വാള, സാച്ചി കലോനി, ബല്ലോ, ഉയോകെ, ബാക്കോ, ജിയാന്ത് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു ഗുൽവാത് കൗർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന നിർമ്മൽ കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മാൻസ

### ദെബാർത്തോ വിശ്വാസ് & മന്ന സിങ്

കോത്ത പാമ്മ, സാന്തുളി എന്നീ ഗ്രാമങ്ങളിലുള്ള അനേകർ താല്പര്യപൂർവ്വം സുവിശേഷം ശ്രവിച്ചു. രോഹൻ ഗ്രാമത്തിൽ നടത്തിയ സത്സംഗ് പ്രോഗ്രാമിലൂടെ സുവിശേഷം ശ്രവിച്ച അനേകർ വിശ്വാസ ജീവിതത്തിൽ ശക്തി പ്രാപിച്ചു. രോഗം നിമിത്തം ശയ്യാവലംബയായ ഗുരുപ്രീത് കൗർ പൂർണ്ണ സൗഖ്യം പ്രാപിച്ചു. വിവിധ പ്രശ്നങ്ങളാൽ ഭാരപ്പെട്ട മങ്കു സിങ്, കിർണ കൗർ എന്നിവർ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു തീഷ്ണമായി പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവർക്കു വിടുതൽ നൽകി. ശ്വസന സംബന്ധമായ പ്രശ്നത്തിൽ നിന്നു സത്പാൽ മാഷിയെ ദൈവം സൗഖ്യമാക്കി.

ഭർത്താവിന്റെ വേർപാടിനെ തുടർന്നു മൂന്നു മക്കളെ പോറ്റുവാൻ കഷ്ടപ്പെടുന്ന രാജ് കൗറിനു ഉപജീവനത്തിനു മാർഗ്ഗം ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ റിപ്രാനിയുടെ വിവാഹ ആവശ്യങ്ങൾക്കു വേണ്ട സാമ്പത്തീകം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൻസിത് സിങ്, സുജിത് സിങ്, കുൽദീപ് സിങ്, സന്ദീപ് സിങ്, രാജ്വീർ കൗർ, മാൻപ്രീത് കൗർ, പ്രീയ കൗർ, ബസദേവ് സിങ്, ജാസ്പ്രീത് സിങ്, ദെർഷം സിങ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനും അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അനരാജും സിങ്ങും രാജ്വീർ കൗറും തങ്ങളുടെ പ്രശ്നങ്ങളിൽ നിന്നു വിടുതൽ പ്രാപിച്ചു സമാധാനം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 6

**വെള്ളി**

## ജന്മദിനാശംസകൾ

ജയിംസ് അരുൾരാജ് എം

### മോഗ

**കൊങ്കാനി സമ്പത് ഭായ് & റൗട്ട് ആശ**

ഖാദിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. മാറാസി ജാതിക്കൂട്ടത്തിലുള്ള അൻമോൾ സിങിനു ബാങ്കിൽ ജോലി ലഭിച്ചു. തലയിലുണ്ടായ ട്യൂമർ നിമിത്തം അടിക്കടി അബോധാവസ്ഥയിൽ വീഴുന്ന ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന അഗംപ്രീതിനു പ്രാർത്ഥനയാൽ പരിപൂർണ്ണ സൗഖ്യം ലഭിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സണ്ടെസ്കൂൾ അദ്ധ്യാപകരുടെ പരിശീലനം, സത്സാംഗ് പ്രോഗ്രാം എന്നിവയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. പുതിയ ശിശു പരിപാലന കേന്ദ്രം തുടങ്ങുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജക്കറോ ഗ്രാമത്തിലെ മാറാസി ജനവിഭാഗത്തിന്റെ ഇടയിൽ ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സോണി സിങ്, അമന്ധൈ സിങ്, കരൻസിങ്, എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. രൂപീന്ദർ സിങിന്റെ ഭുവുടമ അവരെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കുന്നില്ല. അയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### അഹമ്മദ്ഗഢ് മാന്ദി

**കൃപ രക്ഷണ & ഷക്കീന എസ്**

ലോഹത്പാടി, തുങ്കെഹരി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്താൽ 350 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ദൈവകൃപയാൽ മൂന്നു സ്നേഹിതരെ ലഭിച്ചു. ദിൽപ്രീത്, അവളുടെ വിവാഹത്തിനായി തീഷ്ണമായി പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥന കേട്ടു നല്ലൊരു ജീവിത പങ്കാളിയെ നൽകി അനുഗ്രഹിച്ചു. യൗവ്വനക്കാർക്കും സ്ത്രീകൾക്കുമായി ആരംഭിച്ച വേദപഠന ക്ലാസ്സിലൂടെ അവർ ആത്മീക വളർച്ച പ്രാപിക്കുന്നു. ജസ്പ്രീതിന്റെ മകൻ മയക്കു മരുന്നിന്റെ ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ ജസ്പ്രീത് സിങിനെ കർത്താവ് സൗഖ്യമാക്കി.

വിവാഹം കഴിഞ്ഞ് പതിനഞ്ചു വർഷമായി തലമുറക്കു വേണ്ടി കാത്തിരിക്കുന്ന അമൃത് സിങിന്റെ കുടുംബത്തിൽ ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും സുപ് സിങും ത്വക്കിലുണ്ടായ അണുബാധയിൽ നിന്നു നിഥയും മദ്യാസക്തിയിൽ നിന്നു ഹർപ്രീത് സിങും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ ആഖാൽ, ആകാശ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കു പറ്റിയ പ്രതാപ് സിങിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നങ്ങളാൽ ഭാരപ്പെടുന്ന ജ്യോതിയുടെയും വിക്കിയുടെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
# 7
ശനി

## ജന്മദിനാശംസകൾ

ഗിൽബർട്ട് വില്യംസ് എസ്,
സോളമൻ ജ്ഞാനശേഖർ,
തോങ് ഖോ ലുൻ കിപ്ഗൻ,
ജോൺ അരുൾരാജ്,
ലിയാൻബിയാക്നെമി സിങ്

### ബട്ടാല

**വാൽവി നേതാജി & മേസ്രാം കൽപന**

കഠിനമായ നെഞ്ചു വേദനയിൽ നിന്നു രഞ്ചനയെ ദൈവം സൗഖ്യമാക്കി. നമ്മുടെ വിശ്വാസി ഷാനിക്കു പുതിയ ഓട്ടോ റിക്ഷ വാങ്ങുവാൻ ദൈവം സഹായം നൽകി. ഷെക്കാൻ പ്രദേശത്തു സംഘടിപ്പിച്ച സ്ത്രീജന യോഗത്തിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

പുതിയ സ്നേഹിതനായ അമൃത് സിങിനു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ത്വക്കു രോഗത്താൽ കഷ്ടപ്പെട്ട സുപ് സിങിനെയും നീഥയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു ഹർപ്രീതി സിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ അഞ്ചൽ, ആകാശ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ ഗുരുതരമായ പരുക്കു പറ്റിയ പ്രതാപ് സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ട്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & കോങ്കാനി സുമിത്രബൻ**

ലക്ഷ്മിയുടെ പ്രാർത്ഥനക്കുത്തരമായി ദൈവം അവൾക്കു സുഖപ്രസവം നൽകി അനുഗ്രഹിച്ചു. കഠിനമായ ഉദര വേദനയിൽ നിന്നും സംഗീതയെ കർത്താവ് സൗഖ്യമാക്കി. ഉയർന്ന രക്ത സമ്മർദ്ദത്തിൽ നിന്നും പ്രാകാശിനെ ദൈവം പ്രാർത്ഥനയാൽ സൗഖ്യമാക്കി. തീപിടുത്തത്തിൽ നമ്മുടെ കുട്ടികളായ വിശാൽ, പാരി എന്നിവരെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. നമ്മുടെ വിശ്വാസിയുടെ മുഖത്തുണ്ടായിരുന്ന പരു ശസ്ത്രക്രീയയിലൂടെ വിജയകരമായി നീക്കം ചെയ്തു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ സുന്ദർ ലാലിനെ ഭാര്യയുടെ തീഷ്ണമായ പ്രാർത്ഥനയാൽ ഓപ്പറേഷൻ ഇല്ലാതെ കർത്താവ് സൗഖ്യമാക്കി.

കരൾ സംബന്ധമായ രോഗത്തിൽ നിന്നു 29 വയസ്സുള്ള പ്രശാന്തിനു സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുന്ദർലാൽ, മോനിക്ക, നിഥും എന്നിവർ ദുരുപദേശകരുടെ ഉപദേശത്തിൽ വീണു പോകാതെ വിവേചിച്ച് കാര്യങ്ങൾ മനസ്സിലാക്കി ദൈവവചനത്തോടു വിശ്വസ്തതയുള്ളവരായി ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമത്തലവനെയും മന്ത്രവാദിയെയും കർത്താവ് രക്ഷയുടെ അനുഭവത്തിലാക്കി സുവിശേഷ പ്രഘോഷണത്തിനു അവരെ ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം ജോഷിയുടെ കുടുംബത്തിൽ ദൈവകൃപയാൽ ഐക്യതയുടെ ആത്മാവ് പ്രവർത്തിച്ചു സമാധാനം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**8**

**ഞായർ**

## ജന്മദിനാശംസകൾ

ഹമുവേൽ ലിമ്മ,
റാണി ഉറാൻവ്

## ഹരിയാന

### തോഷാം

**അജയ് ബർദെ &**
**ഷ്യായതുൾ ഗെഹോൾഡ്**

ലക്ഷ്മിയുടെ മാതാവിനെ കഠിനമായ ചുമയിൽ നിന്നും നെഞ്ചു വേദനയിൽ നിന്നും പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ദൈവീക ഇടപെടലിനാൽ മുകേഷിനു നല്ലൊരു ജോലി ലഭിച്ചു. മദ്യാസക്തിയിൽ നിന്നും ഗുൽസാൻ വിടുതൽ പ്രാപിച്ചു. ഓഅപകടത്തിൽ ഭാവനെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. അതിശൈത്യത്തിൽ നമ്മുടെ മിഷനറിമാരെയും മക്കളെയും പ്രായമുള്ളവരെയും കർത്താവ് പരിപാലിച്ചു..

അടിക്കടിയുണ്ടാകുന്ന അപസ്മാരത്താൽ കഷ്ടപ്പെടുന്ന പ്രവീണിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഠിനമായ രോഗത്താൽ വലയുന്ന പൂജയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. എതിർപ്പിനെ തുടർന്നു നിർത്തിവെച്ച പലവാസ് ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ പാവനു വീടു നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തികം ദൈവം അത്ഭുതകരമാം വിധം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### കെർവാദ

**ദേബാശിഷ് ഹെമ്പ്രം &**
**ഷെഫാസി ഹൻസ്ത**

ആറു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രക്തസ്രാവത്തിൽ നിന്നും ടൈഫോയ്ഡിൽ നിന്നും അമ്പബന്നിനെ കർത്താവ് സൗഖ്യമാക്കി. മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ച രമേശ് ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. രാമിള ബന്നിന്റെ ഉദരത്തിലെ ട്യൂമർ കർത്താവ് സൗഖ്യമാക്കി. മമത ബൻ, നാരായൺ ഭായ് എന്നിവർ സന്നദ്ധ സുവിശേഷകരായി നമ്മോടു ചേർന്നു പ്രവർത്തിക്കുവാൻ തയ്യാറായി. ഒമ്പതു വയസ്സുള്ളള ഈശ്വർ പെട്ടെന്നു കുഴഞ്ഞു വീണെങ്കിലും പ്രാർത്ഥനയാൽ ദൈവം അവനെ സൗഖ്യയമാക്കി.

അരവിന്ദന്റെ കുടുംബം ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു ദിനേശ്, മുകേഷ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷ എഴുതുന്ന സാജൻ, മഹിമ, സന്തോഷ് എന്നിവർക്കായി പ്രാർത്ഥിക്കുക. രണ്ടു ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ഗ്രാമത്തലവന്മാരുടെ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കായ, പൈക് പുത്തൂർ എന്നീ ഗ്രാമങ്ങളിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു ഗ്രാമങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന ജീസസ് ഫിലിം പ്രദർശനത്തിലൂടെ അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 9

**തിങ്കൾ**

## ജന്മദിനാശംസകൾ

വാസന്തി സ്റ്റെല്ല ഇമ്മാനുവേൽ,
ജ്ഞാന സുന്ദരി ആർഥർ,
ഡേവിഡ് പി, പ്രവതി മണി വിനോദ് കുമാർ

### ഉദൈപൂർ

**ആശീഷ് കുമാർ & സവിത ദേവി**

കാദിക്കിയ പാല ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ ദൈവകൃപയാൽ ആരംഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും രജ്ഞന, ഗുഡിയ, ജ്യോതി, രാമില, ലക്ഷ്മി എന്നിവർ വിടുതൽ പ്രാപിച്ചു. മുട്ടു വേദന നിമിത്തം ഇരിക്കുവാനോ നടക്കുവാനോ കഴിയാതെ വലഞ്ഞ ദാവരി ഭായ് വിടുതൽ പ്രാപിച്ചു.

ഉടനെ നടക്കുവാൻ പോകുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ദൈവം നിയോഗിക്കുന്നവർ അധികാരത്തിൽ വരേണ്ടതിനായി പ്രാർത്ഥിക്കുക. കാദിക്കിയ പാല ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തസ്രാവത്താൽ വലയുന്ന താര, ആശ, നിരാമ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗർഭസ്ഥ ശിശുക്കൾ നഷ്ടപ്പെട്ടു പോയ ഗീത, ലീല, നീല എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന എസ്ഥേർ, രോഷൻ എന്നിവരുടെയും മാസിക രോഗിയായ മങ്കിലാലിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരായ മോഹൻ ലാൽ, ആശീഷ് താമർ, ശ്യാം ലാൽ എന്നിവരുടെ കുടുംബം ആത്മീകമായി ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ & എസ്ഥേർ ജി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനേകർ ഇവിടെ നടത്തിയ യുവജന സമ്മേളനത്തിലും യുവ ദമ്പതികളുടെ യോഗങ്ങളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. റിപ്പബ്ലിക് ദിനത്തിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥന അനവധിയാളുകൾ സംബന്ധിച്ചു. വൈദ്യുതാഘാതത്തിൽ റീത്തയെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. കഠിനമായ ശൈത്യത്തിൽ നിന്നും അന്തരീക്ഷ മലിനീകരണത്തിൽ നിന്നും ദൈവേലക്കാരെയും വിശ്വാസികളെയും ദൈവം സംരക്ഷിച്ചു.

വിശ്വാസികളുടെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക. പരീക്ഷ നല്ലവണ്ണം എഴുതി നല്ല വിജയം കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാവിത്രി, സന്ധിരവതി, വെൽവിഴി, ഷാലു, ദയാനന്ദ് എന്നിവർ കുടുംബമായി യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗംഗ, പിങ്കി, പ്രിയദർശി, നിഷ, കവിത, കിരൺ എന്നിവർ ലോകയിമ്പങ്ങളിൽ നിന്നു വിടുതൽ പ്രാപിച്ചു പൂർണ്ണ ഹൃദയത്തോടെ ദൈവത്തിങ്കലേക്കു തിരിയേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**10**

**ചൊവ്വ**

## ജന്മദിനാശംസകൾ

സെൽവകുമാർ ആർ,
പ്രമീള സൊാറൻ,
ഷർമിള സതീഷ്

## ഉത്തർപ്രദേശ്

### തുണ്ട്ല

**സമരേന്ദ്ര സിങ് &**
**സുസ്മിത ആരതിലത**

നമ്മുടെ വിശ്വാസികളായ മൻമോഹൻ, ഗാൻസിങ് എന്നിവരെ അപകടത്തിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഗ്രാമവാസികളുടെ എതിർപ്പുകൾ നേരിട്ടു മിഥിലേശ് വിശ്വാസത്തിൽ ഉറച്ചു നിന്നു ഗ്രാമത്തിലെ അമ്പല നിർമ്മാണത്തിനു പണം നൽകിയില്ല. വിശ്വാസികളായ മഹാവീർ, ഹക്കിംസിങ്, ലക്കൻ സിങ് എന്നിവർ കുടുംബമായി പിഡനത്തിൽ തളർന്നു പോകാതെ വിശ്വാസത്തിൽ നില നിൽക്കുന്നു.

കർശാന, ശിർസകഞ്ച്, കുഷിയാർ, പരൽ എന്നീ ഗ്രാമങ്ങളിലുള്ളവരെ ദൈവസ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കട്ടെന കർശ, ജലാൽപൂർ, മർക്കാതി, രൻജിദി, പ്രദേശ്, ജെയിൻ തീർത്ത, സാമോർക്കൻ എന്നീ ഗ്രാമങ്ങളിലുള്ളവർ ആത്മീക അന്ധതയിൽ നിന്നും മോചനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ആത്മാർത്ഥമായി ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ പങ്കെടുക്കുന്നു. സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്നവർ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗാട്ടമ്പൂർ

**ജങ്കോലുൻ തൗതാങ് &**
**ന്ഗൈ തിയാൻചിങ്**

ശൈത്യകാല കെടുതികളിൽ നിന്നും സുവിശേഷ വിരോധികളുടെ ഉപദ്രവങ്ങളിൽ നിന്നും നമ്മുടെ വിശ്വാസികളെ ദൈവം സുരക്ഷിതമായി സംരക്ഷിച്ചു. പിന്മാറ്റത്തിലായിരുന്ന വിശ്വാസി വിനോദ് മദ്യപാനത്തിൽ മുക്തനായി ആരാധനയോഗത്തിൽ സംബന്ധിക്കുന്നു. നമ്മുടെ പ്രാദേശിക സുവിശേഷകനെതിരായി അവൻ കള്ളക്കേസ് കൊടുത്തിരുന്നു. അവൻ അനുതപിച്ച് നിരപ്പു പ്രാപിച്ചു കർത്താവിങ്കലേക്കു തിരിഞ്ഞു. മതതീവ്രവാദികളുടെ ഭീഷണിയിലും ഉപദ്രവത്തിലും വിശ്വാസത്തിൽ നിന്നു പിന്മാറാതെ ശ്രീ കിഷനും കുടുംബം ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു.

കഴിഞ്ഞ മൂന്നു വർഷമായി വിശ്വാസികളെ ഉപദ്രവിക്കുകയും സുവിശേഷ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന മതതീവ്രവാദികൾ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ആറു സ്വദേശ സുവിശേഷർക്കും മിഷനറിമാർക്കും ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനും അവരെ ഈ മിഷൻ വയലിൽ ദൈവം അത്ഭുതകരമായി ഉപയോഗിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 11

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ആശീർ സെൽവരാജ് സി,
പ്രവീൺ ദാസ്,
സതികാന്ത പരിച്ച

### ജാലൂൻ

**ഗവിത് രാകേഷ് & ഇർഗർ രേശ്മ**

മൂന്നു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ദാൻ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ബഗത്പുര ഗ്രാമത്തിൽ സംഘടിപ്പിച്ച മുഴു രാത്രി പ്രാർത്ഥനയിൽ ധാരാളം ആളുകൾ സംബന്ധിച്ചു തീഷ്ണമായി പ്രാർത്ഥിച്ചു. സുതാൻ പുര, മാൻപുര, പച്ചക്കേര എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികളുടെ യോഗവും അന്വേഷക ക്യാമ്പും വിജയകരമായി സംഘടിപ്പിച്ചു.

വിവാഹം കഴിഞ്ഞു നാലു വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെടുന്ന ഭാഗ്യത്തിന്റെ കുടുംബം ദൈവീക ആനുഗ്രഹത്തിനായി പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. വിവാഹം കഴിഞ്ഞു 15 വർഷമായ ദിനേശിന്റെ കുടുംബം തലമുറക്കായി കാത്തിരിക്കുന്നു. മദ്യാസക്തിയിൽ നിന്നു മുനേഷ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാറിടത്തിൽ കാൻസർ ബാധിച്ച പ്രീതി, അടിവയറ്റിൽ നീർവീക്കമുള്ള ശശി, പൈശാചിക ബന്ധനത്താൽ വലയുന്ന ജാഗേശ്വർ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### ബർത്താന

**രാജൻ എസ് & ജപ മലർ എസ്**

സുബേര ജനവിഭാഗത്തിനായി മുർച്ച ഗ്രാമത്തിൽ ഒരു ശിശു പരിപാലന കേന്ദ്രം സ്ഥാപിച്ചു. ഇവിടെ ചേർന്ന 35 കുട്ടികൾക്കു ഇതൊരനുഗ്രഹമാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥന പൂർവ്വമായ നാലു വർഷത്തെ കാത്തിരിപ്പിനൊടുവിൽ പങ്കജിന്റെ കുടുംബത്തിൽ തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. മദ്യാസക്തിയിൽ നിന്നും വിജയാന്ത് വിടുതൽ പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും അനിൽ മുക്തനായി.

ആരാധന യോഗത്തിൽ സംബന്ധിക്കുന്ന മാലതി, ഈഷ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പിനെ തുടർന്നു നിർത്തിവെച്ച മെഹന, പൈസോളി എന്നീ ഗ്രാമങ്ങളിലെ ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മമത, മാനിഷ എന്നിവരുടെ കുടുംബത്തിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം മിലാക് സഭയിലെ വിശ്വാസികൾ ആരാധനയിൽ സംബന്ധിക്കുന്നതിനു ഭയപ്പെടുന്നു. ദൈവം അവരുടെ വിശ്വാസത്തെ വർദ്ധിപ്പിച്ചു, ആരാധനയിൽ സംബന്ധിക്കുന്നതിനു ശക്തി നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ ഭാര്യ ആരതി നെഞ്ചു വേദനയിൽ നിന്നും വിഷാദ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം സീയാറാം എതിർപ്പു നേരിടുന്നു അവനെയും കുടുംബത്തെയും ദൈവം പരിപാലിക്കേണ്ടതിനും അവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായും പ്രാർത്ഥിക്കുക.

**മാർച്ച്**

**12**

**വ്യാഴം**

## ജന്മദിനാശംസകൾ

ഷൈനി കിങ്സ്ലി
ലത്ഖോഗിൻ മാതെ

### ഹസൈറാൻ

**സുരേഷ് മാൾട്ടോ**

എതിർപ്പിനെ തുടർന്നു അടെച്ച കാഗർവപുര ദൈവാലയം ദൈവകൃപയാൽ ആരാധനക്കായി വീണ്ടും തുറന്നു. മുത്തേഗാപൂറിൽ നിന്നും ധാരാളം വിശ്വാസികൾ ആവേശത്തോടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം വിജയകരമായി സംഘടിപ്പിച്ചു.

ആരാധനയിൽ സംബന്ധിക്കുന്നതിനെ എതിർക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന ഗ്രാമവാസികളിൽ നിന്നും ഹാസാറെൻ ഗ്രാമത്തിലെ വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ മുകുന്ദ്സിങിന്റെ മകൻ രഘുരാജൻ ക്ഷയ രോഗത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും അനുരാഗിനെ ദൈവം വിടുവിച്ചു.

### ബസ്തി

**ശ്രീനിവാസൻ ജെ & ഷീബ ജി ചന്ദ്ര**

ഗുരുതരമായ ഒരു കാർ അപകടത്തിൽ നിന്നും നമ്മുടെ വിശ്വാസിയായ മായയെ ദൈവം പരിപാലിച്ചു. കാർ തലകീഴായി മറിഞ്ഞിട്ടും ഒരു പോറലു പോലും എല്ക്കാതെ ദൈവം സംരക്ഷിച്ചു. ഈ റീജിയനിൽ 144 പ്രഖ്യാപിച്ചിരുന്നെങ്കിലും പോലിസിന്റെ അനുവാദത്തോടെ പുതു വർഷ ആരാധന നടത്തി. എതിർപ്പുകളുടെ മദ്ധ്യേ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന ദൈവകൃപയാൽ വിജയകരമായി നടത്തി.

അധരത്തിൽ കാൻസർ ബാധിച്ച ചിന്താമണി, ഗർഭപാത്രത്തിൽ മുഴയുള്ള അനുരാധ എന്നിവർക്കു ദൈവം വിടുതൽ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ആരാധനക്കൂട്ടങ്ങൾ എതിർപ്പുകളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവം തന്റെ വേലക്കാരെ സംരക്ഷിക്കുന്നു

മദ്ധ്യപ്രദേശിൽ ഖർഗോൺ മേഖലയിലെ വെങ്കൂർ എന്ന ഗ്രാമത്തിൽ ക്രിസ്തുമസ് കരോൾ ഗാനങ്ങൾ പാടിയതിനു ശേഷം തിരികെ വരികയായിരുന്നു. സുവിശേഷ വിരോധികളാൽ നമ്മുടെ ചില മിഷനറിമാർ ആക്രമിക്കപ്പെട്ടു. അവരെ മർദ്ദിക്കുകയും വാഹനങ്ങൾ കേടുവരുത്തുകയും ചെയ്തു. ഈ അപകട സാഹചര്യത്തിൽ മിഷനറിമാർ സമീപത്തുള്ള വിശ്വാസികളുടെ ഭവനത്തിൽ അഭയം പ്രാപിച്ചു. ഗ്രാമവാസികളിൽ നിന്നു കൂടുതൽ എതിർപ്പുകൾ ഉണ്ടാകുന്നതിനു മുമ്പ് അവർ ഒരു ഇടുങ്ങിയ വഴിയിലൂടെ അഞ്ചു കിലോമീറ്റർ വയലിലൂടെ നടന്നു മറ്റൊരു വിശ്വാസിയുടെ ഭവനത്തിലെത്തി. വലിയ ദോഷം ഭവിക്കാതെ തന്റെ ദാസന്മാരെ സഹായിച്ച ദൈവത്തിനു നന്ദി. നമ്മുടെ മിഷനറിമാരുടെ സുരക്ഷിതത്വത്തിനായും അവർ ധൈര്യമായിരിക്കേണ്ടതിനുമായി നമുക്കു തുടർന്നും പ്രാർത്ഥിക്കാം.

**മാർച്ച്**

# 13

**വെള്ളി**

## ജന്മദിനാശംസകൾ

ഹുത്തോയ് അച്ചുമി കെ,
യേശു പ്രകാശ് ജെ

## ചൈംഗഞ്ച്

### സ്റ്റീഫൻ ഹൻസ്ത & സുബാഷിണി മുർമ്മു

വിശ്വാസികൾ ആത്മീകവും ശാരീരികവുമായ സൗഖ്യം പ്രാപിച്ചു. നമ്മുടെ മിഷനറിയുടെ സഹോദരൻ നരൻ മുർമ്മു വിഷാദ രോഗത്തിൽ നിന്നും പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. ഉയർന്ന രക്ത സമ്മർദ്ദത്താലും പ്രമേഹത്താലും കഷ്ടപ്പെട്ട ബില്ലിയുടെ മാതാവിനെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി.

ശരീരമാസകലം പരുക്കൾ ബാധിച്ച രാമുവിന്റെ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബില്ലിക്കു ദൈവ കൃപയാൽ അനുയോജ്യമായ ക്രിസ്തീയ വിശ്വാസമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മരത്തിൽ നിന്നു വീണു കാലിനു പരുക്കു പറ്റിയ പത്തു വയസ്സുള്ള ബാലന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രുത്തോൾ ഗ്രാമത്തിലെ ആരാധനയിൽ സംബന്ധിക്കുന്ന രണ്ടു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.നമ്മുടെ മിഷനറി സ്റ്റീഫന്റെ സഹോദരിക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# മദ്ധ്യപ്രദേശ്

## ധാർ

### സന്തു മാറാണി & രാഖി മാർദി

സുലപെടി, പൽവാട എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിച്ചു. അഞ്ചു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ആറു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. അമൽജീമ ഗ്രാമത്തിൽ ആത്മാക്കളെ നേടുന്നവർക്കായി ഒരു ക്യാമ്പ് നടത്തി. നയപൂര ഗ്രാമത്തിൽ യുവജനങ്ങളുടെ പരിശീലന ക്യാമ്പ് ദൈവകൃപയാൽ അനുഗ്രഹകരമായി നടത്തി. കരൾ സംബന്ധമായ രോഗത്താൽ വലഞ്ഞ ബത്തിയ ഗ്രാമത്തിലെ 26 വയസ്സുള്ള അനിലിനു വിശ്വാസിയുടെ ഭവനത്തിലെ പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ച വേളയിൽ ദൈവം അത്ഭുത സൗഖ്യം നൽകി അനുഗ്രഹിച്ചു. ഈ അത്ഭുത സൗഖ്യത്തിനു മുഴു ഗ്രാമവും സാക്ഷ്യം വഹിച്ചു.

ഉടനെ നടത്തുവാനുദേശിക്കുന്ന വിശ്വാസ പ്രഖ്യാപന സമ്മേളനത്തിന്റെ അനുഗ്രഹത്തിനും തടസ്സങ്ങളില്ലാതെ നടത്തേണതിനുമായി പ്രാർത്ഥിക്കുക. ഗംഗവാനി താലുക്കിൽ സുവിശേഷം അറിയിക്കുവാൻ തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബഗരീത്ത്, പർമാത്ത്, ചൗഹാൻ എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും സുരക്ഷക്കായി പ്രാർത്ഥിക്കുക. ചൗരാൻ, രാംസിങ്, ബക്രിത്, പരമന്ദ്, അനിൽ ബഘെൽ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക.

# മാർച്ച് 14
## ശനി

### ജന്മദിനാശംസകൾ

എലിസബേത്ത് ഡേവിഡ്, വ്യാസു ബാബു എ, വുങ് തിയാന് ചിങ് താങ് ചിൻ ലിയാൻ, ബീരാരി റീതാബൻ

### ഖർഗോൺ

**ബീനിത പ്രസാദ് & അമോജിത**



എതിർപ്പുകളുടെ മദ്ധ്യത്തിലും അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സഭാമൂപ്പന്മാരും വിശ്വാസികളും താല്പര്യ പൂർവ്വം ആവേശത്തോടെ സുവിശേഷ വേല ചെയ്യുന്നു. ഉഷ ബൻ, മാനിഷ, പോപ്ലാർബായ്, സംഗീത എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ബനൂർ, ബുയിത എന്നീ ഗ്രാമങ്ങളിൽ എതിർപ്പുകളുടെ മദ്ധ്യത്തിലും ആത്മീക യോഗങ്ങൾ നടത്തി.



ശരീരം മുഴുവൻ പരുക്കൾ ബാധിച്ച കുമാർസിങ് ഭായിയുടെയും ക്ഷയ രോഗികളായ റുംസിങ് ഭായി, പൂണി ഭായി എന്നിവരുടെയും കാൻസറിനാൽ കഷ്ടപ്പെടുന്ന മിലിസിങ്, മുകേഷ് ഭായി, ഗംഗാമൻജി എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സംഗീത ബൻ വിടുതൽ പ്രാപിച്ചു. കിരൻ, ഹീന, റിന്ധു, റിങ്കു എന്നിവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജ ഭായ്, ജഗൻ ഭായ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മരണഭയം നീങ്ങിപ്പോയി

മഹാരാഷ്ട്രയിൽ സുർഗാണ മിഷൻ വയലിലുള്ള ഹനുവന്ത്മാൽ ഗ്രാമത്തിലെ രാജുധുലെ ഗുരുതരമായ നേത്ര രോഗത്താൽ വലയുകയാണെന്ന് പരിശോധനയിൽ കണ്ടെത്തി. ഡോക്ടറന്മാർ പറഞ്ഞു അവന്റെ കണ്ണിലെ ഒരു ഞരമ്പ് പൊട്ടിയിരിക്കുന്നു. അവനു കഠിന വേദനയും തലച്ചുറ്റലും ഉണ്ടായി. അവൻ ഹൃദയം ഭയത്താൽ നിറഞ്ഞു. ഈ പരിതാപ അവസ്ഥയിൽ പ്രാദേശിക സുവിശേഷകനോടു പ്രാർത്ഥന ആവശ്യപ്പെട്ടു. സഭ അവന്റെ ഭവനത്തിൽ കടന്നു വന്നു ഉപവസിച്ചു അവന്റെ വിടുതലിനായി തീക്ഷ്ണമായി പ്രാർത്ഥിച്ചു. ആ ദിവസം മുതൽ രാജുവിന്റെ ആരോഗ്യ നില പുരോഗമിക്കുവാൻ തുടങ്ങി. താമസിയാതെ അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഞായറാഴ്ച ആരാധനയിൽ അവൻ സാക്ഷ്യം പറഞ്ഞു. തനിക്കും ആരോഗ്യം നൽകിയ ദൈവത്തെ മഹത്വപ്പെടുത്തി. ഹല്ലേലുയ്യ!

### ദൈവം നാവിന്റെ കെട്ടഴിച്ചു

മദ്ധ്യപ്രദേശിൽ കർഗൗൺ മിഷൻ വയലിലുള്ള ദെക്കാവ ഗ്രാമത്തിലെ പുതിയ വിശ്വാസിയാണ് വൈശായ്. അവളുടെ അഞ്ചു വയസ്സു പ്രായമുള്ള അമൃത ജന്മനാ ഊമയാണ്. അവളെ അനേക അമ്പലങ്ങളിലും ആശുപത്രികളിലും സൗഖ്യത്തിനായി കൊണ്ടു പോയെങ്കിലും ഒരു ഫലവും ഉണ്ടായില്ല. അവർ ദെക്കുവ ഗ്രാമത്തിലെ ഒരു പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചപ്പോൾ വിശ്വാസികൾ പൈതലിനു വേണ്ടി തീക്ഷ്ണമായി പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു പൈതലിന്റെ നാവിന്റെ കെട്ടഴിച്ചു. ഇന്ന് അമൃത എന്ന കൊച്ചു പെൺകുട്ടി സ്ഫുടതയോടെ സംസാരിക്കുന്നു. എല്ലാ മഹത്വവും നമ്മുടെ കർത്താവിനു മാത്രം!

## മാർച്ച്
# 15
## ഞായർ

### ജന്മദിനാശംസകൾ

അരുണ കിങ്സ്ലി, സ്റ്റാലിൻ ജീവ എൻ,
പരൻ ജോതി ലൂസിന സുബ്രമണ്യൻ,
എയ്ഞ്ചലീൻ വാസന്തി ഇളങ്കോവൻ,
ഹിൽജാം കെന്നടി സിങ്,
രാജൻ എസ്, ഷൈല ഹൻസ്താക്

## ബീഹാർ

### ചാത്തപൂർ

**രവി കെ & സുധാറാണി ഭായ്**

എതിർപ്പിനെ തടുർന്നു നിർത്തിവെച്ച മധുബനി, ഹരിയാർത്ത എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗം ദൈവനാമ മഹത്വത്തിനായി പുനരാരംഭിച്ചു. അസഹനീയമായ തലവേദന നിമിത്തം ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ച സന്തോഷിനു വിശ്വാസികൾ ചേർന്നു കണ്ണുനീരോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അത്ഭുതകരമായ സൗഖ്യം നൽകി.

മതതീവ്രവാദികളാൽ നിർത്തിവെച്ച റായ്പൂർ ഗ്രാമത്തിലെ ആരാധനയോഗം വീണ്ടും ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കു കർത്താവിനെ സ്വാതന്ത്ര്യത്തോടു കൂടെ ആരാധിക്കുന്നതിനുള്ള ധൈര്യവും ദൈവീക സംരക്ഷണവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അർവ ഗ്രാമത്തിലെ പൂജാരി നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നു. തമ്പാവ ഗ്രാമത്തിലെ സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്ന പുലൻ, രജ്ജിത്ത്, സുരേന്ദർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മൂലക്കുരു രോഗത്തിൽ നിന്നു ജയകുമാറും ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നു രാമ്പതി ദേവിയും, കുഷ്ഠ രോഗത്തിൽ നിന്നു പരുൻസദ, ദെരൻ സഗ എന്നിവരും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മുരളിഗഞ്ച്

**ജീവനാഥൻ എം & ജോസഫൈൻ**

കഴിഞ്ഞ രണ്ടു വർഷമായി മൂലക്കുരുവിനാൽ കഷ്ടപ്പെട്ട സുനി ദേവിക്കു ദൈവം സമ്പൂർണ്ണ സൗഖ്യം നൽകി. പൻമാങ്കി റീജിയനിൽ നടത്തിയ സുവിശേഷീകരണ യോഗത്തിൽ രാജി പ്രദീപ് ആത്മാർത്ഥമായി പങ്കെടുത്തു. പുതിയ വിശ്വാസിയായ ദേവസന്ധെ ദേവി തന്റെ ജീവിതം പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിച്ചു. അനേകനാളത്തെ തീഷ്ണമായ പ്രാർത്ഥനയുടെ ഫലമായി സന്തോളിയ ദേവി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

മൂന്നു വർഷം മുമ്പ് ശസ്ത്രക്രീയയിലൂടെ സത്യ ദേവിയുടെ പരു നീക്കം ചെയ്തിരുന്നു. അതിന്റെ പാർശ്വഫലങ്ങൾ അനുഭവിക്കുന്ന സത്യ ദേവിയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ അവരുടെ പഴയ ആരാധന രീതികളിൽ നിന്നു പൂർണ്ണ വിടുതൽ പ്രാപിച്ചു കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ സുന്ദര ദേവിയുടെ കുടുംബാംഗങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൻമാങ്കി ഗ്രാമത്തിൽ ആരാധന നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**16**

**തിങ്കൾ**

## ജന്മദിനാശംസകൾ

യെക്സ്ടോ ചോഷി,
അഗസ് ഏബനേസർ എഡ്വേർഡ് ജപസിങ്,
അനിമോൾ ജോൺ കുമാർ
ഷെഫാലി ഹൻസ്ത

## ജാർഖണ്ഡ്

### മാണിക്ക

**വേദമാണിക്യം അഷാദുരൈ & ജപ ദെബരാജ്**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിവാഹം കഴിഞ്ഞ് പത്തു വർഷമായി മക്കളില്ലാതെ വേദനപ്പെട്ട റൂബി ദേവിയുടെ പ്രാർത്ഥന കേട്ടു ദൈവം അവൾക്കു തലമുറയെ നൽകി അനുഗ്രഹിച്ചു. പതിനഞ്ചു ദിവസത്തോളം അബോധാവസ്ഥയിലായിരുന്ന സുഷ ദേവി വിശ്വാസികളുടെ തീഷ്ണമായ പ്രാർത്ഥനയാൽ പുതുജീവൻ പ്രാപിച്ചു. കുടൽ സംബന്ധമായ രോഗങ്ങളാൽ പ്രയാസപ്പെട്ട സുക്കാൻ പുയ്യായെ ശരിയായ ചികിത്സയിലൂടെ കർത്താവ് സൗഖ്യമാക്കി.

ബീഹാര ദൈവാലയത്തിന്റെ ചുറ്റു മതിൽ പണിയുന്നതിനുള്ള എതിർപ്പുകൾ നീങ്ങി വിജയകരമായി പണികൾ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റിങ്കി ദേവി, സുഗി ദേവി, ലീലാവതി, മുനി ദേവി എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിരൺധി കുമാരി, മജ്ജു ദേവി, സാനിച്ചോർ പുയാൻ എന്നിവർ ക്ഷയ രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നു റിങ്കി ദേവി സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക പോരാട്ടത്താൽ കാഴ്ച നഷ്ടപ്പെട്ട സരണി ദേവിയുടെ പൂർണ്ണ സൗഖ്യത്തിനും വിടുതലിനുമായി പ്രാർത്ഥിക്കുക.

### ബർഹർവ

**മല്ല വിദ്യാസാഗർ & ദീപിക റാണി**

രവി മധു ദാസിനു അനുവദിച്ചു കിട്ടിയ ഭവനം ക്രിസ്ത്യാനിയാണെന്ന കാരണത്താൽ നിഷേധിച്ചു. ദൈവം അവന്റെ പ്രാർത്ഥന കേട്ടു വീണ്ടും ഭവനം അനുവദിച്ചു കിട്ടി. റോഡപകടത്തിൽ ജോസ്ന ദേവി, ജയ് രവിദാസ് എന്നിവർക്കു ദൈവിക സംരക്ഷണം ലഭിച്ചു. പുച്ചാൻ ദേവിയെ വിഷപാമ്പിൽ നിന്നു ദൈവം സംരക്ഷിച്ചു. വൈദ്യുതാഘാതത്തിൽ നിന്നു പ്രീതമിനെ ദൈവം അത്ഭുതകരമായി വിടുവിച്ചു. വിശ്വാസിയുടെ നഷ്ടപ്പെട്ടു പോയ പൈതലിനെ സുരക്ഷിതമായി തിരികെ ലഭിച്ചു.

പുത്‌ലി ദേവി പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാണാതെ പോയ മുക്കൻ സിങ് സുരക്ഷിതനായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താൽ വലയുന്ന സിന്ധു എന്ന പെൺകുട്ടി അത്ഭുത സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയുടെ മകൻ ദുഷിച്ച സ്വഭാവങ്ങളിൽ നിന്നു മുക്തനായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശാരീരിക വെല്ലുവിളി നേരിടുന്ന മൻസിഷായുടെ ഭാവി അനുഗ്രഹിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**
# 17
**ചൊവ്വ**

## ജന്മദിനാശംസകൾ

സെൽവരാജ് എ, സവിത ദേവി
ജുമൽ മുണ്ട

### ഗോർപാദ

**കിൻസ്ലി ആർ & ഷൈനി എ ഡബ്ലു**

ബഹതിടോലി ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. മന്ത്രവാദികളായ ഗാന്ധി, ജമ ബഹാദി എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

വലതു കരം തളർന്നു പോയ ആനന്ദ് രാജിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുമാർ പഹാഡിയ ജനവിഭാഗങ്ങളുടെ ഇടയിൽ നടത്തുവാനിരിക്കുന്ന കൺവൻഷൻ (മേള) തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കൊർപാട, പദുത്ത എന്നീ ഗ്രാമങ്ങളിലെ ദിനപരിപാലന കേന്ദ്രത്തിലേക്കു സമർപ്പിതരായ അനുയോജ്യരായ അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തീൻ പഹാട്

**നെഹമ്യാവ് & അനാമിക പെഗു**

സഹോദരനുമായി പിണങ്ങി കഴിഞ്ഞിരുന്ന സരവമുണ്ട, വ്യത്യാസങ്ങൾ മറന്ന് ബന്ധം പുനസ്ഥാപിച്ചു. അപകടത്തിൽ മുഖത്തു പരുക്കു പറ്റിയെങ്കിലും ജീവൻ നഷ്ടപ്പെടാതെ കമാദി ദീക്കെയെ ദൈവം പരിപാലിച്ചു.

ഗവൺമെന്റ് ബോർഡ് പരീക്ഷ എഴുതുന്ന ആകാശ്, ദാപോ, പ്രീയങ്ക പിഞ്ച് എന്നിവർക്കു ദൈവീക ജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുഖത്തും തലക്കും ഗുരുതര പരുക്കു പറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ച വിക്രം ദീക്കക്കു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭയിലെ യുവജനങ്ങൾ ദൈവഭയമുള്ളവരായി സാക്ഷ്യ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനുള്ള ധൈര്യവും അവസരവും വികാസിനു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വൈദ്യന്മാരേക്കാൾ ശ്രേഷ്ഠനായ വൈദ്യൻ

പഞ്ചാബിലെ അജിത്വാൾ ഗ്രാമത്തിലെ യോഗവർക്ക് സൈറ്റിൽ ഡോക്ടറായി സേവനം ചെയ്യുന്ന ജോടി സിങ് വൃക്കയിലുണ്ടായ കല്ലിനാൽ ഏറെ വേദനയനുഭവിച്ചു. പതിനഞ്ചു ദിവസം അസഹനീയമായ വേദനയാൽ കഷ്ടപ്പെട്ടു. മരുന്നു കൊണ്ടു വേദന ശമിച്ചില്ല. അവൻ ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ചു പ്രാർത്ഥന അപേക്ഷിച്ചു. സഭ വിശ്വാസത്തോടെ അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവത്തിൽ വിശ്വസിച്ച അവനു അന്നു തന്നെ പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിച്ചു. പ്രാർത്ഥനയെ തുടർന്നു മിഷനറി അവനു ഒരു ക്ലാസ്സ് വെള്ളം കുടിക്കുവാൻ കൊടുത്തു. അന്നു സന്ധ്യക്കു അവന്റെ വൃക്കയിലെ കല്ല് സ്വാഭാവികമായി മൂത്രത്തോടൊപ്പം പുറത്തു പോയി. ജോടിസിങ് ആനന്ദത്തോടെ തന്റെ സാക്ഷ്യം സഭയിൽ പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. തന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ച ദൈവത്തെ പുകഴ്ത്തി. സത്യമായും നമ്മുടെ കർത്താവ് ശ്രേഷ്ഠ വൈദ്യൻ ആകുന്നു!

**മാർച്ച്**

**18**

**ബുധൻ**

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ഇന്ദിരമ്മ ദാനിയേൽ വിജയരാജ്

### ലാൽമട്ടിയ

**അമരേന്ദിരൻ & ഗൗരമ്മ സുവേദ**

ഒരു മാസത്തോളം ശയ്യാവലംബയായ മായ മുർമ്മു യേശുവിൽ തന്റെ വിശ്വാസം അർപ്പിച്ചു പ്രാർത്ഥിച്ചു ദൈവം അവൾക്കു പൂർണ്ണ സൗഖ്യം നൽകി. വിഷ പാമ്പിന്റെ ദംശനമേൽക്കാതെ മനീഷ് മാറാണ്ടിയെ കർത്താവ് സംരക്ഷിച്ചു. ശാമുവേൽ മാറാണ്ടിയുടെ ഭാര്യക്കു പ്രസവ സമയത്തു ചില പ്രയാസങ്ങൾ നേരിട്ടെങ്കിലും തീഷ്ണമായ പ്രാർത്ഥനയാൽ ദൈവം സുഖ പ്രസവം നൽകി അനുഗ്രഹിച്ചു. ക്ഷയ രോഗയായ രേത്ത കിസ്കു, മലേറിയായിൽ നിന്നും ജക്കരാജ് ഹെബ്രം, ശരീരത്തിൽ നീർവീക്കമുണ്ടായ മരിയാക്ക സൊറൻ, കരൾ സംബന്ധ രോഗിയായ മറിയ മാറാണ്ടി, അപസ്മാരത്താൽ കഷ്ടപ്പെടുന്ന മാർസിൽ സൊറൻ എന്നിവർക്കു കർത്താവ് അത്ഭുത സൗഖ്യം നൽകി.

മൊഹബത്തു ഗ്രാമത്തിന്റെ തലവനു ത്യാഘാതങ്ങളെക്കുറിച്ചുള്ള ഭയത്തെ മറികടന്നു യേശുക്രിസ്തുവിലുള്ള തന്റെ വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു ധൈര്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറായിരിക്കുന്ന സോണിലാൽ ഹെബ്രം ക്ഷയ രോഗത്തിൽ നിന്നു സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൽഗാമി ദൈവാലയ നിർമ്മാണം തടസ്സമില്ലാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഷൈലാസിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന മസുധാൻ മറാണ്ടി, ജാത്തൻ മാറാണ്ടി, ജോസഫ് മുർമ്മു, കർമേല മൊഹ്ലി, മാരൻമെൽ മുർമ്മു, സാദൻ ഹെബ്രം, ബർന്നബാസ് ഹസ്ത എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മാൽപഹാടിയ

**ഇമ്മാനുവേൽ കാർത്തി & ജോതി ലക്ഷ്മി**

കഠിനമായ കഴുത്തു വേദനയാൽ കഷ്ടപ്പെടുന്ന പുലേശ്വരി പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. ശരീരമാസകലം പരുക്കൾ ബാധിച്ച മധു ദെഹരിയെ കർത്താവ് സൗഖ്യമാക്കി. മൂന്നു ദിവസം തുടർച്ചയായി ശർദ്ദിച്ച ഒരു വയസ്സുള്ള പൈതൽ ശിഫാലി സിങ്ങിനു ദൈവം പൂർണ്ണ സൗഖ്യം നൽകി. തുടർച്ചയായ പ്രാർത്ഥനയുടെ ഫലമായി ഒരു കാലത്ത് സുവിശേഷ വേലയെ എതിർത്തിരുന്ന സുറൈപാനി ഗ്രാമത്തിലെ ആളുകളുടെ മനസ്സിൽ ദൈവം മാറ്റം വരുത്തി.

പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന തുലിയറാണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മെഹൽബാന ഗ്രാമത്തിൽ പിന്മാറ്റ ജീവിതം നയിക്കുന്നവർ അനുതാപത്തോടെ കർത്താവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. റാണെശ്വർ, റാണി പാഗൽ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

**മാർച്ച്**

**19**

**വ്യാഴം**

## ജന്മദിനാശംസകൾ

രേണുമ സാദങ്കി ദീപ്തിലാൽ മാലി,
ഡെൽഫിൻ കിങ്സ്ലി ലിവിങ്സ്റ്റൺ
മണി ബിലൂലി ജുമാൽ മുണ്ട

### രാജമഹാൾ റീജിയൻ & ഭഗയ്യ

**ജപകുമാർ പി & ജയന്തി ഗ്രേസ്**

മുത്രാശയ ശസ്ത്രക്രീയയ്ക്കു വിധേയനായ മിഷനറി സുർജകാന്തിക്കു ദൈവം സൗഖ്യം നൽകി. സിൽഗാം, പദൻപഗാരി ഗ്രാമങ്ങളിലെ വിശ്വാസികൾ ഭിന്നതകൾ മറന്ന് ദൈവകൃപയാൽ അവർ നിരപ്പു പ്രാപിച്ചു. 150 വ്യക്തികൾ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചു ആത്മീക വളർച്ച പ്രാപിച്ചു. സ്കൂളിൽ പോകുന്ന കുട്ടികൾക്കായി ആത്മീക പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. ഇതു നിമിത്തം രണ്ടു വേദപഠനക്കൂട്ടങ്ങൾ ആരംഭിക്കുവാൻ സാധിച്ചു. 15 ഗ്രാമങ്ങളിലുള്ളവരുടെ ക്ഷേമത്തിനായി അവർ ഒരുമിച്ചു പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും പ്രവർത്തനത്തെ തടയുകയും ചെയ്യുന്ന മതതീവ്രവാദികൾ ദൈവ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രർത്ഥിക്കുക. വിശ്വാസികളുടെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്ന കുട്ടികൾ നല്ലവണ്ണം എഴുതേണ്ടതിനും ഉന്നതമായ വിജയം കരസ്ഥമാക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മിഷനറിമാർക്കും സുവിശേഷകർക്കും നല്ല ആരോഗ്യവും ആത്മീക ബലവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.. അവർ വിശ്വസ്തതയോടെ കർത്താവിന്റെ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### മഹാറോ

**ഹമുവേൽ ലിമ്മ & റീത്താഞ്ജലി കർദ**

സൊൽക്കാത്ര ഗ്രാമത്തിലെ വിശ്വാസികൾ ആവേശപൂർവ്വം ഉപവാസ പ്രാർത്ഥനയിൽ സംബന്ധിക്കുന്നു. മഹേശ്വർ ദാസും മാതാവും യേശുക്രിസ്തുവിൽ വിശ്വസിച്ച് പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ദീവാന ദാസ് ക്ഷയ രോഗത്തിൽ നിന്നും മുക്തനായി. നമ്മുടെ വിശ്വാസി സോനു മഹെത്തോസവും അവന്റെ സഹോദരനും തമ്മിലുള്ള പ്രശ്നം ഒത്തുതീർപ്പാക്കി. അവർ സമാധാന ജീവിതം നയിക്കുന്നു.

ആഭിചാര ദോഷങ്ങളിൽ നിന്നും ശ്രേദാസും ഇഷ ദേവിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തടസ്സങ്ങളില്ലാതെ നമ്മുടെ വിശ്വാസി മോണു പൂജക്കു സർക്കാർ പദ്ധതിയിൽ വീട് ലഭിച്ചു. അസൻജോർ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു മിഷനറിമാർക്കു ക്ഷണം ലഭിച്ചു. മൂന്നു കുടുംബങ്ങൾക്കു അതു പ്രയോജനപ്പെട്ടു. സഭാമൂപ്പൻ നരേഷ് ദാസിന്റെ വസ്തു സംബന്ധമായ പ്രശ്നം പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഇതു നിമിത്തം അനേകരുടെ ഹൃദയങ്ങളിൽ ദൈവമഹത്വം വെളിപ്പെടേണ്ടതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാനും ഇടയാകേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 20

**വെള്ളി**

## ജന്മദിനാശംസകൾ

ഡേവിഡ് പെരുമാൾ, ജോർജ് സി ആർ,
പുഷ്പിത ബഞ്ചമിൻ ബഹ്റ,
ജ്ഞാന സെൽവറാണി സ്റ്റാലിൻ ജീവ,
ബിമൽ ചന്ദ്ര മുർമ്മു,
ശമുവേൽ ബബോർത്ത

# പശ്ചിമ ബംഗാൾ

### സാംസി

**അഷ്ടബൻ അദിയ & മാനിനി ബബർത്ത**



12 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. 10 സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. രാജൻ മുർമ്മുവും കുടുംബവും സ്വദേശ സുവിശേഷകരായി നമ്മോടു ചേർന്നു. ത്വക്കിലുണ്ടായ അണുബാധയിൽ നിന്നു പുൽമുനി മുർമ്മു പ്രാർത്ഥനയിലൂടെ പൂർണ്ണ സൗഖ്യം പ്രാപിച്ചു. രക്തം കട്ടപിടിക്കുന്ന അസാധാരണ രോഗത്തിൽ നിന്നും തെരസ, റബി ഹൻസ്തായുടെ മൂന്നു മക്കളെയും കർത്താവ് സൗഖ്യമാക്കി.



അജ്ഞാത രോഗത്താൽ വലയുന്ന യേഷിലാം ഗ്രാമത്തിലെ ബിന്ദി മാർദി എന്ന അഞ്ചു വയസ്സുള്ള മകളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തലമൈബസ്കി, പദൽബസ്കി എന്നീ ഗ്രാമങ്ങളിലുള്ള കുടുംബങ്ങൾ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹോപ്ന ഹൻസ്ത, ലക്ഷ്മി മുർമ്മു എന്നിവർ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഗംഗാ മുനി, പുൾ മുനി മുർമ്മു എന്നിവർക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാംസി മിഷൻ വയലിലെ എല്ലാ ഗ്രാമങ്ങളിലും സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബാലൂർഗാട്ട്

**ദീപാർത്തന & മിഥിലേശ്**



കഴിഞ്ഞ മാസം പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തി. മിഷൻ വയലിലുള്ള ദൈവവേലക്കാരുടെ ഉപവാസത്താലും പ്രാർത്ഥനയാലും 12 ദുരാത്മക്കൾ ബാധിച്ചിരുന്ന ദീപാലി ഹൻസ്തയെ കർത്താവ് സൗഖ്യമാക്കി. ഗ്രാമത്തലവന്റെയും പോലീസ് ഉദ്യോഗസ്ഥരുടെയും അനുവാദത്തോടെ വിശ്വാസികളുടെ യോഗം വിജയകരമായി സംഘടിപ്പിച്ചു. ഇഷ്ടിക നിർമ്മാണ ഫാക്ടറിയിൽ രണ്ടു ദിവസത്തെ സുവിശേഷ യോഗം നടത്തുവാൻ ദൈവം അവസരം നൽകി.



സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മാസ്തി കിസ്കു, റോബിൻ മുർമ്മു, സുക്കു മുർമ്മു, റീന ഹെബ്രം, ബാഗെൻ കാസ്കി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും റീന മുർമ്മു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരമാസകലം വേദനയനുഭവിക്കുന്ന സത്തൂർ ഹൻസ്തയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെ കരുണയും സ്നേഹവും അനേക ഹൃദയങ്ങളിൽ അറിയപ്പെടുവാൻ ഈ സൗഖ്യം കാരണമായി തീരണം.

## മാർച്ച്
## 21
## ശനി

### ജന്മദിനാശംസകൾ

സെലീന ഹസ്താക്ക് മിർജോ കിസ്കു,
പ്രോപില്ല ബോസുമാത്രി പ്രൊദിപ് മുഷഹാരി,
ഗോവിന്ദരാജ് ഇ & ബഞ്ചമിൻ,
ശശികല വെങ്കിടേശൻ, രാജേന്ദ്രൻ ജെ,
ഗണേഷ് ആർ

### റാണിഗഞ്ച്

**രാമകൃഷ്ണ അഗ്ഗിബട & അഞ്ജലി ദേവി**



മറിയം ഹൻസ്ത പെട്ടെന്നു അബോധാവസ്ഥയിലായപ്പോൾ അവളുടെ മാതാപിതാക്കൾ പ്രാർത്ഥിച്ചു അവരുടെ കണ്ണിനു മുമ്പിൽ വെച്ചു തന്നെ ദൈവം അവളെ സൗഖ്യമാക്കി. ശ്രീമതി മുർമ്മുവിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. സുർജിത് മുർമ്മുവും ഭാര്യയുമായുള്ള പ്രശ്നം പരിഹരിക്കപ്പെടേണ്ടതിനായി വിശ്വാസികൾ ഒരുമിച്ചു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു അവർ തമ്മിൽ നിരപ്പു പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും മോനിക്ക വിടുതൽ പ്രാപിച്ചു. മുടന്തരായ രാക്ഷ, കിസ്കു, അഞ്ജലി ഹസ്ത എന്നിവരെ കർത്താവ് സൗഖ്യമാക്കി.



ലുക്കിറാം, സൊറൻ എന്നിവർ മാനസിക രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിഡോല, റോൾകൊട്ടു എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭയിലെ യുവജനങ്ങൾ ആവേശത്തോടെ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. സുശീൽ ടുഡു, സോമാൽ, സുമാൽ മുർമ്മു എന്നീ കുടുംബങ്ങളിൽ തലമുറയെ നൽകി ദൈവം അനുഗ്രഹക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി വിശ്വജീത്തിന്റെ കുടുംബം ദൈവീക പരിജ്ഞാനത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

### തപ്കാര

**അരുൺ കുമാർ ജി & സാരഥി എ**



രണ്ടു പുതിയ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. എതിർപ്പുകളുടെ മദ്ധ്യത്തിലും വിശ്വാസികൾ ധൈര്യപൂർവ്വം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കാരി, പ്രാതിമ എന്നിവർ വിഷാദ രോഗത്തിൽ നിന്നു പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. ഗെർജി സഭയുടെ ഖജാൻജിയായി പ്രവർത്തിക്കുന്ന ആളിന്റെ മകനു സർക്കാർ ജോലി ലഭിച്ചപ്പോൾ ശബ്ദത്തിന്റെ ദശാംശം നൽകി ദൈവത്തെ മഹത്വപ്പെടുത്തി.



കുമാർബഹാർ, ഗുജിബാനി, പരത്പാട, സെമർക്സർ എന്നീ മേഖലകളിലെ ആരാധന യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനും വിശ്വാസികൾ എരിവോടെ സംബന്ധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ച യാദവ്, നാഗവൻസി എന്നി ജനവിഭാഗങ്ങൾ യേശുവിൽ വിശ്വാസം അർപ്പിച്ചു ആത്മീകമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങളുടെ മദ്ധ്യയുള്ള ശുശ്രൂഷ തടസ്സമില്ലാതെ വർദ്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തസ്രാവം നിമിത്തം വലയുന്ന മഹിമയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 22

**ഞായർ**

## ഹാതി

### ദിനേശ് കുമാർ & നീതു കെ എം

പത്തു ഗ്രാമങ്ങളിൽ ആദ്യമായി സുവിശേഷം പ്രഘോഷിച്ചു. കാംഹാർ ഗ്രാമത്തിലെ ആരാധന യോഗത്തിൽ ഒരു പുതിയ വിശ്വാസി സംബന്ധിക്കുന്നു. കാംഹാർ ഗ്രാമത്തിലുള്ള മറ്റു ചില കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ശക്ന്തുള, കാംഹാർ, ഗോത്തി എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങളും സത്സാംഗ് പ്രോഗ്രാമും വിജയകരമായി നടത്തി. നാലു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു.

നരേഷ് രത്തിയായ്ക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്ഷ്മി പൈശാചിക ബന്ധനത്തിൽ നിന്നും സത്യ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുഹൽ സിങ് രത്തിയ പക്ഷാഘാതത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്താൽ കഷ്ടപ്പെടുന്ന 22 വയസ്സുകാരി പ്രീയങ്കയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. രത്തിയ ജനവിഭാഗങ്ങളുടെ ഇടയിൽ ശക്തമായ ആത്മീയ ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

## സീതാപൂർ

### മുത്തു കുമാർ & നേത്രാവതി എൻ

അസ്കാര ദൈവാലയത്തിൽ നടത്തിയ കുട്ടികളുടെ യോഗത്തിൽ 45 കുട്ടികൾ സംബന്ധിച്ചു. ജമ്പഹാട്, ഭായ്ബഹത് എന്നീ ഗ്രാമങ്ങളിലുള്ള കൊർബ ജാതിക്കൂട്ടത്തിലുള്ളവരോടു സുവിശേഷം പങ്കുവെച്ചു. സരബണി ഗ്രാമത്തിലുള്ള 100 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മാജി ഗിരിവർഗ്ഗക്കാരുടെ ഇടയിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. കത്തിനായ് ഗ്രാമത്തിൽ മാജി ജനവിഭാഗങ്ങൾക്കായി ഒരു ആരാധനക്കൂട്ടം ആരംഭിക്കുവാൻ കർത്താവ് ശക്തി നൽകി. സാരബാനി, താരൈദത്ത്, കതികോന എന്നീ ഗ്രാമത്തിലുള്ള പുതിയ കുടുംബങ്ങൾ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ വളരുന്നു.

ബാബുലാലിന്റെ ഭാര്യ പ്രസവത്തെ തുടർന്നു മരിച്ചു. വേദനയിൽ ആയിരിക്കുന്ന കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കൊർവ ആരാധനക്കൂട്ടത്തിൽ നിന്നു സ്വദേശ സുവിശേഷകരും സഭാമൂപ്പന്മാരും എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലളിതപൂർ, തവൈദുദി ആരാധനക്കൂട്ടങ്ങൾ സഭയായി രൂപപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ നിലനിൽക്കുന്ന സുവിശേഷ വിരോധ നിലപാടുകളുടെ മദ്ധ്യേ ദൈവവേല ചെയ്യുവാൻ ദൈവം ശക്തി നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഭവനങ്ങളിൽ നടത്തുന്ന എല്ലാ ആരാധന യോഗങ്ങളും നിർത്തലാക്കുന്നതിനുള്ള പദ്ധതി ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നതിനായി മിഷനറിമാരെ ലക്ഷ്യമിടുന്നു. വിശ്വാസികളുടെ സുരക്ഷയ്ക്കായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 23

**തിങ്കൾ**

## ജന്മദിനാശംസകൾ

സുകന്തോ കുമാർ സിങ്, നെംസാവാഹ് തങ്ലാൽ സൗ

## ഒഡിഷ

### ജഗനാഥപൂർ:

**ബസുദേവ മാൽട്ടോ & ബാസന്തി മാൽട്ടോ**

യുവജനങ്ങൾക്കായി സംഘടിപ്പിച്ച ദ്വിദിന പരിശീലന പ്രോഗ്രാമിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. റോഡപകടത്തിൽ നമ്മുടെ മിഷനറിയെയും സുവിശേഷകനെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു.

ഹോ ജനവിഭാഗത്തിന്റെ ഇടയിൽ സുവിശേഷം അറിയിക്കുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന സുക്‌ലാൽ ലാഹോരി, രാകേഷ് മഹെതോ, ബാലേശ്വർ പൂർത്തീ, സുന്തപുന്നി ലാഹോരി (മൂന്നു വയസ്സുള്ള പൈതൽ) ജയ് സിങ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സാരൻ സാമ്പിയ, മങ്കല സാമ്പിയ എന്നിവർ വിടുതൽ പ്രാപിച്ചു. ക്രിസ്തീയ വിശ്വാസം നിമിത്തം ഉപദ്രവം നേരിടുന്ന ജോങ്ക സിങ് വിശ്വാസത്തിൽ സ്ഥിരതയോടെ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച സുമതി കെസയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ജിങ്പാനി

**ഏബ്രഹാം എസ് & ആലീസ് ഷീബ**

അറിയപ്പെടുന്ന മന്ത്രവാദി സാമുസന്തിൽ അനുതപിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റ ബന്ദു പൂർത്തിക്കു ദൈവം അത്ഭുത സൗഖ്യം നൽകി വിടുവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു സീമ മുണ്ടെയ, പരമൗത്തി മണ്ടലി എന്നിവർ വിടുതൽ പ്രാപിച്ചു.

ദേവഗാൻ, മൈഗോ, ഇൻഡിഗെ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിൽ വിശ്വാസം അർപ്പിച്ചവർ ജീസസ് ഫിലിം കാണുന്നതിലൂടെ അവരുടെ വിശ്വാസം വർദ്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്തുഗുരിയ, സിക്കുറസൈ, സനപോഷി എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥനക്കൂട്ടം ഉരുവാക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അനാഥരുടെ പിതാവ്

ജാർഖണ്ഡിൽ മഹാറോ മിഷൻ വയലിലുള്ള തുങ്ബെൽ ഗ്രാമത്തിലെ സാധു വിധവയായ ഗംഗി ദേവി വിശ്വസ്തയായ വിശ്വാസിയാകുന്നു. ഒരു നാൾ അവൾ തന്റെ മക്കളുമായി സമീപ ഗ്രാമത്തിലുള്ള ബന്ധുവിന്റെ വീട്ടിലേക്കു പോയി. ആ രാത്രിയിൽ അവളുടെ വീടിനു തീ പിടിച്ചു. സ്വന്തമായതെല്ലാം അഗ്നിക്കിരയായി. ദൈവകൃപയാൽ അവരുടെ ജീവനു നാശം ഭവിച്ചില്ല. അനാഥരുടെ പിതാവായ നമ്മുടെ കർത്താവ് ഗ്രാമത്തിലുള്ളവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ചു. അവൾക്കു നഷ്ടമായതെല്ലാം തിരികെ ലഭിക്കുന്നതിനു ഗ്രാമക്കാർ സഹായിച്ചു. അവളുടെ നഷ്ടത്തിൽ ദൈവീക കരുതൽ അനുഭവിച്ചു. അവളുടെ വേദന നിറഞ്ഞ ഹൃദയം നന്ദിയാൽ നിറഞ്ഞു. ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ!

മാർച്ച്

24

ചൊവ്വ

## ജന്മദിനാശംസകൾ

നിരോല അമിർ കാന്ത് ദിഗാൽ
കെനോസ് സ്റ്റാൻലി ഇമ്പരാജ്

## ഗുജറാത്ത്

### ജാലോദ്

**കുമാർ പോൾ & അമൃത**


പ്രീതി ബെൻ, അജ്ഞന ബെൻ എന്നിവർക്കു സുഖ പ്രസവം നൽകി അനുഗ്രഹിച്ചു. ദൈവം ചെയ്ത നന്മക്കു നന്ദിയർപ്പിച്ചു കൊണ്ട് നമ്മുടെ വിശ്വാസികളായ പാപൽഭായി, സാലി ബെൻ, ലമ്പഭായി എന്നിവർ തങ്ങളുടെ ഭവനങ്ങളിൽ സ്തോത്രാരാധന നടത്തി.


പുതിയ വിശ്വാസിയായ സുരേഷ് ഭായിയുടെ ഭാര്യ കമലബന്നിനു റോഡപകടത്തിൽ തലക്കു ഗുരുതരമായ പരുക്കു പറ്റി, പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദീദഭായി ജോലി സ്ഥലത്തു വെച്ചു ടെറസിൽ നിന്നും താഴെ വീണു കാലിൽ പൊട്ടലുണ്ടായി, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലക്കൻപൂർ, ജാലംപൂരി, മാധവ എന്നീ റീജിയനുകളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ വസ്തുവും അതിന്റെ പ്രമാണങ്ങളും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിസാർ, സെളംമ്പ

**യുവനേശ് & ഝാൻസി റാണി**


നമ്മുടെ വിശ്വാസികളുടെ വയലുകളിൽ നല്ല വിളവ് ലഭിച്ചു. നമ്മുടെ വിശ്വാസിയായ നിഷബന്നിനു സർക്കാർ ആശുപത്രിയിൽ നേഴ്സായി ജോലി ലഭിച്ചു. വനം വകുപ്പുമായുണ്ടായ തർക്കത്തെ തുടർന്നു 32 വിശ്വാസികൾ കഴിഞ്ഞ ആറു മാസം തടവിൽ കഴിഞ്ഞു. ദൈവ കൃപയാൽ ഇപ്പോൾ അവർക്കു മോചനം ലഭിച്ചു സ്വതന്ത്രരായി.


നമ്മുടെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും സമൂഹത്തിൽ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും രേഷ്മ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ യൗവ്വനക്കാരായ മക്കൾക്കു തക്കതായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മരിക്കേണ്ടി വന്നാലും യേശുവിൽ ആശ്രയിക്കും

ജാർഖണ്ഡിൽ മാണിക്യ മിഷൻവയലിലുള്ള ഇഗു ഗ്രാമത്തിലെ വിശ്വസ്തതയായ വിശ്വാസിയാണ് കിരൺ ദേവി. അനേക നാളുകളായി കഠിനമായ ഇടുപ്പു വേദനയാൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ടു. അവളുടെ പരിതാപകരമായ സ്ഥിതി കണ്ട് അമ്മ അവളോടു ആഭിചാരകന്റെ അടുക്കൽ പോകുവാൻ നിർബന്ധിച്ചു. അങ്ങനെ ചെയ്തില്ലെങ്കിൽ അവൾ മരിക്കുമെന്ന മുന്നറിയിപ്പും നൽകി. കിരൺ ദേവി ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിന്നു കൊണ്ടു പറഞ്ഞു ഞാൻ മരിക്കേണ്ടിവന്നാലും യേശുവിൽ മാത്രമേ ആശ്രയിക്കയുള്ളു. യേശുവിനു മാത്രമേ എന്നെ സൗഖ്യമാക്കുവാൻ കഴികയുള്ളൂ. ദൈവം അവളുടെ അചഞ്ചലമായ വിശ്വാസത്തെ മാനിച്ചു അവൾക്കു പൂർണ്ണ സൗഖ്യം നൽകി. ഇന്ന് അവൾ സ്വതന്ത്രയായി നടന്നു ദൈവത്തിന്റെ ദയയെ കീർത്തിക്കുന്നു. മഹത്വം കർത്താവിനു മാത്രം! ഹല്ലെലൂയ്യ!

മാർച്ച്
25
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ലനീംഗ്ഹോയി സൗ

### വിജയനഗർ

**വിജയകുമാർ കെ & സുശീല**

പൽപദാർ മേഖലയിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. നമ്മുടെ വിശ്വാസികളായ സാംജി ബൻ, മൂർമ്മു ബൻ എന്നിവർക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ലക്ഷ്മി ബന്നും ഇല്ലാവതി ബന്നും വിടുതൽ പ്രാപിച്ചു.

സരൻ പഞ്ചാരി, മാത്തുവ, കാരവൻ എന്നീ മേഖലകളിൽ പുതിയ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. സോം ദൈവാലയത്തിൽ സംബന്ധിക്കുന്ന വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സവിത, ബില്ലി ബൻ എന്നിവർ വിടുതൽ പ്രാപിച്ചു. തുളസി ബന്നിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

### കീലിബാനി, ദരമ്പൂർ

**ജി കുമാരൻ & ജലീൻ ജയ**

മൂന്നു വർഷം പ്രാർത്ഥനയോടെ കാത്തിരുന്ന ഗണേഷിന്റെ ഭാര്യ ഗർഭിണിയായി. അപകടത്തിൽ പരുക്കേറ്റ ശമുവേലിനെ കർത്താവ് സൗഖ്യമാക്കി. വിഷപാമ്പിന്റെ കടിയേൽക്കാതെ ജയന്തിയെ കർത്താവ് സംരക്ഷിച്ചു. അപകടത്തിൽ പരുക്കു പറ്റിയ വിത്തൽ ഭായിയെ കർത്താവ് വിടുവിച്ചു.

അടിവയറ്റിൽ വേദനയനുഭവിക്കുന്ന കൽപന ബൻ, ഹരി ഭായ് എന്നിവർ ശസ്ത്രക്രീയ കൂടാതെ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും മാങ്കിബന്നും മൂലക്കുരു രോഗത്തിൽ നിന്നു ജഗുഭായിയും മൂക്കിനുണ്ടായ നീർവീക്കത്തിൽ നിന്നു സോമ്‌ലി ബന്നും കേൾക്കുവാനും സംസാരിക്കുവാനും ശേഷിയില്ലാത്ത വീരൽ ഭായിയും ദൈവത്തിങ്കൽ നിന്നു അത്ഭുത സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അത്ഭുതം പ്രവർത്തിക്കുന്ന ദൈവം

ഛത്തീസ്ഘട്ടിൽ കർഘോത് മിഷൻ വയലിലെ അഞ്ജലി ചൗഹാൻ എന്ന യുവ സഹോദരി നട്ടെല്ലു സംബന്ധമായ രോഗം എന്നു കരുതി അനേക നാളുകളായി കഷ്ടപ്പെടുന്നു. അവളുടെ ഭാവിയെ കുറിച്ചുള്ള ചോദ്യങ്ങൾ - വിവാഹം, മക്കൾ - നിമിത്തം അവളുടെ ഹൃദയത്തിൽ ഏറെ വേദന സഹിച്ചു. എന്നാൽ അവൾ മടുത്തു പോകാതെ പ്രാർത്ഥിച്ചു. ഡോക്ടറന്മാർ സി റ്റി സ്കാൻ എടുത്തപ്പോൾ അവളിൽ രോഗത്തിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. എന്നിട്ടും അവൾ ശയ്യാവലംബയാണ്. മകളുടെ പരിതാപകരമായ സ്ഥിതി കണ്ടു അവളുടെ വിധവയായ അമ്മ ദൈവസന്നിധിയിൽ കണ്ണുനീരോടെ നിലവിളിച്ചു. ദൈവം പ്രാർത്ഥന കേട്ടു അഞ്ജലിക്കു സൗഖ്യം നൽകി. ഇന്ന് അവൾ വിവാഹിതയായി ഒരു പെൺ പൈതലിന്റെ മാതാവാണ്. നമുക്കു നിശ്ചയമില്ലാത്ത നമ്മുടെ ഭാവി നമ്മുടെ ദുഃഖത്തെ സന്തോഷമാക്കി മാറ്റുന്ന ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതമാണ്. ഹല്ലെലുയ്യ!

## മാർച്ച്
## 26
## വ്യാഴം

### ജന്മദിനാശംസകൾ

ജേക്കബ് ജ്ഞാനപണ്ഡിതൻ എം
മറിയ സെൽവി ധർമ്മരാജ്
ആൽബർട്ട് സന്തോഷ് രാജ് ജെ,
ചിങ് നെയ് സീയാൻ

### കപ്രാദ

**ബിദുഷ് കുമാർ നായക് & പ്രീതിബല, സുരജ്മുക്കി, ഷീല ഹൻസ്ത**

നാലു റീജിയനിൽ ഫലപ്രദമാം വിധം സഭാമൂപ്പന്മാരുടെ പരിശീലനം നിർവഹിച്ചു. ഗോത്വാൽ ദൈവാലയ നിർമ്മണം പൂർത്തീകരിച്ചു ദൈവനാമ മഹത്വത്തിനായ് പ്രതിഷ്ഠിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു സുനിത ബൻ, ശാന്തി ബൻ എന്നിവർ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. പ്രിയാൻസി, ആയൂഷ് എന്നിവർക്കു പ്രാർത്ഥനയിലൂടെ സംസാര ശേഷി തിരികെ ലഭിച്ചു.

തളർവാതത്താൽ വലയുന്ന നമ്മുടെ പുതിയ വിശ്വാസി മിഗൻ ഭായിയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശാരീരിക വെല്ലുവിളികൾ നേരിടുന്ന റിക്കൽ ബന്നിനു കർത്താവിങ്കൽ നിന്നു സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനിത ബൻ ക്ഷയ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. കഴിഞ്ഞ മൂന്നു വർഷവും ഷൈല ബന്നിനു ഗർഭസ്ഥ ശിശു നഷ്ടപ്പെട്ടു അവളോടു ദൈവം കരുണ കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദാദ്രനഗർ

**ഡേലിഡ്സൺ രാജാസിങ് & കൺമണി പരിമളം**

പുകവലിയുടെ ആസക്തിയിൽ നിന്നു സാന്ധുഭായി വിടുതൽ പ്രാപിച്ചു. ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കാതിരുന്ന അനിൽ ഭായിക്കും ഭാര്യക്കും വേണ്ടി തീഷ്ണമായി പ്രാർത്ഥിച്ചതിനെ തുടർന്നു അവർ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. ജിത്തേശ് ഭായി, ലളിത ഭായി, സൈമൺ ഭായി, ആശ ബൻ എന്നിവർക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. പക്ഷാഘാതത്താൽ ഭാരപ്പെട്ട രാധെ ബന്നിനു വേണ്ടി കുടുംബാംഗങ്ങൾ പ്രാർത്ഥിച്ചപ്പോൾ അവൾക്കു സംസാര ശേഷി തിരികെ ലഭിച്ചു.

പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന മേറു ബൻ, ജാഷ്ഭായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഹർഷദ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദീലിപ് ഭായിയുടെ കുടുംബം കഴിഞ്ഞ പതിനഞ്ചു വർഷമായി മക്കളില്ലാതെ ഭാരപ്പെടുന്നു. ദൈവം അവർക്കു തലമുറയെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ത്വക്കു രോഗത്താൽ കഷ്ടപ്പെടുന്ന സോമി ബൻ, ജൈക്കുറുതി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ വിക്കിഭായ്, സുഭാഷ് ഭായ്, മകേഷ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മമത ബന്നിന്റെ ഭർത്താവ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അജ്ഞലി ബൻ, മനിഷ ബൻ എന്നിവർക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
27
വെള്ളി

**ജന്മദിനാശംസകൾ**

മൂർത്തി റ്റി.

## മഹാരാഷ്ട്ര

**ഖാന്ത്ബാര & നവാപൂർ**

**തിമ്മാന തിമോത്തി & മമത നാൻസി**

പൈശാചിക ബന്ധനത്താൽ വലഞ്ഞ രേഷ ഭായിയെ വിടുവിക്കുന്നതിനു മന്ത്രവാദികളും ഡോക്ടറന്മാരും പരാജയപ്പെട്ടപ്പോൾ സർവ്വശക്തനായ ദൈവം അവളെ സൗഖ്യമാക്കി. മോലിപാട, പത്വാട്, കൊൽക്കാർ എന്നീ പ്രദേശത്തുള്ള നാലു വ്യക്തികൾ ദൈവാലയ ആരാധനയിൽ താൽപര്യപൂർവ്വം പങ്കെടുക്കുന്നു. തെറ്റായ മെഡിക്കൽ ചികിത്സ നിമിത്തം നെഞ്ചു വേദനയാലും തലവേദനയാലും ഭാരപ്പെട്ട ഫിലിപ്പ് പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. ന്യുമോണിയ, രക്തക്കുറവ് എന്നിവ നിമിത്തം കഷ്ടപ്പെട്ട കുഷിയെ പ്രാർത്ഥനയിലൂടെ ദൈവം വിടുവിച്ചു. പിജ്ഗാം, നവപാട എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

ദേവ്ലിപാട ഗ്രാമത്തിലെ വിശ്വാസികൾ നേരിടുന്ന വെല്ലുവിളികളിൽ നിന്ന് അവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന സോമാജി, പ്രതീക്ഷ, കമൽഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂന്നു വർഷമായ കുഷ്ഠ രോഗത്താൽ കഷ്ടപ്പെടുന്ന പാനി ഭായി, വിഷാദ രോഗത്താൽ വലയുന്ന ജയ്സിങ്, അരിവാൾ രോഗത്താൽ കഷ്ടപ്പെടന്ന റാണി ഭായ്, തൊണ്ടക്കുണ്ടായ ട്യൂമറിനാൽ പ്രയാസം അനുഭവിക്കുന്ന മായ, ഗായത്രി, മൂന്നു വർഷമായി പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന ഗാഥ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മീര, ആനന്ദ്, ജഗദീശ്വരി എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**സർഗണ**

**മയിൽസ്വാമി ജോസഫ് & യേശുമണി**

വൈദ്യുതാഘാതത്തിൽ നിന്നു കാശിനാഥിനെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു. അഞ്ചു പുതിയ കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കഠിനമായ ഉദരവേദനയാൽ കഷ്ടപ്പെട്ട മന്ദബായിയെ കർത്താവ് സൗഖ്യമാക്കി. മദ്യാസക്തിയിൽ നിന്നു ലക്ഷ്മണൻ വിടുതൽ പ്രാപിച്ചു.

പാരെ മിഷൻ വയലിലെ നാലു ഗ്രാമങ്ങളിൽ നടക്കുന്ന ആരാധനക്കൂട്ടങ്ങൾ ഒരു സഭയായി തീരേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന നമ്മുടെ വിശ്വാസിയായ സുമിത്ര ഭായിയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തൊണ്ടക്കു കാൻസർ ബാധിച്ച ഇമ്പു ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അവളുടെ മക്കൾക്കായും അവരുടെ ഭാവിക്കായും പ്രാർത്ഥിക്കുക. ദൈവീക വഴനടത്തൽ അവർക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

# 28

**ശനി**

## ജന്മദിനാശംസകൾ

ജറിനാഹ് സിമ്രാ

### ഗാട്ച്ചന്ദൂർ

**പോൾ ആൽബർട്ട് & റാണി ജസിലറ്റ്**

സത്രാപതി, മങ്കു, സരേക, വിഷ്ണു, എന്നിവരും കുടുംബാം ഗങ്ങളും സഭാ ആരാധനയിൽ സംബന്ധിക്കുന്നു. നമ്മുടെ പ്രാദേ ശിക സുവിശേഷകനായ ജോനാത്രാം എതിർപ്പുകളുടെ മദ്ധ്യത്തിലും ആവേശത്തോടെ സുവിശേഷ വേല ചെയ്യുന്നു. അദ്ദേഹത്തിനു ആവശ്യമായ ദൈവീക സംരക്ഷണം ലഭിക്കേണ്ടതി നായി പ്രാർത്ഥിക്കുക. മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്ത കമലയുടെ ശ്വസന സംബന്ധമായ രോഗം സൗഖ്യമാക്കി. സഭയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ വേർപി രിഞ്ഞ ദശരഥന്റെ കുടുംബം അനുര ഞ്ജനത്തിലെത്തി ഇപ്പോൾ സമാധാന ജീവിതം നയിക്കുന്നു.

സുവിശേഷത്തെ എതിർക്കുന്ന സന്തോഷ് ഭായ് മാനസന്തര പ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലിങ്കി ഗ്രാമത്തിലെ വിശ്വാസികളെ ഉപ ദ്രവിക്കുകയും വിശ്വാസത്തിൽ നി ന്നു പിന്മാറ്റുന്നതിനു ശ്രമിക്കുകയും ചെയ്യുന്ന മതതീവ്രവാദികളുടെ മാന സാന്തരത്തിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നു ദുർഗ, ഹീര എന്നിവരും പക്ഷാഘാതത്തിൽ നിന്നു ഹീരയും കിടപ്പു രോഗിയായ ശ്രീകാന്തും വാത സംബന്ധമായ രോഗത്താൽ വലയുന്ന ജ്യോതിയും വിടുതൽ പ്രാപി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. നധുകോദാഹെ കുടുംബം രോഗത്തിൽ നിന്നും മുക്തരായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തലോദ

**ഭരണീധരൻ & സെൽവറാണി**

വിഷത്തേളിന്റെ ദംശനമേൽ ക്കാതെ ദൈവം സജ്ജയിയെ സംരക്ഷിച്ചു.മാനസിക വിഭ്രാന്തിയിൽ കാട്ടിലൂടെ അലഞ്ഞു നടന്ന മങ്കിലാ ലിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവു മായി സ്വീകരിച്ചു. സിംഹം തട്ടിക്കൊണ്ടു പോയ പശുക്കിടാവിനെ പ്രാർത്ഥനയാൽ ദൈവം അത്ഭുതകരമായി രക്ഷിച്ചു.

മിത്താപൂർ, നവഗാവ് എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതി നായി പ്രാർത്ഥിക്കുക. രമത്തിയാസിനെ ആരാധന യോഗത്തിൽ പങ്കെടു ക്കുന്നതിനു അനുവദിക്കാത്ത മാതാപിതാ ക്കളുടെ മാനസാന്തരത്തിനായി പ്രാർ ത്ഥിക്കുക. രേവതിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതി നായി പ്രാർത്ഥിക്കുക. കാളവണ്ടിയിൽ നിന്നു താഴെ വീണു കാലിനു പരുക്കു പറ്റിയ ബേബി ഭായിയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശരീരത്തിലെ അസ്വസ്ഥത മൂലം ഉറങ്ങുവാൻ കഴിയാകത്ത മീനഭായ്, രജില, അർപ്പിത എന്നിവരെ കർത്താവ് തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

മാർച്ച്

# 29

ഞായർ

## ജന്മദിനാശംസകൾ

ജോൺ ആൻഡ്രൂസ് സുഗിർത്തരാജ്

## കർണ്ണാടക

### മലൂർ

**ശമുവേൽ ബബോർത്ത് & സിഷോര ബബോർത്ത**

ബാഗലൂർ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. അവിടെ അനേകർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു. മാധിവാട ഗ്രാമത്തിലെ ഭാഗ്യത്തിന്റെ മകളെ പൈശാചിക ബന്ധനത്തിൽനിന്നു ദൈവം വിടുവിച്ചു. കരൾ സംബന്ധമായ രോഗത്താൽ വലഞ്ഞ ജയമംഗല ഗ്രാമത്തിലെ വെങ്കിടേഷിനെ ശസ്ത്രക്രീയ ഇല്ലാതെ ദൈവം സൗഖ്യമാക്കി. വാക്യ മത്സരത്തിൽ 22 കുട്ടികൾ പങ്കെടുത്തു വിജയം കൈവരിച്ചു.

മദ്യപാനം, ജാതി അടിസ്ഥാനത്തിലുള്ള വേർതിരിവ്, മതപരമായ മുൻവിധി, ശൈശവ വിവാഹം എന്നീ സാമൂഹ്യ തിന്മകളിൽ നിന്നും വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ പൂർണ്ണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രഘോഷണത്തിനു വിവിധ ഗ്രാമങ്ങളിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉന്നത കുല ജാതരിൽ നിന്നും നമ്മുടെ വിശ്വാസികൾ നേരിടുന്ന പീഡനത്തിൽ ദൈവം അവർക്കു സഹനവും ധൈര്യവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഹോസ്കോട്ട് റീജിയനിൽ ഒരു പുതിയ മിഷൻ വയൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മീക അന്ധകാരത്തിൽ ജീവിക്കുന്നവർ ജീവന്റെ വെളിച്ചത്തിൽ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

### പാലമ്നെർ

**കുപ്പുസ്വാമി പി & ഷൈല**

ദിവ്യയുടെ മോഷ്ടിക്കപ്പെട്ട ഇരുചക്രവാഹനം രണ്ടു ദിവസത്തിനുള്ളിൽ കണ്ടുപിടിച്ചു തിരികെ ലഭിച്ചു. രണ്ടു വിശ്വാസികൾ മിഷനറിമാരെ പ്രാർത്ഥനയിലും സാമ്പത്തീകമായും സഹായിക്കുവാൻ മുന്നോട്ടു വന്നു. തലവേദനയാലും ട്യൂമറിനാലും കഷ്ടപ്പെട്ട ഐസക്കിനെ കർത്താവ് സൗഖ്യമാക്കി. ഇവിടെ സംഘടിപ്പിച്ച യുവജന സമ്മേളനത്തിൽ 160 യൗവ്വനക്കാർ പങ്കെടുത്തു.

ടൈഫോയ്ഡിനാലും ശരീരമാസകലം വേദനയാലും കഷ്ടപ്പെടുന്ന നാഗരാജിനെ ദൈവം അതിശയകരമാംവിധം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സർവ്വേശ്വരി. ശരവണ, സുബയ്യ എന്നീ കുടുംബങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മജ്ജുള, ഹേമ എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച ദീപമ്മ, അടിവയറ്റിൽ ട്യൂമർ ബാധിച്ച അതിശയമ്മ, മുട്ടുവേദനയാൽ ഭാരപ്പെടുന്ന പാർവതമ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**30**

**തിങ്കൾ**

## ജന്മദിനാശംസകൾ

കോങ്കാനി സമ്പത്ത് ബായി
ക്ഷത്രിമായും പ്രീയ ദേവി
അബ്രഹാം എസ്

### നല്ലമട

**ദിനേശ് മാരയ്യ & മേരി മുർമ്മു**

എതിർപ്പുകളില്ലാതെ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു വർഷത്തോളമായി കഠിനമായ തലവേദനയാൽ കഷ്ടപ്പെട്ട ദേവി, ചെയ്ത സകല ചികിത്സകളും പരാജയപ്പെട്ടപ്പോൾ അവൾ ദൈവത്തിങ്കലേക്കു തിരിഞ്ഞു. വിശ്വാസികളുടെ പ്രാർത്ഥനയാൽ അവൾ സൗഖ്യം പ്രാപിച്ചു.

നടത്തുവാനുദ്ദേശിക്കുന്ന യുവജന സമ്മേളനം, സഭാ മൂപ്പന്മാരുടെ പരിശീലനം, ജീസസ് ഫിലിം പ്രദർശനം തുടങ്ങിയവ വിജയകരമായി സംഘടിപ്പിച്ചു. സന്ധ്യയുടെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെ എതിർക്കുന്ന രക്ഷിതാക്കളുടെ മാനസാന്തരത്തിനും അവർ ജീവനുള്ള ദൈവത്തിന്റെ പ്രകാശത്തിൽ നടക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ സ്നേഹിതരായ ശ്രാവണി, കവിത, മൈനമാക, ശിവമ്മ, ചിന്നമ്മ, സെലമ്മ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നല്ലമട മിഷൻ വയലിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. റജിനിപ്പള്ളി ഗ്രാമത്തിൽ ആരാധനയോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മറിയാമ്മ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തബീദ, റാംജീ എന്നിവരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു അവർ സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചന്ദ്ര ലേഖയുടെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക. മദ്യലഹരിയിൽ കുടുംബാംഗങ്ങളെ അസഭ്യം പറയുന്ന ഈശ്വർ റെഡ്ഡിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### റോദ്ദാം

**ദബർദത്ത് ലിമ & സോണിയ റാണി**

വീഴ്ചയിൽ ഒടിവ് സംഭവിച്ചതിനാൽ കഷ്ടപ്പെട്ട അശോകിനെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ദൈവം സൗഖ്യമാക്കി. രണ്ടു പുതിയ ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. കോട്ടപ്പള്ളി ഗ്രാമത്തിൽ ഒരു പുതിയ ആരാധന യോഗം ആരംഭിച്ചു. സന്ധ്യക്കു ദൈവം ഒരു പൈതലിനെ ദാനമായി നൽകി അനുഗ്രഹിച്ചു. ത്വക്കിലുണ്ടായ അണുബാധയിൽ നിന്നു കനിത, ഗംഗദീപ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഇവിടെ ദൈവാലയം പണിയുന്നതിനു ആവശ്യമായ അനുമതി പഞ്ചായത്തിൽ നിന്നു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു പോയ സന്തോഷിനു അത് തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നു പിലാൻജി, മജ്ജുനാഥ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാരത്തിൽ നിന്നും മൂർത്തീ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രത്തനമ്മ, ശിവകുമാർ, നാഗരാജ്, ഗംഗമ്മ, സാവത്രി, രാമലിംഗപ്പ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**31**

**ചൊവ്വ**

## ജന്മദിനാശംസകൾ

അമൃത ഗോൾഡ ആശീർ മോസസ്,
ജോൺ സുയാങ്,
ധോതി ഗുറംവാരി ഹിമ ബിന്ദു രമേശ് ബാബു

## തമിഴ്നാട്

### ദെങ്കണികൊട്ടൈ

**ജപരാജ് (റിട്ട) & എസ്ഥേർ തങ്കം**

കഴിഞ്ഞ മൂന്നു വർഷമായി ശ്വാസം കിട്ടാതെ വലയുന്ന ശമുവേൽ, ശിവകുമാർ എന്നിവരെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസിയായ സുമനെ അപകടത്തിൽ ദൈവം പരിപാലിച്ചു. ജോയ് ലാവണ്യയുടെ പിതാവിന്റെ വേർപാടിൻ വേദനയിലിരിക്കുന്നവരുടെ ആശ്വാസത്തിനായി നടത്തിയ യോഗത്തിൽ പങ്കെടുത്തവർക്കു സുവിശേഷം ശ്രവിക്കുന്നതിനു അവസരം ലഭിച്ചു. അന്ധെവാനപ്പള്ളി സഭയിൽ സണ്ടേസ്കൂൾ ആരംഭിച്ചു. ഓനാലു വയസ്സുള്ള ഗബ്രിയേൽ ടെറസിനു മുകളിലുള്ള ജല സംഭരണിയിൽ വലിഞ്ഞു കയറി. തക്ക സമയത്തു അവന്റെ അമ്മ കണ്ടതിനാൽ ദോഷം ഭവിക്കാതെ രക്ഷിച്ചു.

പതിവായി ആരാധനയിൽ സംബന്ധിക്കുന്ന മുത്തമ്മ, രാജലക്ഷ്മി എന്നിവർ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കൊണ്ടുശെട്ടിപള്ളി ഗ്രാമത്തിലെ സാമൂഹ്യപരമായ തടസ്സങ്ങളും എതിർപ്പുകളും നീങ്ങി സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷ് മൂർത്തിക്കു അനുയോജ്യമായ ക്രിസ്തിയ വിശ്വാസിയായ ജീവീത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെതായ സമയത്തു ഭാസ്കരൻ, മെർവിൻ എന്നിവർക്കു ദൈവം തലമുറയെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഞ്ചെട്ടി

**ഡേവിഡി നിക്കോൾസൺ & ഐവി**

ദൈവത്തിന്റെ കൃപയാൽ സുശീലയും മാണിക്യവും ആസ്മ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. അന്തോണിയമ്മ നെഞ്ചു വേദനയിൽ നിന്നും വിടുതൽ പ്രാപിച്ചു ദൈവാലയത്തിൽ വെച്ചു സ്തോത്ര പ്രാർത്ഥന നടത്തി. അർത്തങ്കൽ, നദിരാണപാളയം, മാറിയാലം എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. ഇവിടെയുള്ളവർ വിശ്വാസ ജീവിതത്തിൽ മുന്നേറേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാതിരുന്ന അന്നാലിനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യം നൽകി.

പ്രമേഹ രോഗത്തിൽ നിന്നും അമൽരാജ്, പീറ്റർ എന്നിവർ പൂർണ്ണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ ശസ്ത്രക്രീയ ചെയ്ത സേഖർ പൂർണ്ണ ആരോഗ്യം വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഹിൽദ, വിക്ടോറിയ, ശേഖർ, കണ്ണെയ്യ എന്നിവരും കരൾ സംബന്ധമായ രോഗത്താൽ വലയുന്ന വനിതയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവി - പ്രഭു, വാർത്തിക - ഫെർണാണ്ടസ്, ശാന്തി എന്നീ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ നിന്നു ദൈവം അവർക്കു വിടുതലും സമാധാനവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE :** **Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR:** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, TC 25/654,
..................................Menathottathil House, Opp. Josco Jewellery, Pattom P.O,
..................................Trivandrum - 695 004. Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East:** **Mr. L. Sathyadas,** Hon. Pro. secretary, FMPB, “Bethanya,
................................ Parakudivila, Cheruvarakonam P O, Parassala Via - 695 502
................................ Mob.93880 38920

**Neyyattinkara West:** **Mr. N.Selvakumar,** Hon. Prom. Sec., Mob.94460 90636

**Tiruvanathapuram:** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION :** **Rev. Thomas Mathew,** Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam :** .............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :** **Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :** ....... **Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha**............ **Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:**....... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

# കുവൈറ്റിൽ FMPB യുടെ ദൗത്യവും ദർശനവും








ഈ വർഷം ജനുവരി 14 മുതൽ ഫെബ്രുവരി 2 വരെ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ മിഷനറിമാരായ റവ. ഡേവിഡ് പി, റവ. എസ് ഇമ്മാനുവേൽ രജ്ജിത് സിങ് എന്നിവർ കുവൈറ്റിലുള്ള നമ്മുടെ പ്രാർത്ഥന സഹകാരികളുമായുള്ള കൂട്ടായ്മക്കായി കടന്നു പോയി.

ജനുവരി 14 ന് കൂവൈറ്റിലുള്ള FMPB യുടെ പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ചയോടു കൂടെ ആരംഭിച്ച ശുശ്രൂഷ ഫെബ്രുവരി ഒന്നാം തീയതി വരെ തുടർന്നു. ഈ കാലയളവിൽ 27 സഭകളിൽ വചന ശുശ്രൂഷ നടത്തി. വിവിധ ജാതിക്കൂട്ടങ്ങളുടെ മധ്യെ നാം ചെയ്യുന്ന ശുശ്രൂഷയെ വിവരിക്കുന്ന ഹൃസ്വ ചിത്രം പ്രദർശിപ്പിച്ചു. തുടർന്നു ദൗത്യ നിർവഹണത്തിന്റെ പ്രാധാന്യതക്കു ഊന്നൽ നൽകുന്ന സന്ദേശം നൽകി. ദൈവാത്മാവിന്റെ വഴിനടത്തൽ എല്ലാ മേഖലയിലും ഞങ്ങൾ അനുഭവിച്ചു.

ഈ നാളുകളിൽ 18 ഭവനങ്ങൾ മിഷനറിമാരോടു കൂടെ സന്ദർശിച്ചു. ഇതു കൂടാതെ കൗമാരക്കാർക്കായി രണ്ടു യോഗവും യുവജനങ്ങൾക്കായി ഒരു യോഗവും FMPB സഹകാരികളുടെ കുടുംബ സംഗമവും സംഘടിപ്പിച്ചു.

കുവൈറ്റിലുള്ള എല്ലാ നേതാക്കന്മാരുടെയും സഹകാരികളുടെയും ഹൃദയ പൂർവ്വമായ സഹകരണം ലഭിച്ചു എന്നത് പ്രസ്താവ്യമത്രെ.

**ഈ മീറ്റിംഗുകളിൽ എടുത്ത തീരുമാനങ്ങളും സമർപ്പണങ്ങളും**

● ഈ പ്രദേശത്തു FMPB യുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു പ്രവർത്തിക്കുന്നതിനു ഏഴു നേതാക്കന്മാരെ ലഭിച്ചു. ● 11 കുടുംബം മിഷനറിമാരെ സ്പോൺസർ ചെയ്യുവാൻ മുന്നോട്ടു വന്നു. ● 26 കുടുംബങ്ങൾ കുട്ടികളുടെ സന്ധാരണം എറ്റെടുക്കുവാൻ തയ്യറായി. ● 11 കുടുംബങ്ങൾ ദൈവാലയ നിർമ്മാണ പദ്ധതിയെ സഹായിക്കുവാൻ തിരുമാനിച്ചു. ● 3 കുടുംബങ്ങൾ ചേർന്നു ഒരു ദൈവാലയം പണിയുവാൻ തയ്യാറായി.

ഇതിനു പുറമെ അനേക സഭകളും കുടുംബങ്ങളും വ്യക്തികളും സന്തോഷത്തോടെ FMPB യുടെ പ്രവർത്തനത്തിനു സംഭാവനകൾ നൽകി. എല്ലാ മഹത്വവും കർത്താവിനു മാത്രം.

**ശ്രീ. ജോൺസൺ ജോർജ്ജ്,**
ഹോണററി മൊബലൈസേഷൻ സെക്രട്ടറി, കുവൈറ്റ്



# 1000

## മണിക്കൂർ ചങ്ങല പ്രാർത്ഥന

**2026 ഫെബ്രുവരി 18 മുതൽ ഏപ്രിൽ 2**

**2026 ലെ നോമ്പ് നാളുകളിൽ നമ്മുടെ രാജ്യത്തിന്റെ സൗഖ്യത്തിനും സഭകളുടെ ഉണർവ്വിനും ദൈവീക ശുശ്രൂഷകളുടെയും മിഷനറിമാരുടെയും അനുഗ്രഹത്തിനുമായി ദൈവമക്കളായ നമുക്ക് ദൈവീക പാദപീഠത്തിങ്കൽ ഇരുന്നു പ്രാർത്ഥിക്കാം!**

### *പ്രാർത്ഥന രീതികൾ*

**24 മണിക്കൂർ ചങ്ങല പ്രാർത്ഥന (24 വ്യക്തികൾ ഓരോ ദിവസവും ഒരു മണിക്കൂർ വീതം)**

പ്രാർത്ഥനക്കൂട്ടങ്ങളിൽ, സഭകളിൽ, മൊബിലൈസേഷൻ മേഖലകളിൽ, മിഷൻ വയലുകളിൽ

**12 മണിക്കൂർ ഉപവാസ പ്രാർത്ഥനകൾ**

മൊബിലൈസേഷൻ മേഖലകളിൽ/ മിഷൻ വയലുകളിൽ

**ഒരു ദിവസത്തെ/ രണ്ടു ദിവസത്തെ/ മൂന്നു ദിവസത്തെ പ്രത്യേക ഉപവാസ പ്രാർത്ഥനകൾ**

റിജിനൽ മൊബിലൈസേഷൻ മേഖലകളിൽ / മിഷൻ വയലുകളിലെ റീജിനൽ തലത്തിൽ

**3/6 മണിക്കൂർ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ**

പ്രാർത്ഥനക്കൂട്ടങ്ങളിൽ/സഭകളിൽ/
പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെയും അംഗങ്ങളുടെയും ഭവനങ്ങളിൽ

**വ്യക്തികളായി, കുടുംബമായി, പ്രാർത്ഥനക്കൂട്ടമായി, സഭയായി നമുക്കു ഈ പ്രാർത്ഥന പരമ്പരയിൽ പങ്കാളികളാകാം! നമ്മുടെ ദേശത്തു ദൈവത്തിന്റെ മഹത്വം കാണാം!**


*Contact:*

Prayer Wing, Friends Missionary Prayer Band, 29, High School Road, Ambattur, Chennai-600053
Ph: 044-26574343 / 26574353 Email: Premfmpb@gmail.com / prayer@fmpb.org

Kerala : - FMPB, Vadathur P.O, Kottayam - 686 010.
Mob.9847 799 031 E-mail: abrahamthomas@fmpb.org